TALENT
PSC Academy
a Veranda Enterprise

# DAILY CURRENT AFFAIRS

## STUDY NOTES

JUNE 2K26
01-02



FOR MORE STUDY VIDEOS
/TalentAcademyOnline
SUBSCRIBE NOW

veranda.talentkerala.com

8590 57 5710
8590 57 5712

# DAILY CURRENT AFFAIRS
# STUDY NOTES 1, 2 JUNE 2026

## Kerala

- അടുത്തിടെ എവറസ്റ്റ് ബേസ് ക്യാമ്പിലെത്തിയ ഏറ്റവും പ്രായം കുറഞ്ഞ മലയാളി

  **നിലൻ എ. ശ്രീജിത്ത്**

- കെ.മധു കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ ചെയർമാൻ സ്ഥാനം രാജിവച്ചു
- 2026 സംസ്ഥാന സ്കൂൾ പ്രവേശനോത്സവത്തിന്റെ ഗാനം രചിച്ചത്

  **റഫീഖ് അഹമ്മദ്**

  - സംസ്ഥാനതല ഉദ്ഘാടനം തിരുവനന്തപുരം പട്ടം ഗവ. ഗേൾസ് ഹൈസ്കൂളിൽ മുഖ്യമന്ത്രി വി.ഡി. സതീശൻ നിർവഹിച്ചു
  - സംസ്ഥാനത്താകമാനം വിദ്യാലയങ്ങളിലെ വിദ്യാർത്ഥികൾ സൈബർ സുരക്ഷാ പ്രതിജ്ഞയെടുക്കും.

## National

- ഇന്ത്യയിലെ ഹൈക്കോടതികളിൽ വാദം പൂർത്തിയായ കേസുകളിൽ വിധി പറയാൻ വൈകുന്നത് ഒഴിവാക്കുന്നതിനായി, പരമാവധി 3 മാസത്തിനുള്ളിൽ വിധി പ്രസ്താവിക്കണമെന്ന് ചീഫ് ജസ്റ്റിസ് സൂര്യകാന്തിന്റെ അധ്യക്ഷതയിലുള്ള സുപ്രീംകോടതി ബെഞ്ച് ഉത്തരവിട്ടു.
  - വ്യക്തിസ്വാതന്ത്ര്യവുമായി ബന്ധപ്പെട്ട ജാമ്യഹർജികളിൽ അന്നുതന്നെയോ അല്ലെങ്കിൽ പരമാവധി തൊട്ടടുത്ത ദിവസമോ വിധി പറയണം.
- പൊതുജനങ്ങൾക്ക് പരാതികൾ എളുപ്പത്തിൽ ഫയൽ ചെയ്യുന്നതിനായി കേന്ദ്ര ഭരണപരിഷ്കാര പൊതുപരാതി പരിഹാര വകുപ്പും (DARPG) 'ഭാഷിണി'യും (Bhashini) സംയുക്തമായി അടുത്തിടെ പുറത്തിറക്കിയ എ.ഐ (AI) അധിഷ്ഠിത വോയ്സ് ചാറ്റ്ബോട്ട്

  **സമാധാൻ ദീദി**

  - പൊതുജനങ്ങൾക്ക് അവരുടെ പ്രാദേശിക ഭാഷയിൽ തന്നെ സംസാരിച്ച് സർക്കാരുമായി ബന്ധപ്പെട്ട പരാതികൾ എളുപ്പത്തിൽ രജിസ്റ്റർ ചെയ്യാൻ സഹായിക്കുന്നതിനാണ് ഈ എ.ഐ വോയ്സ് ചാറ്റ് ബോട്ട് വികസിപ്പിച്ചത്.
- അടുത്തിടെ ബബേസിയ രോഗം റിപ്പോർട്ട് ചെയ്യപ്പെട്ട ദേശീയോദ്യാനം

  **ഗിർ ദേശീയോദ്യാനം**

  - രക്തകോശങ്ങളെ ബാധിക്കുന്ന ബബേസിയ എന്ന രോഗം കാരണമാണ് അടുത്തിടെ ഗുജറാത്തിലെ ഗിർ ദേശീയ ഉദ്യാനത്തിൽ സിംഹക്കുട്ടികൾ മരണപ്പെട്ടത് എന്ന് കരുതപ്പെടുന്നു
  - Ticks എന്ന ജീവി വഴിയാണ് പ്രധാനമായും ഈ രോഗം വന്യമൃഗങ്ങളിൽ പകരുന്നത്.
- രാജ്യത്തെ ആദ്യത്തെ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് അധിഷ്ഠിത കെട്ടിടാനുമതി സംവിധാനം ആരംഭിച്ച മുനിസിപ്പൽ കോർപ്പറേഷൻ

  **ബൃഹൻമുംബൈ മുനിസിപ്പൽ കോർപ്പറേഷൻ** (BMC)

  - സിവിറ്റ് ടിൻ എന്നാണ് ഇതിന്റെ പേര്

- ലൈംഗിക ചൂഷണത്തിനായുള്ള മനുഷ്യക്കടത്ത് തടയാനും ഇരകളാക്കപ്പെടുന്നവരുടെ പുനരധിവാസത്തിനും സുപ്രീംകോടതി മാർഗരേഖ പുറത്തിറക്കി
  - 2004-ൽ 'പ്രജ്വല' സുപ്രീം കോടതിയിൽ സമർപ്പിച്ച ഹർജിയിലാണ് അതിജീവിതകൾക്ക് അനുകൂലമായ ചരിത്രവിധി വന്നിരിക്കുന്നത്.
  - മനുഷ്യക്കടത്തിനും ലൈംഗിക ചൂഷണത്തിനുമെതിരെ പ്രവർത്തിക്കുന്ന ഹൈദരാബാദ് ആസ്ഥാനമായുള്ള സന്നദ്ധ സംഘടനയാണ് പ്രജ്വല
  - പ്രമുഖ സാമൂഹിക പ്രവർത്തകയും പത്മശ്രീ (2016) ജേതാവുമായ സുനിതാ കൃഷ്ണ പ്രജ്വലയുടെ സ്ഥാപകരിലൊരാളാണ്.
  - 2026-ൽ സുനിത കൃഷ്ണയ്ക്ക് എം.പി വീരേന്ദ്ര കുമാർ നാഷണൽ തോട്ട് ലീഡർഷിപ്പ് അവാർഡ് ലഭിച്ചു
- കാവേരി നദിയിൽ മേക്കേദാട്ടു അണക്കെട്ട് നിർമിക്കാനുള്ള കർണാടക സർക്കാരിന്റെ നീക്കം തടയണമെന്നാവശ്യപ്പെട്ട് തമിഴ്നാട് സർക്കാർ ദേശീയ ഹരിത ട്രിബ്യൂണലിനെ സമീപിച്ചു.

## Sports

**2026 ഇന്ത്യൻ പ്രീമിയർ ലീഗ് ( 19th എഡിഷൻ)**

- ജേതാക്കൾ **- റോയൽ ചലഞ്ചേഴ്സ് ബംഗളൂരു** (ബംഗളൂരുവിന്റെ രണ്ടാം കിരീടം)
  - 2025 ലും ബംഗളൂരു ജേതാക്കളായിരുന്നു ഇതോടെ ചെന്നൈ സൂപ്പർ കിങ്സിനും മുംബൈ ഇന്ത്യൻസിനും ശേഷം തുടർച്ചയായി രണ്ട് കിരീടങ്ങൾ നേടിയ ടീമായി
  - ക്യാപ്റ്റൻ **- രജത് പടിദാർ**
- റണ്ണറപ്പ് **- ഗുജറാത്ത് ടൈറ്റൻസ്** (ഗുജറാത്ത് ഫൈനലിലെത്തുന്നത് 3-ാമത് തവണ )
  - ക്യാപ്റ്റൻ **- ശുഭമാൻ ഗിൽ**
- ഫൈനലിന്റെ വേദി **- നരേന്ദ്രമോദി സ്റ്റേഡിയം അഹമ്മദാബാദ്**
- ഫൈനലിലെ താരം **- വിരാട് കോലി** (റോയൽ ചലഞ്ചേഴ്സ് ബംഗളൂരു)
- ടൂർണമെന്റിലെ താരം **- വൈഭവ് സൂര്യവംശി** ( രാജസ്ഥാൻ റോയൽസ്)
- ഓറഞ്ച് ക്യാപ്പ് (കൂടുതൽ റൺസ്) **- വൈഭവ് സൂര്യവംശി** (രാജസ്ഥാൻ റോയൽസ്)
- പർപ്പിൾ ക്യാപ്പ് (കൂടുതൽ വിക്കറ്റ്) **- കാഗിസോ റബാഡ** (ഗുജറാത്ത് ടൈറ്റൻസ്)
- ഫെയർ പ്ലേ അവാർഡ് **- പഞ്ചാബ് കിങ്സ്**
- എമർജിംഗ് പ്ലെയർ **- വൈഭവ് സൂര്യവംശി** (രാജസ്ഥാൻ റോയൽസ്)
  - ഒരേ സീസണിൽ ടൂർണമെന്റിലെ താരം, എമേർജിംഗ് പ്ലെയർ അവാർഡുകൾ നേടിയ ആദ്യ കളിക്കാരനാണ് സൂര്യവംശി
  - ഇതിനു പുറമെ ഏറ്റവും കൂടുതൽ സിക്സറുകൾ, സൂപ്പർ സ്ട്രൈക്കർ തുടങ്ങിയ നേട്ടങ്ങളും സൂര്യവംശി സ്വന്തമാക്കി
  - ടൂർണമെന്റിലെ താരം, ഓറഞ്ച് ക്യാപ്പ് എന്നിവ നേടിയ ഏറ്റവും പ്രായം കുറഞ്ഞ താരവും സൂര്യവംശിയാണ്

- ഏറ്റവും കൂടുതൽ ഫോറുകൾ നേടിയത് **- സായി സുദർശൻ** (ഗുജറാത്ത് ടൈറ്റൻസ്)
- ആകെ ടീമുകൾ **- 10**
- ആകെ മത്സരങ്ങൾ **- 74**
- ടൈറ്റിൽ സ്പോൺസർ - ടാറ്റ ഗ്രൂപ്പ്

## ഗ്രീൻ ഡോട്ട്ബോൾ

- 2025 ഐ.പി.എല്ലിൽ ബി.സി.സി.ഐ.യും ടാറ്റാ ഗ്രൂപ്പും സംയുക്തമായി നടപ്പാക്കിയതാണ് ഗ്രീൻ ഡോട്ട്ബോൾ.
- എറിയുന്ന ഓരോ ഡോട്ട് ബോളിനും 500 മരങ്ങൾ നട്ടു പിടിപ്പിക്കുക എന്നതായിരുന്നു ഇതിന്റെ ഉദ്ദേശം.
- പരിസ്ഥിതി സുസ്ഥിരത പ്രോത്സാഹിപ്പിക്കാനും കാലാവസ്ഥാ പ്രവർത്തനങ്ങളെക്കുറിച്ചുള്ള അവബോധം വളർത്താനും ഇത് ലക്ഷ്യമിടുന്നു.
- 2026 IPL ൽ ഏറ്റവും കൂടുതൽ ഡോട്ട് ബോൾ എറിഞ്ഞത് **- മുഹമ്മദ് സിറാജ്** (ഗുജറാത്ത് ടൈറ്റൻസ്)

## IPL -റെക്കോർഡുകൾ (2026 വരെയുള്ള കണക്ക്)

- കൂടുതൽ റൺസ് - **വിരാട് കോലി**
- കൂടുതൽ വിക്കറ്റ് - **യുസ്‌വേന്ദ്ര ചഹൽ**
- കൂടുതൽ ഫോർ - **വിരാട് കോലി**
- കൂടുതൽ സെഞ്ചുറി - **വിരാട് കോലി**
- കൂടുതൽ സിക്സറുകൾ - **ക്രിസ് ഗെയ്ൽ**
- കൂടുതൽ അർദ്ധ സെഞ്ചുറികൾ **- വിരാട് കോലി**

## 2026 IPL ലെ മലയാളികൾ

**സഞ്ജു സാംസൺ** (ചെന്നൈ സൂപ്പർ കിങ്സ്), **വിഘ്നേഷ് പുത്തൂർ** (രാജസ്ഥാൻ റോയൽസ്), **വിഷ്ണു വിനോദ്** (പഞ്ചാബ് കിംഗ്സ്)

- 2026-ൽ UEFA ചാമ്പ്യൻസ് ലീഗ് കിരീടം നേടിയത്

  **PSG**

- 2026-ൽ സിംഗപ്പൂർ ഓപ്പൺ ബാഡ്മിന്റണിൽ പുരുഷ ഡബിൾസ് കിരീടം നേടിയത്

  **സാത്വിക് സായ്‌രാജ് രെങ്കിറെഡ്ഡി, ചിരാഗ് ഷെട്ടി**

  - ആദ്യമായി ഒരു ഇന്ത്യൻ സഖ്യം ഈ നേട്ടം സ്വന്തമാക്കി

- 2026-ൽ കേരളം പ്രീമിയർ ലീഗ് ജേതാക്കളായത്

  **ഗോകുലം കേരള എഫ്.സി**

  - ഫൈനലിൽ കാലിക്കറ്റ് എഫ്.സിയെ പരാജയപ്പെടുത്തി

## Demise

- അടുത്തിടെ അന്തരിച്ച മുൻ കേരള പൊതുമരാമത്ത് വകുപ്പ് മന്ത്രി

  **ടി.യു.കുരുവിള**

  - 2006-ലെ വി.എസ്. അച്യുതാനന്ദൻ മന്ത്രിസഭയിലാണ് അദ്ദേഹം പൊതുമരാമത്ത് വകുപ്പ് മന്ത്രിയായി സേവനമനുഷ്ഠിച്ചത്.

**Today's MCQ**

1. 2026 മെയിൽ സംസ്ഥാനത്തെ മുഖ്യതിരഞ്ഞെടുപ്പ് ഓഫീസറായി നിയമിതനായത്

   a) കെ.ജി. സനിൽകുമാർ  b) എ. ഷാജഹാൻ

   c) വി. ഹരിനായർ  d) എ. കൗശിഗൻ

2. വിദ്യാഭ്യാസ സ്ഥാപനങ്ങളെയും പൊതുവിടങ്ങളെയും കൂടുതൽ സ്ത്രീസൗഹൃദമാക്കുക എന്ന ലക്ഷ്യത്തോടെ 'പ്രോജക്ട് മെൻസ്ട്രൽ ഡിഗ്നിറ്റി' പ്രഖ്യാപിച്ച സംസ്ഥാനം

   a) കർണാടക  b) തെലങ്കാന

   c) കേരളം  d) മഹാരാഷ്ട്ര

**Ans : 1. (d), 2. (c)**

TALENT PSC Academy a Veranda Enterprise

TALENT
PSC Academy
a Veranda Enterprise

# DAILY CURRENT AFFAIRS

## STUDY NOTES

JUNE 2K26
03




FOR MORE STUDY VIDEOS
/TalentAcademyOnline
SUBSCRIBE NOW

veranda.talentkerala.com
8590 57 5710
8590 57 5712

# DAILY CURRENT AFFAIRS STUDY NOTES 03 JUNE 2026

## Appointment

◆ 2026 മെയിൽ ഇന്ത്യയുടെ മൂന്നാമത്തെ ചീഫ് ഓഫ് ഡിഫൻസ് സ്റ്റാഫായി ചുമതലയേറ്റത്

**ജനറൽ എൻ.എസ്. രാജ സുബ്രഹ്മണി**

- പ്രതിരോധമന്ത്രാലയത്തിന് കീഴിലെ സൈനികകാര്യ വകുപ്പ് സെക്രട്ടറി സ്ഥാനവും അദ്ദേഹം വഹിക്കും
- മൂന്നര വർഷത്തെ സേവനത്തിനു ശേഷം വിരമിച്ച ജനറൽ അനിൽ ചൗഹാന്റെ പിൻഗാമിയായി ജനറൽ എൻ.എസ്. രാജ സുബ്രഹ്മണി ചീഫ് ഓഫ് ഡിഫൻസ് സ്റ്റാഫ് (സി.ഡി.എസ്) ആയി ഔദ്യോഗികമായി ചുമതലയേറ്റു
- ആദ്യത്തെ സി.ഡി.എസ് - **ജനറൽ ബിപിൻ റാവത്ത്**

◆ അടുത്തിടെ ആൻഡമാൻ & നിക്കോബാർ കമാൻഡിന്റെ കമാൻഡർ ഇൻ ചീഫായി ചുമതലയേറ്റത്

**വൈസ് അഡ്മിറൽ വിനീത് മക്കാർത്തി**

- ആൻഡമാൻ & നിക്കോബാർ കമാൻഡിന്റെ 20-ാമത് കമാൻഡർ ഇൻ ചീഫായിട്ടാണ് ചുമതലയേറ്റത്

◆ ഡിഫെൻസ് റിസർച്ച് ആൻഡ് ഡെവലപ്മെന്റ് വകുപ്പ് സെക്രട്ടറി, ഡി.ആർ.ഡി.ഒ.യുടെ ചെയർമാൻ എന്നീ സ്ഥാനങ്ങളുടെ അധിക ചുമതല പ്രതിരോധ സെക്രട്ടറി രാജേഷ് കുമാർ സിങ്ങിന് നൽകി.

- നിലവിലെ ഡി.ആർ.ഡി.ഒ. മേധാവി സമീർ വി കാമത്ത് വിരമിക്കുന്നതിനാലാണ് നിയമനം

## Award

◆ ഉള്ളൂർ മെമ്മോറിയൽ ലൈബ്രറി ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഏർപ്പെടുത്തുന്ന 2025-ലെ ഉള്ളൂർ അവാർഡിന് അർഹനായത്

**പി.പി. ശ്രീധരനുണ്ണി**

- 'യക്ഷികളുടെ പരിണാമം' എന്ന രചനയിലൂടെയാണ് അവാർഡ് ലഭിക്കുന്നത്
- 25000 രൂപയും പ്രശസ്തിപത്രവും ശില്പവുമടങ്ങിയതാണ് അവാർഡ്.

## National

◆ ഇന്ത്യയും ഒമാനും തമ്മിലുള്ള സമഗ്ര സാമ്പത്തിക പങ്കാളിത്ത കരാർ പ്രാബല്യത്തിൽ വന്നത്

**2026 ജൂൺ 1**

◆ ജലമേഖലയിലെ സ്റ്റാർട്ടപ്പുകളെ പിന്തുണയ്ക്കുന്നതിനായി അനുസന്ധൻ നാഷണൽ റിസർച്ച് ഫൗണ്ടേഷനും ജലശക്തി മന്ത്രാലയവും സംയുക്തമായി ആരംഭിച്ച പദ്ധതി

**മഹാ ജല മിഷൻ**

- തിരഞ്ഞെടുത്ത മൾട്ടി ഡിസിപ്ലിനറി കൺസോർഷ്യങ്ങൾക്ക് 20 കോടി രൂപ വരെ നൽകുന്നതാണ് ഈ പദ്ധതി

◆ ഇന്ത്യയിലെ ആദ്യത്തെ ഡോറിസ് ബീക്കൺ സ്ഥാപിതമായത്

**ഐ.ഐ.ടി. കാൺപൂർ**

- DORIS – **Doppler Orbitography and Radiopositioning Integrated by Satellite**

## International

- അടുത്തിടെ പദ്മ ബാരേജ് പദ്ധതിക്ക് ഔദ്യോഗികമായി അംഗീകാരം നൽകിയ രാജ്യം

  **ബംഗ്ലാദേശ്**

  - ബംഗ്ലാദേശിലൂടെ ഒഴുകുന്ന ഗംഗാ നദിയുടെ ഭാഗമായ പദ്മ നദിയിൽ രാജ്ബാരി ജില്ലയിൽ നിലവിൽ വരുന്ന വൻകിട നദീതട പദ്ധതിയാണ് പദ്മ ബാരേജ്
  - 2.1 കിലോമീറ്റർ നീളമുള്ള ഈ തടയണയിൽ 78 സ്പിൽവേ ഗേറ്റുകൾ, അണ്ടർ സ്ലൂയിസുകൾ, നാവിഗേഷൻ ലോക്കുകൾ, ഫിഷ് പാസേജുകൾ, അനുബന്ധ അണക്കെട്ടുകൾ എന്നിവ ഉണ്ടായിരിക്കും.
  - ഇന്ത്യയിലെ ഫറാക്ക ബാരേജ് കാരണം ഗംഗയിലെ ജലപ്രവാഹം കുറഞ്ഞിരുന്നു. ഇതിനെത്തുടർന്ന് ബംഗ്ലാദേശിന്റെ തെക്ക് പടിഞ്ഞാറൻ മേഖലകളിൽ അനുഭവപ്പെടുന്ന ജലക്ഷാമം പരിഹരിക്കാനാണ് പദ്ധതി തയ്യാറാക്കുന്നത്.

- 2026 ലോക ക്ഷീരദിനത്തിന്റെ പ്രമേയം

  **Celebrating Women Farmers**

  - ലോക ക്ഷീരദിനം - **ജൂൺ 1**

- അടുത്തിടെ 16 വയസ്സിന് താഴെയുള്ള കുട്ടികളുടെ സോഷ്യൽ മീഡിയ അക്കൗണ്ടുകൾക്ക് വിലക്ക് ഏർപ്പെടുത്തിയ രാജ്യം

  **മലേഷ്യ**

  - സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകൾ പ്രായപരിശോധനാ സംവിധാനങ്ങൾ നടപ്പിലാക്കണമെന്നും 16 വയസ്സിന് താഴെയുള്ള ഉപയോക്താക്കളെ അക്കൗണ്ടുകൾ സൃഷ്ടിക്കുന്നതിൽ നിന്ന് തടയണമെന്നും നിയമങ്ങളിൽ പറയുന്നു.

- ദി ഗാർഡിയൻ പത്രം പുറത്തുവിട്ട 'എക്കാലത്തെയും മികച്ച 100 നോവലുകൾ' ലിസ്റ്റിൽ ഒന്നാമതുള്ള പുസ്തകം

  **Middlemarch** (ജോർജ്ജ് എലിയറ്റ്)

  - രണ്ടാമതുള്ളത് - **Beloved** (ടോണി മോറിസൺ)
  - **അരുന്ധതി റോയ്** (ദി ഗോഡ് ഓഫ് സ്മാൾ തിങ്ങ്സ്), **സൽമാൻ റുഷ്ദി** (മിഡ്നൈറ്റ്സ് ചിൽഡ്രൻ) എന്നിവരുടെ രചനകളും ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ട്.

## Demise

- 2026-ൽ അന്തരിച്ച പ്രശസ്ത പിന്നണി ഗായിക

  **സുമൻ കല്യാൺപൂർ**

  - 2023-ൽ പദ്മഭൂഷൺ ലഭിച്ചു

## Today's MCQ

1. 2026 സംസ്ഥാന സ്കൂൾ പ്രവേശനോത്സവത്തിന്റെ ഗാനം രചിച്ചത്

   a) കുരീപ്പുഴ ശ്രീകുമാർ  b) കെ. സച്ചിദാനന്ദൻ

   c) മുരുകൻ കാട്ടാക്കട  d) റഫീഖ് അഹമ്മദ്

2. പൊതുജനങ്ങൾക്ക് പരാതികൾ എളുപ്പത്തിൽ ഫയൽ ചെയ്യുന്നതിനായി കേന്ദ്ര ഭരണപരിഷ്കാര പൊതുപരാതി പരിഹാര വകുപ്പും 'ഭാഷിണി'യും സംയുക്തമായി അടുത്തിടെ പുറത്തിറക്കിയ എ.ഐ അധിഷ്ഠിത വോയ്സ് ചാറ്റ്ബോട്ട്

   a) സമാധാൻ ദീദി  b) ആശ്വാസ് ദീദി

   c) ഭാഷിണി  d) ഭാഷാ ദീദി

**Ans : 1. (d), 2. (a)**

TALENT PSC Academy
a Veranda Enterprise

# DAILY CURRENT AFFAIRS

## STUDY NOTES

JUNE 2K26
04



FOR MORE STUDY VIDEOS
/TalentAcademyOnline
SUBSCRIBE NOW

veranda.talentkerala.com

8590 57 5710
8590 57 5712

# DAILY CURRENT AFFAIRS STUDY NOTES 04 JUNE 2026

## Appointment

- 2026-ൽ കേരള എക്സൈസ് കമ്മീഷണറായി നിയമിതനായത്

  **സീറാം സാംബശിവറാവു**

- 16-ാമത് കേരള നിയമസഭയുടെ ഡെപ്യൂട്ടി സ്പീക്കറായി തിരഞ്ഞെടുക്കപ്പെട്ടത്

  **ഷാനിമോൾ ഉസ്മാൻ**

  - ഷാനിമോൾക്ക് 99 വോട്ടും എതിർ സ്ഥാനാർഥി മുഹമ്മദ് മൊഹ്സിന് 34 വോട്ടുമാണ് ലഭിച്ചത്
  - ആകെ 133 പേർ വോട്ട് രേഖപ്പെടുത്തി
  - NDA അംഗങ്ങൾ, സ്പീക്കർ വോട്ട് രേഖപ്പെടുത്തിയില്ല, 3 MLA മാർ ഹാജരായില്ല
  - അരൂർ നിയോജകമണ്ഡലത്തിൽ നിന്നാണ് ഷാനിമോൾ ഉസ്മാൻ നിയമസഭയിലേക്ക് തിരഞ്ഞെടുക്കപ്പെട്ടത്
  - കേരള നിയമസഭയിലെ നാലാമത്തെ വനിതാ ഡെപ്യൂട്ടി സ്പീക്കറാണ് ഷാനിമോൾ ഉസ്മാൻ

- കർണാടകയുടെ പുതിയ മുഖ്യമന്ത്രി

  **ഡി.കെ. ശിവകുമാർ**

  - ഏറ്റവും പുതിയ റിപ്പോർട്ടുകൾ പ്രകാരം ഇന്ത്യയിലെ ഏറ്റവും സമ്പന്നനായ മുഖ്യമന്ത്രിയായി ഡി.കെ. ശിവകുമാർ മാറി (രണ്ടാം സ്ഥാനത്ത് - **ചന്ദ്രബാബു നായിഡു**, മൂന്നാമത് - **ജോസഫ് വിജയ്**)

- ഹൈക്കോടതി ജഡ്ജിയായി സേവനം അനുഷ്ഠിക്കാതെ അഭിഭാഷകരിൽ നിന്ന് നേരിട്ട് സുപ്രീം കോടതിയിൽ ജഡ്ജിയായി നിയമിതയായ രണ്ടാമത്തെ വനിത

  **വെങ്കിട സുബ്രഹ്മണി മോഹന**

  (ആദ്യത്തേത് 2018-ൽ ഇന്ദു മൽഹോത്ര)

  - സുപ്രീം കോടതിയിൽ സേവനമനുഷ്ഠിക്കുന്ന പന്ത്രണ്ടാമത്തെ വനിതാ ജഡ്ജിയാണ്
  - 2026 ജൂണിൽ പുതിയതായി 5 ജഡ്ജിമാരെ നിയമിച്ചതിനെ തുടർന്നാണ് വെങ്കിട സുബ്രഹ്മണി മോഹന സുപ്രിം കോടതിയിലെത്തിയത്
  - ഈ നിയമനത്തോടെ സുപ്രീം കോടതിയിലെ ഇപ്പോഴത്തെ വനിതാ ജഡ്ജിമാരുടെ എണ്ണം രണ്ടായി. (ജസ്റ്റിസ് ബി.വി. നാഗരത്നയാണ് മറ്റൊരു വനിതാ ജഡ്ജി)
  - സുപ്രീം കോടതിയിലെ ആദ്യത്തെ വനിതാ ജഡ്ജിയായിരുന്നു ജസ്റ്റിസ് എം. ഫാത്തിമ ബീവി
  - സുപ്രീം കോടതി ചീഫ് ജസ്റ്റിസും 4 മുതിർന്ന ജഡ്ജിമാരും അടങ്ങുന്ന കൊളീജിയം നൽകുന്ന ശിപാർശ പ്രകാരം രാഷ്ട്രപതിയാണ് സുപ്രീം കോടതി ജഡ്ജിമാരെ നിയമിക്കുന്നത്.

## National

- അടുത്തിടെ 'വൺ സ്റ്റോപ്പ് മൾട്ടി പർപ്പസ് യൂണിഫൈഡ് കാർഡ്' പുറത്തിറക്കാൻ തീരുമാനിച്ച സംസ്ഥാനം

  **തെലങ്കാന**

  - വിവിധ വകുപ്പുകളിലുടനീളമുള്ള എല്ലാ ക്ഷേമ ആനുകൂല്യങ്ങളുടെയും സർക്കാർ സേവനങ്ങളുടെയും വിശദാംശങ്ങൾ ഈ കാർഡിൽ ഉൾപ്പെടുത്തും
  - തെലങ്കാന മുഖ്യമന്ത്രി - **രേവന്ത് റെഡ്ഡി**

- 2026-ൽ ഇന്ത്യ സന്ദർശിച്ച മ്യാൻമർ പ്രസിഡന്റ്

  **U Min Aung Hlaing**

  - ഇന്ത്യയുടെ സുരക്ഷയ്ക്ക് ഹാനികരമായ പ്രവർത്തനങ്ങൾക്ക് മ്യാൻമറിന്റെ പ്രദേശം ഉപയോഗിക്കില്ല എന്ന് അദ്ദേഹം പ്രസ്താവന നടത്തുകയുണ്ടായി.

- 2025-26 വർഷത്തെ സമുദ്രോൽപന്ന കയറ്റുമതി കണക്കുകൾ പ്രകാരം ഇന്ത്യൻ സമുദ്രോൽപന്നങ്ങളുടെ പ്രധാന ഇറക്കുമതിക്കാർ

  **അമേരിക്ക**

  - രണ്ടാം സ്ഥാനം - **ചൈന**, മൂന്നാമത് - **യൂറോപ്യൻ യൂണിയൻ**
  - ഇന്ത്യയിൽ നിന്ന് കയറ്റുമതി ചെയ്ത സമുദ്ര ഉത്പന്നങ്ങളിൽ ശീതീകരിച്ച ചെമ്മീൻ (Frozen Shrimp) ആണ് ഒന്നാം സ്ഥാനത്ത് (ശീതീകരിച്ച മത്സ്യം, ഉണക്കിയ മത്സ്യം എന്നിവയാണ് രണ്ടും മൂന്നും സ്ഥാനങ്ങളിലുള്ളത്.)
  - 2025-26 സാമ്പത്തിക വർഷത്തിൽ സമുദ്രോത്പന്നങ്ങളുടെ കയറ്റുമതി കൈകാര്യം ചെയ്ത മികച്ച മൂന്ന് തുറമുഖങ്ങൾ വിശാഖപട്ടണം (വിശാഖ്), ജവഹർലാൽ നെഹ്റു പോർട്ട് ട്രസ്റ്റ് (ജെ.എൻ.പി.ടി.), കൊച്ചി എന്നിവയാണ്

## International

- ഫോബ്സ് 30 അണ്ടർ 30 ഏഷ്യ 2026 പട്ടികയിൽ അടുത്തിടെ ഇടംനേടിയ മലയാളി സംരംഭകർ

  **ദേവൻ ചന്ദ്രശേഖരൻ**

  (കാർഷിക ഡ്രോണുകൾ വികസിപ്പിച്ച ഫ്യൂസലേജ് ഇന്നവേഷൻസ് (Fuselage Innovations) സ്ഥാപകൻ)

  **നൗറീൻ ആയിഷ**

  (സ്ത്രീകളുടെ ആരോഗ്യ സംരക്ഷണ ഉൽപ്പന്നങ്ങൾ വിപണിയിലെത്തിക്കുന്ന ഫെമിസേഫ് (Femisafe) സഹ സ്ഥാപക)

  - 2024-ൽ ഫെമിസേഫ് കേരളത്തിൽ നടപ്പിലാക്കിയ 'പാഡ് ഫ്രീ കേരള' ക്യാംപെയിനെക്കുറിച്ചും ഫോബ്സ് പട്ടികയിൽ പരാമർശമുണ്ട്
  - ഇവർ കൂടാതെ മലയാളിയായ അരുന്ധതി മേനോൻ (ബംഗളൂരു ആസ്ഥാനമായ എക്സ്ഫിനിറ്റി വെഞ്ചർ പാർട്ണേഴ്സിന്റെ അസോസിയേറ്റ് വൈസ് പ്രസിഡന്റ് ) ലിസ്റ്റിൽ ഉൾപ്പെട്ടു
  - ചെസ്സ് താരം ദിവ്യ ദേശ്മുഖ് ലിസ്റ്റിൽ ഇടം പിടിച്ചു
  - ദിവാ ഉത്കർഷയും പട്ടികയിൽ ഇടംനേടി (ടൈപ്പ് 1 പ്രമേഹം ബാധിച്ച സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കുടുംബങ്ങൾക്ക് ബോധവൽക്കരണവും സാമ്പത്തിക സഹായവും നൽകാൻ വേണ്ടി പ്രൊജക്റ്റ് സൂര്യ എന്ന സന്നദ്ധ സംഘടനയ്ക്ക് രൂപം നൽകിയത് ദിവാ ഉത്കർഷയാണ് )

## Sports

- 2026 ഫുട്ബോൾ ലോകകപ്പിനുള്ള ഖത്തർ ടീമിൽ ഇടം നേടിയ മലയാളി

  **തഹ്സിൻ മുഹമ്മദ് ജംഷീദ്**

  - ഇതോടെ ലോകകപ്പ് ടീമിൽ ഇടം നേടുന്ന ആദ്യ മലയാളിയായി തഹ്സിൻ മാറി.

- അടുത്തിടെ അഴിമതി ആരോപണങ്ങളെ തുടർന്ന് ICC ക്രിക്കറ്റ് കാനഡയെ സസ്പെൻഡ് ചെയ്യാൻ തീരുമാനിച്ചു.

  - ഭരണപരമായ വീഴ്ചകളും അംഗത്വ ബാധ്യതകൾ ലംഘിച്ചതുമായ പ്രശ്നങ്ങളും ഈ സസ്പെൻഷന് കാരണമാണ്

- 2026 ഏഷ്യൻ അണ്ടർ 20 അത്‌ലറ്റിക്സ് ചാമ്പ്യൻഷിപ്പിൽ ഒന്നാം സ്ഥാനം നേടിയ രാജ്യം

  **ചൈന** (14 സ്വർണമടക്കം ആകെ 25 മെഡലുകൾ)

  - രണ്ടാം സ്ഥാനം - **ഇന്ത്യ** (10 സ്വർണമടക്കം ആകെ 19 മെഡലുകൾ)
  - വേദി - **ഹോങ്കോങ്, ചൈന**

## Today's MCQ

1. അടുത്തിടെ ആൻഡമാൻ & നിക്കോബാർ കമാൻഡിന്റെ കമാൻഡർ ഇൻ ചീഫായി ചുമതലയേറ്റത്

   a) എൻ.എസ്. രാജ സുബ്രഹ്മണി

   b) വിനീത് മക്കാർത്തി

   c) രാജേഷ് കുമാർ സിങ്

   d) അജയ് കൊച്ചാർ

2. ഉള്ളൂർ മെമ്മോറിയൽ ലൈബ്രറി ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഏർപ്പെടുത്തുന്ന 2025-ലെ ഉള്ളൂർ അവാർഡിന് അർഹനായത്

   a) എം. മുകുന്ദൻ  b) ഇ. സന്തോഷ് കുമാർ

   c) പി.പി. ശ്രീധരനുണ്ണി  d) കെ.പി. മോഹൻ കുമാർ

**Ans : 1. (b), 2. (c)**

TALENT
PSC Academy
a Veranda Enterprise

# DAILY CURRENT AFFAIRS

## STUDY NOTES

JUNE 2K26
05



FOR MORE STUDY VIDEOS

/TalentAcademyOnline

SUBSCRIBE NOW

veranda.talentkerala.com

8590 57 5710
8590 57 5712

# DAILY CURRENT AFFAIRS STUDY NOTES 05 JUNE 2026

## Important Days

- ജൂൺ 5 - **ലോക പരിസ്ഥിതി ദിനം**
  - ❖ പരിസ്ഥിതി സംരക്ഷണത്തിനായുള്ള അവബോധവും പ്രവർത്തനവും പ്രോത്സാഹിപ്പിക്കുന്ന ലോക പരിസ്ഥിതി ദിനം എല്ലാ വർഷവും ജൂൺ 5-ന് ആഘോഷിക്കുന്നു.
  - ❖ പരിസ്ഥിതിയെക്കുറിച്ചുള്ള ആദ്യത്തെ ലോക സമ്മേളനമായ 1972 ലെ സ്റ്റോക്ക്ഹോം സമ്മേളനത്തിന്റെ ഓർമ്മയ്ക്കായാണ് ജൂൺ 5 തിരഞ്ഞെടുത്തത്
  - ❖ ആദ്യ പരിസ്ഥി ദിനാഘോഷം 1973ൽ നടന്നു
  - ❖ 2026-ലെ പ്രമേയം - **Inspired by Nature. For Climate. For Our Future**
  - ❖ 2026-ലെ ലോക പരിസ്ഥിതി ദിനത്തിന്റെ ആതിഥേയ രാജ്യം - **അസർബൈജാൻ**

    (2025 - **ദക്ഷിണ കൊറിയ**, 2024 - **സൗദി അറേബ്യ**)

## Appointment

- 2026 ജൂണിൽ കർണാടക മന്ത്രിസഭയിൽ ഉൾപ്പെട്ട മലയാളി മന്ത്രിമാർ

  **കെ. ജെ. ജോർജ്, യു.ടി. ഖാദർ**
  - ❖ കർണാടക മുഖ്യമന്ത്രി - **ഡി.കെ. ശിവകുമാർ**
- സി.ബി.എസ്.ഇ യുടെ (സെൻട്രൽ ബോർഡ് ഓഫ് സെക്കൻഡറി എഡ്യൂക്കേഷൻ) പുതിയ ചെയർമാൻ

  **പ്രശാന്ത് സീതാറാം ലോഖണ്ഡെ**
- ആരവല്ലി മലനിരകളുടെ കൃത്യമായ ഏകീകൃത നിർവചനം നൽകുന്നതിനായി സുപ്രീം കോടതി രൂപം നൽകിയ അഞ്ചംഗ ഉന്നതാധികാര സമിതിയുടെ ചെയർപേഴ്സൺ

  **കാഞ്ചൻ ദേവി** (ഇന്ത്യൻ കൗൺസിൽ ഓഫ് ഫോറസ്ട്രി റിസർച്ച് ആൻഡ് എഡ്യുക്കേഷൻ ഡയറക്ടർ ജനറൽ)
  - ❖ സമിതിയുടെ റിപ്പോർട്ട് വരുന്നത് വരെ ആരവല്ലി മേഖലയിലെ എല്ലാത്തരം ഖനന പ്രവർത്തനങ്ങൾക്കുമുള്ള വിലക്ക് സുപ്രീം കോടതി തുടരുകയാണ്.
  - ❖ മുൻപ് പ്രാദേശിക ഭൂപ്രകൃതിയേക്കാൾ 100 മീറ്ററോ അതിൽ കൂടുതലോ ഉയരമുള്ള പ്രദേശങ്ങളെ മാത്രമേ ആരവല്ലി പരിധിയിൽ പെടുത്തൂ എന്ന കോടതി ഉത്തരവ് വൻ വിവാദമായിരുന്നു.
  - ❖ ഇത് മലനിരകളുടെ 90 ശതമാനം ഭാഗത്തെയും സംരക്ഷണ പരിധിയിൽ നിന്ന് ഒഴിവാക്കുമെന്നും ഖനന മാഫിയകൾക്ക് വഴിയൊരുക്കുമെന്നും പരിസ്ഥിതി പ്രവർത്തകർ ചൂണ്ടിക്കാണിച്ചതിനെ തുടർന്നാണ് ഈ അവ്യക്തതകൾ പരിഹരിക്കാൻ കോടതി പുതിയ സമിതിയെ നിയോഗിച്ചത്.

## Awards

**ന്യൂയോർക്ക് ഇന്ത്യൻ ഫിലിം ഫെസ്റ്റിവൽ 2026**

- ❖ മികച്ച ചിത്രം - **ബക്ഷോ ബോണ്ടി** (ഷാഡോബോക്സ്)
- ❖ മികച്ച സംവിധായിക - **ലക്ഷ്മിപ്രിയ ദേവി** (ബൂംഗ്)
- ❖ മികച്ച നടൻ - **നിഖിൽ യാദവ്** (വിമുക്ത്)
- ❖ മികച്ച നടി - **മീനാക്ഷി ജയൻ** (ചിത്രം - **വിക്ടോറിയ**, സംവിധാനം - **ശിവരഞ്ജിനി**)

## Kerala

- കേരളത്തിൽ പ്രവർത്തിക്കുന്ന ഫ്രണ്ട്സ് ഓഫ് മറൈൻ ലൈഫ് കടൽ സെൻസസ് നടത്തി രജിസ്റ്റർ തയ്യാറാക്കി
    - സമുദ്രദിനത്തോടനുബന്ധിച്ച് (ജൂൺ 8) രജിസ്റ്റർ പുറത്തിറക്കും

## National

- ഇന്ത്യയിലെ ആദ്യത്തെ മോഡൽ ബോർഡർ വില്ലേജ്

  **ചുമുർ** (ലഡാക്ക്)
    - ഇന്ത്യ-ചൈന അതിർത്തിയോട് ചേർന്നുള്ള ഗ്രാമമാണിത്
- കൃഷി, പോഷകാഹാരം, പൊതുജനാരോഗ്യം എന്നിവയെ ശാസ്ത്രീയമായി സംയോജിപ്പിക്കുക എന്ന ലക്ഷ്യത്തോടെ 2026-ൽ കേന്ദ്ര സർക്കാർ ആരംഭിച്ച പദ്ധതി

  **സെഹത് മിഷൻ** (SEHAT - Science Excellence for Health through Agricultural Transformation)
    - കേന്ദ്ര ആരോഗ്യ മന്ത്രി - **ജെ.പി. നദ്ദ,** കേന്ദ്ര കാർഷിക മന്ത്രി - **ശിവരാജ് സിംഗ് ചൗഹാൻ** എന്നിവർ ചേർന്നാണ് 'സെഹത് മിഷൻ' ഉദ്ഘാടനം ചെയ്തത്.
- 2026-ലെ കിംബർലി പ്രോസസ് ഇന്റർസെഷണൽ മീറ്റിങ്ങിന് ആതിഥേയത്വം വഹിച്ച ഇന്ത്യൻ നഗരം

  **മുംബൈ**
    - 2026 ജനുവരി 1 മുതൽ 'കിംബർലി പ്രോസസ്സ്' എന്ന അന്താരാഷ്ട്ര കൂട്ടായ്മയുടെ അധ്യക്ഷ സ്ഥാനം വഹിക്കുന്നത് ഇന്ത്യയാണ്
    - ഇത് മൂന്നാം തവണയാണ് ഇന്ത്യ കിംബർലി പ്രോസസിന്റെ അധ്യക്ഷ പദവിയിൽ എത്തുന്നത്. (മുമ്പ് 2008 ലും 2019 ലും ഇന്ത്യ അധ്യക്ഷത വഹിച്ചിട്ടുണ്ട്).
    - നിയമവിരുദ്ധമായി ഖനനം ചെയ്യുന്നതും, വിമത ഗ്രൂപ്പുകൾ സർക്കാരുകൾക്കെതിരെ യുദ്ധം ചെയ്യാൻ പണം കണ്ടെത്താനായി ഉപയോഗിക്കുന്നതുമായ വജ്രങ്ങളുടെ (Conflict Diamonds അഥവാ 'ബ്ലഡ് ഡയമണ്ട്സ്') വ്യാപാരം തടയുക.
- 'ഇന്ത്യ എ.ഐ ഡാറ്റ ലാബ്' സ്ഥാപിക്കുന്ന ഇന്ത്യയിലെ ആദ്യത്തെ പ്രൈവറ്റ് യൂണിവേഴ്സിറ്റി

  **ചണ്ഡീഗഢ് സർവകലാശാല**
    - ഇന്റൽ ഇന്ത്യയുമായി സഹകരിച്ചാണ് ഇത് സ്ഥാപിച്ചത്
- ജൂൺ 5 ലോക പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് സംസ്ഥാനത്തുടനീളം ഒരു കോടി തൈകൾ വെച്ചുപിടിപ്പിക്കുന്ന പദ്ധതി അസം സർക്കാർ പ്രഖ്യാപിച്ചു
    - വനിതാ സ്വയം സഹായ സംഘ അംഗങ്ങളെ ഉൾപ്പെടുത്തി വലിയ തോതിലുള്ള വനവൽക്കരണ യജ്ഞമാണ് നടക്കുന്നതെന്ന് അധികൃതർ അറിയിച്ചു.

**Today's MCQ**

1. അടുത്തിടെ 'വൺ സ്റ്റോപ്പ് മൾട്ടി പർപ്പസ് യൂണിഫൈഡ് കാർഡ്' പുറത്തിറക്കാൻ തീരുമാനിച്ച സംസ്ഥാനം

   a) തെലങ്കാന   b) കർണാടക

   c) ആന്ധ്രാപ്രദേശ്   d) ഹരിയാന

2. 2025-26 വർഷത്തെ സമുദ്രോൽപന്ന കയറ്റുമതി കണക്കുകൾ പ്രകാരം ഇന്ത്യൻ സമുദ്രോൽപന്നങ്ങളുടെ പ്രധാന ഇറക്കുമതിക്കാർ

   a) ചൈന   b) അമേരിക്ക

   c) യൂറോപ്യൻ യൂണിയൻ   d) ജപ്പാൻ

**Ans : 1. (a), 2. (b)**

TALENT PSC Academy a Veranda Enterprise

TALENT
PSC Academy
a Veranda Enterprise

# DAILY CURRENT AFFAIRS

## STUDY NOTES

JUNE 2K26
06



FOR MORE STUDY VIDEOS
/TalentAcademyOnline
SUBSCRIBE NOW

veranda.talentkerala.com
8590 57 5710
8590 57 5712

# DAILY CURRENT AFFAIRS STUDY NOTES 06 JUNE 2026

## Award

- 2026 ലെ എർത്ത് പ്രൈസ് നേടിയ ഇന്ത്യൻ വിദ്യാർത്ഥികൾ

**വിവാൻ ചാവ്ചാരിയ, അരിയാന അഗർവാൾ, അവയാന മേത്ത**

- പുളിങ്കുരു പൊടി ഉപയോഗിച്ച് മൈക്രോപ്ലാസ്റ്റിക്കുകളെ വെള്ളത്തിൽ നിന്ന് വേർതിരിക്കുന്ന പ്ലാസ്-സ്റ്റിക്ക് എന്നറിയപ്പെടുന്ന സംവിധാനം ഇവർ നിർമിച്ചു.

## Kerala

- വിദ്യാർത്ഥികളെ കാർഷിക മേഖലയിലേക്കും പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളിലേക്കും കൂടുതൽ അടുപ്പിക്കുന്നതിനായി സംസ്ഥാന സർക്കാർ ആരംഭിച്ച പദ്ധതി

**കതിര്**

(കേരള അഗ്രികൾച്ചർ ടെക്നോളജി ഹെറിറ്റേജ് ആൻഡ് ഇന്നൊവേഷൻ ഫോർ റൂറൽ അണ്ടർസ്റ്റാൻഡിംഗ്)

- പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് കൃഷി വകുപ്പ്, പൊതുവിദ്യാഭ്യാസ വകുപ്പിന്റെ സഹകരണത്തോടെ നടപ്പാക്കുന്ന പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം ജൂൺ 5ന് മുഖ്യമന്ത്രി വി.ഡി. സതീശൻ നിർവഹിച്ചു
- ഓണത്തിന് സുരക്ഷിതവും വിഷരഹിതവുമായ പച്ചക്കറികളും പൂക്കളും ലഭ്യമാക്കാൻ ലക്ഷ്യമിടുന്ന **'ഓണത്തിനൊരുക്കാം വിളവിന്റെ വിസ്മയം 2026'** എന്ന സമഗ്ര കാർഷിക യജ്ഞവും മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്തു
- കൃഷി വകുപ്പ് മന്ത്രി - **ടി. സിദ്ദീഖ്**
- വിദ്യാഭ്യാസ മന്ത്രി - **എൻ. ഷംസുദ്ദീൻ**

- കെ-സ്മാർട്ട്, സമ്പൂർണ ഡിജിറ്റൽ സാക്ഷരതയ്ക്കുള്ള ഡിജികേരളം, രോഗീപരിചരണത്തിനുള്ള പാലിയേറ്റീവ് കെയർ എന്നിവയ്ക്ക് കേന്ദ്രത്തിന്റെ അംഗീകാരം.
  - പഞ്ചായത്തീരാജ് സ്ഥാപനങ്ങളെ ശക്തിപ്പെടുത്താൻ സംസ്ഥാനങ്ങളിൽനിന്നും കേന്ദ്രഭരണപ്രദേശങ്ങളിൽ നിന്നുമുള്ള മികച്ച പദ്ധതികളുടെ 2026-ലെ സംഗ്രഹത്തിലാണ് ഇവ വിശദീകരിക്കുന്നത്.
  - തദ്ദേശസ്ഥാപനങ്ങളിലെ പൊതുജനസേവനങ്ങൾ സുതാര്യവും കടലാസുരഹിതവുമാക്കുകയും വേഗത്തിൽ ലഭ്യമാക്കുകയുംചെയ്തത് അത്യാധുനിക സാങ്കേതികമുന്നേറ്റമായാണ് കെ-സ്മാർട്ടിനെ വിലയിരുത്തുന്നത്. താഴേത്തട്ടിലുള്ള ഡിജിറ്റൽ ശാക്തീകരണത്തിന്റെ മികച്ച മാതൃകയായാണ് ഡിജി കേരളം അംഗീകരിക്കപ്പെട്ടത്. തദ്ദേശഭരണസ്ഥാപനങ്ങളുടെ വാർഷികപദ്ധതികളിൽ ഉൾപ്പെടുത്തി പാർശ്വവത്കരിക്കപ്പെട്ടവർക്ക് വീട്ടുപടിക്കൽ പരിചരണവും ആശ്വാസവും നൽകുന്നതിൽ പാലിയേറ്റീവ് കെയറിന് ദേശീയമാതൃകയാകാനും കഴിഞ്ഞു.

## National

- 28-ാമത് ഷാങ്ഹായ് അന്താരാഷ്ട്ര ചലച്ചിത്രമേളയിൽ പ്രദർശിപ്പിക്കാൻ ഒരുങ്ങുന്ന അരുന്ധതി റോയ് തിരക്കഥയെഴുതിയ ചലച്ചിത്രം

**In Which Annie Gives It Those Ones**

- 1989-ൽ പുറത്തിറങ്ങിയ സിനിമയാണിത്

- തിരഞ്ഞെടുപ്പിലൂടെ അധികാരത്തിലെത്തി തുടർച്ചയായി ഏറ്റവും കൂടുതൽ കാലം പ്രധാനമന്ത്രി പദത്തിലിരിക്കുന്നതിന്റെ റെക്കോർഡ് നേടുന്നത്

**നരേന്ദ്ര മോദി**

  - 2026 ജൂൺ 10-ന് പ്രധാനമന്ത്രി പദത്തിൽ തുടർച്ചയായി 4399 ദിവസങ്ങൾ മോദി പൂർത്തിയാക്കും.
  - പ്രഥമ പ്രധാനമന്ത്രി ജവാഹർലാൽ നെഹ്റുവിന്റെ റെക്കോർഡാണ് മോദി മറികടക്കുന്നത്.
  - 1947 ഓഗസ്റ്റ് 15-നാണ് നെഹ്റു പ്രധാനമന്ത്രിയായത്.
  - എന്നാൽ, തിരഞ്ഞെടുപ്പിലൂടെ ആദ്യ ലോക്സഭ നിലവിൽവരുന്നത് 1952 ഏപ്രിൽ 17നാണ്. തുടർന്ന് പ്രധാനമന്ത്രിയായി 1952 മേയ് 13ന് ജവാഹർലാൽ നെഹ്റു സത്യപ്രതിജ്ഞ ചെയ്തു.
  - 1964 മേയ് 27ന് നെഹ്റു അന്തരിക്കുന്നതുവരെ തുടർച്ചയായി 4398 ദിവസം അദ്ദേഹം പ്രധാനമന്ത്രിപദം വഹിച്ചു.
  - 2014 മേയ് 26-നാണ് നരേന്ദ്ര മോദി പ്രധാനമന്ത്രിയായത്

- 2026 ജൂണിൽ ഇന്ത്യ സന്ദർശിച്ച വെനിസ്വേലൻ ആക്റ്റിങ് പ്രസിഡന്റ്

**ഡെൽസി റോഡ്രിഗസ്**

## Banking

- 2026 ജൂണിൽ നടന്ന RBI-യുടെ പണനയ കമ്മറ്റി റിപ്പോർട്ട് പ്രകാരമുള്ള റിപ്പോ റേറ്റ്

**5.25%**

  - റിപ്പോ റേറ്റിൽ മാറ്റമില്ല

- മൊത്തവില സൂചികയ്ക്ക് പകരം സർക്കാർ കൊണ്ടുവരുന്ന പുതിയ സംവിധാനം

**ഉൽപ്പാദക വില സൂചിക** (Producer Price Index)

  - മൊത്തവില സൂചികയുടെ (WPI) അടിസ്ഥാന വർഷം 2011-12 ൽ നിന്ന് 2022-23 ആയി പരിഷ്കരിക്കാൻ സർക്കാർ അംഗീകാരം നൽകി
  - വില വർദ്ധനവ് വ്യവസ്ഥകളിൽ WPI-യുടെ വ്യാപകമായ ഉപയോഗം കണക്കിലെടുത്ത്, പുതുക്കിയ പരമ്പര പുറത്തിറക്കിയ തീയതി മുതൽ അഞ്ച് വർഷത്തേക്ക് PPI യ്ക്കൊപ്പം ഈ സൂചിക പുറത്തിറക്കുകയും അതിനുശേഷം നിർത്തലാക്കുകയും ചെയ്യും.
  - WPIയുടെ പുതിയ ശ്രേണിയിൽ ഉൾപ്പെടുത്തിയിട്ടുള്ള ഇനങ്ങളുടെ എണ്ണം 697-ൽ നിന്ന് 957 ആയി വർദ്ധിച്ചു.

## International

- അടുത്തിടെ ആണവ ആയുധങ്ങൾക്കുള്ള ഇന്ധനങ്ങൾ ഉൽപാദിപ്പിക്കുന്നതിനുള്ള പുതിയ പ്ലാന്റ് അനാച്ഛാദനം ചെയ്ത രാജ്യം

**ഉത്തര കൊറിയ**

  - ഉത്തരകൊറിയൻ ഭരണാധികാരി കിം ജോങ് ഉൻ, പുതിയ യുറേനിയം സമ്പുഷ്ടീകരണ പ്ലാന്റ് സന്ദർശിക്കുന്നതിന്റെ ചിത്രം ഔദ്യോഗിക മാധ്യമങ്ങൾ പുറത്തുവിട്ടു.

## Science and Technology

- അടുത്തിടെ സുവോളജിക്കൽ സർവേ ഓഫ് ഇന്ത്യയിലെ ഗവേഷകർ നാഗാലാൻഡിൽ നിന്ന് കണ്ടെത്തിയ പുതിയ ഇനം തവള

**Amolops Kamal**

  - ഗുവാഹത്തിയിലെ ബി ബറൂഹ് കോളേജിലെ സുവോളജി വിഭാഗം മുൻ മേധാവി ഡോ. കമാൽ ചൗധരിയുടെ ബഹുമാനാർത്ഥം അതിന് Amolops Kamal എന്ന് പേരിട്ടു.

## Defence

- അടുത്തിടെ ഇന്ത്യ തദ്ദേശീയമായി നിർമ്മിച്ച് വിജയകരമായി പരീക്ഷിച്ച എയർ ടു സർഫസ് മിസൈൽ

**RudraM-II**

  - ഡി.ആർ.ഡി.ഒ.യും ഇന്ത്യൻ വ്യോമസേനയും ചേർന്ന് തദ്ദേശീയമായി നിർമ്മിച്ച RudraM-II എയർ ടു സർഫസ് മിസൈലിന്റെ പറക്കൽ പരീക്ഷണങ്ങൾ വിജയകരമായി നടത്തി.

## Space

- ഭിന്നശേഷിക്കാരൻ ആയ ആദ്യ ബഹിരാകാശ യാത്രികൻ ആകുന്നത്

**ജോൺ മക്ഫോൾ**

  - അമേരിക്കൻ സ്വകാര്യ ബഹിരാകാശ കമ്പനിയായ വാസ്റ്റ് വികസിപ്പിക്കുന്ന ഹേവൻ വൺ വാണിജ്യ ബഹിരാകാശ നിലയത്തിലേക്ക് ആയിരിക്കും ബ്രിട്ടീഷ് പാരാലിമ്പ്യനായ ജോൺ മക്ഫോളിന്റെ യാത്ര
  - 2008 ലെ ബീജിംഗ് പാരാലിമ്പിക് ഗെയിംസിൽ വെങ്കലം നേടിയിട്ടുണ്ട്.

## Demise

- 2026 ജൂണിൽ അന്തരിച്ച ഫ്രഞ്ച്-ഇറാനിയൻ നോവലിസ്റ്റും ചലച്ചിത്ര സംവിധായികയുമായ വ്യക്തി

**Marjane Satrapi**

  - മർജാന്റെ 'പേഴ്സപോളിസ് ' എന്ന ഗ്രാഫിക് നോവലും അതേ പേരിൽ 2007ൽ അവർ സംവിധാനം ചെയ്ത സിനിമയും ലോകപ്രശസ്തമാണ്
  - മേരി ക്യൂറിയുടെ ജീവിതകഥ പറയുന്ന 'റേഡിയോ ആക്ടീവ്' (2019) എന്ന ചിത്രവും ശ്രദ്ധനേടി

## Today's MCQ

1. 2026-ലെ ലോക പരിസ്ഥിതി ദിനത്തിന്റെ ആതിഥേയ രാജ്യം

   a) ദക്ഷിണ കൊറിയ　　b) സൗദി അറേബ്യ

   c) സ്വീഡൻ　　d) അസർബൈജാൻ

2. ആരവല്ലി മലനിരകളുടെ കൃത്യമായ ഏകീകൃത നിർവചനം നൽകുന്നതിനായി സുപ്രീം കോടതി രൂപം നൽകിയ അഞ്ചംഗ ഉന്നതാധികാര സമിതിയുടെ ചെയർപേഴ്സൺ

   a) വന്ദനശിവ　　b) ഗീത മിത്തൻ

   c) കാഞ്ചൻ ദേവി　　d) നാഗരത്ന

**Ans : 1. (d), 2. (c)**

TALENT
PSC Academy
a Veranda Enterprise

# DAILY CURRENT AFFAIRS

STUDY NOTES

JUNE 2K26
07



FOR MORE STUDY VIDEOS
/TalentAcademyOnline
SUBSCRIBE NOW

veranda.talentkerala.com

8590 57 5710
8590 57 5712

# DAILY CURRENT AFFAIRS STUDY NOTES 07 JUNE 2026

## National

- ഇന്ത്യയുടെ നൂറാമത്തെ റാംസർ സൈറ്റ്

  **ജയ് പ്രകാശ് നാരായൺ പക്ഷിസങ്കേതം**

  - ഉത്തർപ്രദേശിലെ ബല്ലിയ ജില്ലയിലെ ജയ് പ്രകാശ് നാരായൺ പക്ഷിസങ്കേതം (സുർഹ താൽ) രാജ്യത്തിന്റെ നൂറാമത്തെ റാംസർ സൈറ്റായി
  - ഇന്ത്യയിലെ 99-ാമത് റാംസർ സൈറ്റ് - **ശേഖ ഝീൽ പക്ഷി സങ്കേതം** (ഉത്തർപ്രദേശ്)
  - ഇന്ത്യയിൽ ഏറ്റവും കൂടുതൽ റാംസാർ സൈറ്റുകൾ ഉള്ള സംസ്ഥാനം - **തമിഴ്നാട്** (20)
  - രണ്ടാം സ്ഥാനം - **ഉത്തർപ്രദേശ്** (13)
  - ലോകത്ത് ഏറ്റവും കൂടുതൽ റാംസർ സൈറ്റുകൾ യു.കെയിലാണ്. എണ്ണത്തിൽ രണ്ടാം സ്ഥാനത്ത് മെക്സിക്കോയും മൂന്നാമത് ഇന്ത്യയുമാണ്.

- ഇന്ത്യയുടെ ആദ്യത്തെ ഫ്ളെക്സ് ഇന്ധന കാർ പുറത്തിറക്കിയത്

  **മാരുതി സുസുക്കി**

  - E20 മുതൽ E100 വരെയുള്ള എഥനോൾ, പെട്രോൾ എന്നിവയുടെ ഏത് മിശ്രിതത്തിലും പ്രവർത്തിക്കാൻ ഫ്ളെക്സ് ഫ്യൂവൽ കാറിന് കഴിയും.
  - റോഡ് ഗതാഗത, ഹൈവേ മന്ത്രി - **നിതിൻ ഗഡ്കരി**
  - പെട്രോളിയം, പ്രകൃതിവാതക മന്ത്രി - **ഹർദീപ് സിംഗ് പുരി**

- മെച്ചപ്പെട്ട സഹകരണത്തിനും സാങ്കേതിക പങ്കിടലിനും വേണ്ടി ഇന്ത്യയുമായി ചേർന്ന് ക്രിട്ടിക്കൽ മിനറൽസ് ഗ്ലോബൽ സപ്ലൈ ചെയിൻ ഒബ്സർവേറ്ററി ആരംഭിച്ച രാജ്യം

  **യു.കെ**

  - ധാതു ശേഖരം വികസിപ്പിക്കുന്നതിനും നൂതന സാങ്കേതികവിദ്യകൾ കൂടുതൽ സംയോജിപ്പിക്കുന്നതിനും പുതിയ ഉഭയകക്ഷി നിക്ഷേപ അവസരങ്ങൾ തുറക്കുന്നതിനുമായിട്ടാണ് ക്രിട്ടിക്കൽ മിനറൽസ് ഗ്ലോബൽ സപ്ലൈ ചെയിൻ ഒബ്സർവേറ്ററി (GSCO) ആരംഭിച്ചത്

## International

- 2027-2028 കാലയളവിലേക്ക് യുഎൻ സുരക്ഷാ കൗൺസിലിലേക്ക് തിരഞ്ഞെടുക്കപ്പെട്ട രാജ്യങ്ങൾ

  **ഓസ്ട്രിയ, കിർഗിസ്ഥാൻ, പോർച്ചുഗൽ, ട്രിനിഡാഡ് ആൻഡ് ടൊബാഗോ, സിംബാബ്വെ**

  - 2027 ജനുവരി 1 മുതൽ 2028 ഡിസംബർ 31 വരെയുള്ള രണ്ട് വർഷത്തെ കാലാവധിയിലേക്കാണ് അംഗങ്ങളെ തിരഞ്ഞെടുത്തത്.
  - യുഎൻ സുരക്ഷാ കൗൺസിലിൽ 5 സ്ഥിര അംഗങ്ങളും 10 സ്ഥിരമല്ലാത്ത അംഗങ്ങളും ആണ് ഉള്ളത്.
  - യു.എന്നിലെ അഞ്ച് സ്ഥിരാംഗങ്ങൾ - **ചൈന, ഫ്രാൻസ്, റഷ്യ, യു.കെ., യു.എസ്.**

◆ ലോകത്തെ ഏറ്റവും വലിയ ജീവനുള്ള പവിഴപ്പുറ്റ് കോളനികളിലൊന്നായ Potato Patch കണ്ടെത്തപ്പെട്ടത്

**കടമത്ത് ദ്വീപ്**

- ❖ പുറ്റ് ശേഖരത്തിന് ഏകദേശം 700 മുതൽ 1800 വർഷം വരെ പഴക്കമുണ്ടെന്നാണ് കണക്കാക്കുന്നത്.
- ❖ 4,250 ചതുരശ്ര മീറ്റർ വിസ്തൃതിയാണുള്ളത്
- ❖ ലക്ഷദ്വീപിലെ കടമത്ത് ദ്വീപിന് സമീപമാണ് കണ്ടെത്തിയത്.

◆ ഉപയോക്താക്കൾക്കായി ഗൂഗിൾ നൽകുന്ന 'എ.ഐ. ഓവർവ്യൂസ്' ഉൾപ്പെടെയുള്ള നിർമിത ബുദ്ധി സേവനങ്ങൾക്ക് നിയന്ത്രണം ഏർപ്പെടുത്തിയ രാജ്യം

**ബ്രിട്ടൻ**

- ❖ ബ്രിട്ടനിലെ കോംപറ്റീഷൻ ആൻഡ് മാർക്കറ്റ്സ് അതോറിറ്റിയാണ് (CMA) ലോകത്തിലാദ്യമായി ഗൂഗിളിന്റെ ജനറേറ്റീവ് എ.ഐ സേവനങ്ങൾക്ക് പ്രസാധകരുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനായി ഈ രീതിയിലുള്ള നിയന്ത്രണം ഏർപ്പെടുത്തിയത്.

## Science and Technology

◆ അടുത്തിടെ പശ്ചിമഘട്ടത്തിലെ ചെന്തുരുണി വന്യജീവി സങ്കേതത്തിൽ നിന്ന് പാലോട് JNTBGRI -ലെ ഗവേഷകർ കണ്ടെത്തിയ പുതിയ സസ്യം

**Humboldtia nairiana**

- ❖ അഗസ്ത്യമല ബയോസ്ഫിയർ റിസർവിന്റെ ഭാഗമായ ചെന്തുരുണി വന്യജീവി സങ്കേതത്തിൽ നിന്നാണ് ഈ പുതിയ സസ്യത്തെ കണ്ടെത്തിയത്
- ❖ പാലോട് ബൊട്ടാണിക് ഗാർഡൻ മുൻ ഡയറക്ടർ പ്രൊഫ. ജി.എം. നായരോടുള്ള ആദരസൂചകമായാണ് ഈ പേര് നൽകിയിരിക്കുന്നത്.

◆ ബംഗാൾ ഉൾക്കടലിൽ നിന്ന് അടുത്തിടെ കണ്ടെത്തിയ പുതിയ ടാർഡിഗ്രേഡ് ഇനം

**Actinarctus odissi**

- ❖ ഒഡീഷയിലെ മാർക്കണ്ടി തീരപ്രദേശത്തിനടുത്ത് നിന്നാണ് കണ്ടെത്തിയത്
- ❖ ഒഡീഷയുടെ തനത് കലാരൂപമായ ഒഡീസിയിൽ കൈവിരിച്ച് നിൽക്കുന്നപോലുള്ള രൂപമായതിനാലാണ് Actinarctus odissi എന്ന് പേര് നൽകിയത്.
- ❖ ജലകരടി വിഭാഗത്തിൽ പെടുന്ന ജീവിയാണിത്

## Sports

◆ നോർവേ ചെസ് ടൂർണമെന്റിൽ കിരീടം നേടുന്ന ആദ്യ ഇന്ത്യക്കാരൻ

**ആർ. പ്രഗ്നാനന്ദ**

- ❖ ഓസ്‌ലോയിൽ നടന്ന 2026 നോർവേ ചെസ് ടൂർണമെന്റിന്റെ അവസാന റൗണ്ടിൽ ജർമനിയുടെ വിൻസെന്റ് കീമറെ പരാജയപ്പെടുത്തിയാണ് ആർ. പ്രഗ്നാനന്ദ വിജയിച്ചത്.

## Demise

◆ 2026 ജൂണിൽ അന്തരിച്ച മുൻ ലോക്സഭാ സെക്രട്ടറി ജനറലും ഭരണഘടനാ വിദഗ്ദ്ധനുമായ വ്യക്തി

**സുഭാഷ് കശ്യപ്**

**Today's MCQ**

1. വിദ്യാർത്ഥികളെ കാർഷിക മേഖലയിലേക്കും പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളിലേക്കും കൂടുതൽ അടുപ്പിക്കുന്നതിനായി സംസ്ഥാന സർക്കാർ ആരംഭിച്ച പദ്ധതി

   a) നെൽമണി b) കതിര്

   c) കാർഷികം d) കൃഷിപാഠം

2. 2026 ജൂണിൽ ഇന്ത്യ സന്ദർശിച്ച ഡെൽസി റോഡ്രിഗസ് ഏത് രാജ്യത്തിന്റെ ആക്ടിങ് പ്രസിഡന്റാണ് ?

   a) വെനിസ്വേല b) കൊളംബിയ

   c) ക്യൂബ d) മെക്സിക്കോ

**Ans : 1. (b), 2. (a)**

TALENT PSC Academy a Veranda Enterprise

TALENT
PSC Academy
a Veranda Enterprise

# DAILY CURRENT AFFAIRS

## STUDY NOTES

JUNE
08-09



FOR MORE STUDY VIDEOS
/TalentAcademyOnline
SUBSCRIBE NOW

veranda.talentkerala.com
8590 57 5710
8590 57 5712

# DAILY CURRENT AFFAIRS STUDY NOTES 08, 09 JUNE 2026

## Appointment

- 2026 ജൂണിൽ സുപ്രീംകോടതി രജിസ്ട്രാറായി നിയമിതയായ മലയാളി

  **ശാലീന വി. ജി. നായർ**

  - നിലവിൽ പെർമെനന്റ് ലോക് അദാലത്ത് ചെയർപേഴ്സണായി സേവനം അനുഷ്ഠിക്കുകയാണ്
  - നേരത്തേ സുപ്രീംകോടതി ഇ-കമ്മിറ്റി മെമ്പർ ആയിരുന്നു.

## Book and Author

- പപ്പൻ വള്ളിക്കാട് അനുസ്മരണ സമ്മേളനം എന്ന നോവൽ എഴുതിയത്

  **സന്തോഷ് ഇല്ലോളിൽ**

  - മലയാള നാടക ചരിത്രത്തിലെ പ്രധാന വ്യക്തിയാണ് പപ്പൻ വള്ളിക്കാട്.
  - കെ.എസ്.ആർ.ടി.സി. യുടെ വോളിബോൾ ടീമിൽ അംഗമായിരുന്നു. കലയോടുള്ള അഭിനിവേശം കാരണം കെ.എസ്.ആർ.ടി.സി.ലെ ജോലി ഉപേക്ഷിച്ചു.
  - നാടകം, കഥാപ്രസംഗം, കാർട്ടൂൺ എന്നിങ്ങനെ പപ്പൻ വള്ളിക്കാടിന്റെ ലോകം വിശാലമായിരുന്നു.
  - കാട്ടുകടന്നൽ, ആരാന്റെ ഹക്കിൽ ആയിരം കണ്ണ് എന്നീ നാടകങ്ങൾ രചിച്ചു.

## Award

- 2026-ലെ ദേശീയ ഇ-ഗവേണൻസ് അവാർഡുകളിൽ പൗര കേന്ദ്രീകൃത സേവനങ്ങൾ നൽകുന്നതിനായി (സംസ്ഥാന, സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾ) AI യും മറ്റ് നവയുഗ സാങ്കേതികവിദ്യകളും ഉപയോഗിച്ചുള്ള നവീകരണം എന്ന വിഭാഗത്തിൽ ഗോൾഡ് അവാർഡ് നേടിയത്

  **കേരള ഹൈക്കോടതി**

  - കേരള ഹൈക്കോടതിയുടെ ഐടി ഡയറക്ടറേറ്റ് വികസിപ്പിച്ചെടുത്ത നൂതന ഡിജിറ്റൽ പ്ലാറ്റ്ഫോമായ District Court Case Management System (DCMS) നാണ് അവാർഡ് ലഭിച്ചത്.

## Kerala

- ഷിഗല്ല ബാധിച്ച് ആദ്യ മരണം റിപ്പോർട്ട് ചെയ്യപ്പെട്ടത്

  **കോഴിക്കോട്**

  - ഷിഗല്ല (shigella) വിഭാഗത്തിൽപെടുന്ന ബാക്ടീരിയകളാണ് ഷിഗല്ലോസിസ് (shigellosis) രോഗാണുബാധയ്ക്ക് കാരണമാവുന്നത്.
  - മലിനമായ വെള്ളത്തിലൂടെയും ഭക്ഷണത്തിലൂടെയും വ്യക്തിശുചിത്വക്കുറവിലൂടെയുമാണ് ഈ രോഗം പ്രധാനമായും പകരുന്നത്.
  - വയറിളക്കമാണ് ഈ രോഗത്തിന്റെ പ്രധാന ലക്ഷണം. എന്നാൽ ഇത് സാധാരണ വയറിളക്കത്തേക്കാൾ ഗുരുതരമാണ്.
  - രോഗ ലക്ഷണങ്ങൾ ഗുരുതരാവസ്ഥയിലെത്തിയാൽ അഞ്ച് വയസിന് താഴെ രോഗം പിടിപെട്ട കുട്ടികളിലും രോഗപ്രതിരോധ ശേഷി കുറഞ്ഞവരിലും മരണ സാധ്യത കൂടുതലാണ്.

## National

- ഇന്ത്യയിൽ ആദ്യമായി ഒരേസമയം 4 ഹൈക്കോടതികളിൽ വനിതാ ചീഫ് ജസ്റ്റിസുമാർ
  - ജസ്റ്റിസ് മീനാക്ഷി മദൻ റായ് - **പാട്ന ഹൈക്കോടതി**
  - ജസ്റ്റിസ് സുനിത അഗർവാൾ - **ഗുജറാത്ത് ഹൈക്കോടതി**
  - ജസ്റ്റിസ് രേവതി മോഹിതെ ദേരെ - **മേഘാലയ ഹൈക്കോടതി**
  - ജസ്റ്റിസ് ലിസ ഗിൽ - **ആന്ധ്രാപ്രദേശ് ഹൈക്കോടതി**
  - 2018-ൽ 4 സ്ത്രീകൾ ഹൈക്കോടതികളുടെ തലപ്പത്തുണ്ടായിരുന്നെങ്കിലും അവരിൽ ഒരാൾ ആക്ടിംഗ് ചീഫ് ജസ്റ്റിസായിരുന്നു

## International

- 2026 ലെ ലോക ഭക്ഷ്യ സുരക്ഷാ ദിനത്തിന്റെ പ്രമേയം

  **From burden to solutions – safe food everywhere**

- ലോക ഭക്ഷ്യ സുരക്ഷാ ദിനം - **ജൂൺ 7**

## Sports

- ഇന്ത്യൻ സീനിയർ ക്രിക്കറ്റ് ടീമിന്റെ ഭാഗമാകുന്ന ഏറ്റവും പ്രായം കുറഞ്ഞ താരം

  **വൈഭവ് സൂര്യവംശി**

  - പതിനഞ്ചു വയസ്സുകാരൻ വൈഭവ് സൂര്യവംശിയെ ഇന്ത്യൻ സീനിയർ ക്രിക്കറ്റ് ടീമിലേക്ക് തിരഞ്ഞെടുത്തു
  - അയർലൻഡ്, ഇംഗ്ലണ്ട് പര്യടനങ്ങൾക്കും ഏഷ്യൻ ഗെയിംസിനുമുള്ള ഇന്ത്യൻ ടീമിനെ പ്രഖ്യാപിച്ചപ്പോൾ, വൈഭവ് ടീമിലിടം നേടി.
  - 1989-ൽ, 16-ാം വയസ്സിൽ ഇന്ത്യൻ ടീമിന്റെ ഭാഗമായ സച്ചിൻ തെൻഡുൽക്കർ കയ്യടക്കി വച്ചിരുന്ന റെക്കോർഡാണ് വൈഭവ് മറികടന്നത്.
  - 18-ാം വയസ്സിൽ അരങ്ങേറ്റം കുറിച്ച വാഷിങ്ടൻ സുന്ദറിന്റെ പേരിലായിരുന്നു ട്വന്റി 20യിലെ പ്രായം കുറഞ്ഞ ഇന്ത്യൻ താരത്തിന്റെ റെക്കോർഡ്. ഇതും വൈഭവ് മറികടന്നു.

- **ഫ്രഞ്ച് ഓപ്പൺ 2026**
  - പുരുഷ സിംഗിൾസ് - **Alexander Zverev** (ജർമ്മനി)
  - റണ്ണറപ്പ് - **Flavio Cobolli** (ഇറ്റലി)
  - വനിതാ സിംഗിൾസ് - **Mirra Andreeva**
  - റഷ്യക്കാരിയായ മിറയുടെ കരിയറിലെ ആദ്യ ഗ്രാൻഡ്സ്ലാം കിരീടമാണിത്.
  - റണ്ണറപ്പ് - **Maja Chwalińska** (പോളണ്ട്)
  - പുരുഷ ഡബിൾസ് - **Marcel Granollers** (സ്പെയിൻ ) & **Horacio Zeballos** (അർജന്റീന)
  - വനിതാ ഡബിൾസ് - **Katerina Siniakova** (ചെക്ക് റിപ്പബ്ലിക്) & **Taylor Townsend** (യു.എസ്.)
  - മിക്സഡ് ഡബിൾസ് - **Sara Errani** (ഇറ്റലി) & **Andrea Vavassori** (ഇറ്റലി)

- 2026 ഫിഫ ലോകകപ്പിന്റെ ഔദ്യോഗിക പന്ത്

  **ട്രയോണ്ട**

  - ട്രയോണ്ട ഒരു എ.ഐ. സ്മാർട്ട്ബോളാണ്.

- അതിനുള്ളിൽ ഒരു സെൻസറുണ്ട്. പന്തിലെ ആദ്യ ടച്ചു മുതൽ സെക്കൻഡിൽ 500 തവണയെന്ന നിലയിൽ പന്തിൽനിന്ന് ഡേറ്റ നൽകും
- ഓരോ പാസിലും ഓരോ ഷോട്ടിലും പന്തിന്റെ ചലനരീതിയും വേഗവും തിരിച്ചിലുകളുമെല്ലാം ഡേറ്റ കളായിമാറും.
- ഒരു ഷോട്ടിന്റെ പവറും പന്ത് സഞ്ചരിക്കുന്ന ദിശാവ്യതിയാനവുമെല്ലാം ഡിജിറ്റലായിമാറും.
- ലോകകപ്പിലെ ഏറ്റവും പവർഫുൾ ഷോട്ട് ആരുടേതെന്നും കണ്ടെത്താൻ കഴിയും.
- അതിവേഗം തീരുമാനങ്ങളെടുക്കാൻ വീഡിയോ അസിസ്റ്റന്റ് റഫറിയെ (വാർ) സഹായിക്കുക എന്ന ലക്ഷ്യവുമുണ്ട്.
- ഏതു കളിക്കാരനാണ് പന്തിൽ അവസാനമായി തൊട്ടതെന്നും മനസ്സിലാക്കാം.
- തെറ്റായി അനുവദിക്കുന്ന കോർണർ കിക്കുകൾ തിരുത്താനും ഈ സംവിധാനം വഴി വീഡിയോ അസിസ്റ്റന്റ് റഫറിക്ക് സാധിക്കും.

## Demise

- 2026 ജൂണിൽ അന്തരിച്ച പ്രശസ്ത മലയാള ചലച്ചിത്ര നടൻ

**സലിം കുമാർ**

- ജനിച്ചത് - **10 ഒക്ടോബർ 1969**
- അന്തരിച്ചത് - **6 ജൂൺ 2026**
- മുന്നൂറിലധികം സിനിമകളിൽ അഭിനയിച്ചിട്ടുണ്ട്

<u>പ്രധാന പുരസ്കാരങ്ങൾ</u>

- മികച്ച നടനുള്ള ദേശീയ പുരസ്കാരം 2010 (ആദാമിന്റെ മകൻ അബു)
- മികച്ച രണ്ടാമത്തെ നടനുള്ള കേരള സംസ്ഥാന ചലച്ചിത്ര പുരസ്കാരം 2005 (അച്ഛനുറങ്ങാത്ത വീട്)
- 2017-ൽ അദ്ദേഹം സംവിധാനം ചെയ്ത 'കറുത്ത ജൂതൻ' എന്ന ചിത്രത്തിന് മികച്ച കഥയ്ക്കുള്ള കേരള സംസ്ഥാന ചലച്ചിത്ര പുരസ്കാരം ലഭിച്ചു.
- **കറുത്ത ജൂതൻ** (2017), **ദൈവമേ കൈതൊഴാം കെ.കുമാർ ആകണം** (2018) എന്നീ സിനിമകൾ സംവിധാനം ചെയ്തു.

## Today's MCQ

1. ഇന്ത്യയുടെ നൂറാമത്തെ റാംസർ സൈറ്റ്

   a) ശേഖ ഝീൽ പക്ഷി സങ്കേതം

   b) ജയ് പ്രകാശ് നാരായൺ പക്ഷിസങ്കേതം

   c) പാട്ന പക്ഷിസങ്കേതം

   d) പാർവതി ആഗ്ര പക്ഷിസങ്കേതം

2. മെച്ചപ്പെട്ട സഹകരണത്തിനും സാങ്കേതിക പങ്കിടലിനും വേണ്ടി ഇന്ത്യയുമായി ചേർന്ന് ക്രിട്ടിക്കൽ മിനറൽസ് ഗ്ലോബൽ സപ്ലൈ ചെയിൻ ഒബ്സർവേറ്ററി ആരംഭിച്ച രാജ്യം

   a) യു.എസ്. b) റഷ്യ

   c) ചൈന d) യു.കെ

**Ans : 1. (b), 2. (d)**

TALENT
PSC Academy
a Veranda Enterprise

# DAILY CURRENT AFFAIRS

## STUDY NOTES

JUNE 2K26
10



FOR MORE STUDY VIDEOS
/TalentAcademyOnline
SUBSCRIBE NOW

veranda.talentkerala.com

8590 57 5710
8590 57 5712

# DAILY CURRENT AFFAIRS STUDY NOTES 10 JUNE 2026

## Appointment

- 2026-ൽ ലോകബാങ്കിന്റെ എക്സിക്യൂട്ടീവ് ഡയറക്ടറായി നിയമിതനായ ഇന്ത്യക്കാരൻ

  **Neelkanth Mishra**

  - നിലവിലെ ലോകബാങ്ക് പ്രസിഡന്റ് ഇന്ത്യൻ വംശജനായ അജയ് ബംഗയാണ്

- വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ട് ലിമിറ്റഡിന്റെ മാനേജിംഗ് ഡയറക്ടർ

  **ജെറോമിക് ജോർജ്**

  - ദിവ്യ എസ് അയ്യരെ വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ട് ലിമിറ്റഡ് മാനേജിങ് ഡയറക്ടർ, സാംസ്കാരിക വകുപ്പ് ഡയറക്ടർ ചുമതലകളിൽനിന്ന് ഒഴിവാക്കി.

## Kerala

- സഹകരണ സംഘങ്ങളിൽ നിന്ന് വായ്പയെടുത്ത് തിരിച്ചടവ് മുടങ്ങിയവർക്ക് ഒറ്റത്തവണയായി തിരിച്ചടയ്ക്കാൻ സഹായിക്കുന്നതിനായി 2026ൽ ആരംഭിച്ച സംസ്ഥാന പദ്ധതി

  **ആശ്വാസ് 2026**

  - സർക്കാരിന്റെ 100 ദിന കർമ്മപരിപാടിയിൽ ഉൾപ്പെടുത്തി ജൂൺ 1 മുതൽ ആഗസ്റ്റ് 31 വരെയാണ് 'ആശ്വാസ് 2026' നടപ്പിലാക്കുക.
  - സംസ്ഥാന സഹകരണ വകുപ്പ് മന്ത്രി - **എം. ലിജു**

- കേരള കാർഷിക സർവ്വകലാശാല (KAU) അടുത്തിടെ വികസിപ്പിച്ചെടുത്ത പുതിയ പച്ചമുളക് ഇനം

  **കെ.എ.യു. തേജസ്വിനി**

## National

- 2024-ലെ സാമ്പിൾ രജിസ്ട്രേഷൻ സിസ്റ്റം റിപ്പോർട്ട് പ്രകാരം രാജ്യത്തെ ജനന നിരക്ക്

  **18.3**

  - കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന് കീഴിലുള്ള രജിസ്ട്രാർ ജനറൽ ആന്റ് സെൻസസ് കമ്മിഷണർ ഓഫീസാണ് റിപ്പോർട്ട് പുറത്തുവിട്ടത്
  - ജനനനിരക്ക് കൂടുതൽ - **ബീഹാർ** (26.8)
  - കേരളത്തിലെ ജനനനിരക്ക് - **11.1**
  - ഇന്ത്യയിലെ പ്രത്യുൽപ്പാദന നിരക്ക് (Total Fertility rate) - **1.9** (കൂടിയ സംസ്ഥാനം - ബീഹാർ)
  - ഇന്ത്യയിൽ മരണനിരക്ക് കൂടിയത് ഛത്തീസ്ഗഢിലാണ്
  - ഇന്ത്യയിൽ ശിശുമരണ നിരക്ക് ഏറ്റവും കുറവ് കേരളത്തിലാണ്
  - ഇന്ത്യയിലെ പ്രത്യുൽപ്പാദന നിരക്കുറഞ്ഞതിനെ ശതകോടീശ്വരനും വ്യവസായിയുമായ ഇലോൺ മസ്ക് പ്രശംസിച്ചു

◆ ഇന്ത്യയിൽ ആദ്യമായി മണ്ണിൽ പൂർണ്ണമായും ദ്രവിച്ചു ചേരുന്ന പാക്കറ്റുകളിൽ പാൽ വിപണിയിലിറക്കുന്ന സ്ഥാപനം

**മദർ ഡയറി**

## International

◆ 2026 ജൂണിൽ റിക്ടർ സ്കെയിലിൽ 7.8 തീവ്രത രേഖപ്പെടുത്തിയ ഭൂകമ്പം ഉണ്ടായ രാജ്യം

**ഫിലിപ്പൈൻസ്**

- 30-ൽ അധികം മരണങ്ങളും റിപ്പോർട്ട് ചെയ്തു

## Space

◆ 2026ൽ പ്രവർത്തന രഹിതമായതായി നാസ പ്രഖ്യാപിച്ച ചൊവ്വ ദൗത്യം

**MAVEN**

(Mars Atmosphere and Volatile Evolution)

- 2013 നവംബറിലാണ് ഇത് വിക്ഷേപിച്ചത്

◆ അമേരിക്കയിലെ സ്മിത് സോണിയൻ നാഷണൽ എയർ ആൻഡ് സ്പേസ് മ്യൂസിയത്തിൽ ഇന്ത്യയുടെ ചൊവ്വാ ദൗത്യവുമായി ബന്ധപ്പെട്ട് നന്ദിനി ഹരിനാഥിന്റെ സാരി പ്രദർശിപ്പിച്ചിരിക്കുന്നു

- വാഷിംഗ്ടൺ ഡി.സി.യിലാണ് ഈ മ്യൂസിയം സ്ഥിതി ചെയ്യുന്നത്

## Defence

◆ റഷ്യൻ നിർമ്മിത എസ്- 400 ട്രയംഫ് വ്യോമപ്രതിരോധ സംവിധാനത്തിന്റെ നാലാമത്തെ സ്ക്വാഡ്രൺ ഇന്ത്യയിലെത്തി

- സുദർശൻ ചക്ര എന്നാണ് ഇന്ത്യ ഇതിനെ പുനർനാമകരണം ചെയ്തത്
- ഓപ്പറേഷൻ സിന്ദൂറിലും അതിനു പിന്നാലെയുണ്ടായ സൈനിക നടപടികളിലും ഇന്ത്യൻ സൈന്യത്തിന്റെ പ്രധാന പ്രതിരോധ സംവിധാനമായിരുന്നു എസ്-400.
- ഇന്ത്യയും റഷ്യയും തമ്മിലുള്ള കരാറിന്റെ ഭാഗമായി 2018 ഒക്ടോബറിലാണ് എസ്-400 വാങ്ങാൻ ധാരണയായത് .

## Today’s MCQ

1. 2026 ജൂണിൽ സുപ്രീംകോടതി രജിസ്ട്രാറായി നിയമിതയായ മലയാളി

   a) അപർണ അജിത്ത്     b) കാവേരി

   c) ശാലീന വി. ജി. നായർ     d) ആരതി എസ്

2. ഷിഗല്ല ബാധിച്ച് ആദ്യ മരണം റിപ്പോർട്ട് ചെയ്യപ്പെട്ടത്

   a) മലപ്പുറം     b) പാലക്കാട്

   c) കണ്ണൂർ     d) കോഴിക്കോട്

**Ans : 1. (c), 2. (d)**

TALENT
PSC Academy
a Veranda Enterprise

# DAILY CURRENT AFFAIRS

## STUDY NOTES

JUNE 2K26
11




FOR MORE STUDY VIDEOS
/TalentAcademyOnline
SUBSCRIBE NOW

veranda.talentkerala.com
8590 57 5710
8590 57 5712

# DAILY CURRENT AFFAIRS STUDY NOTES 11 JUNE 2026

## Kerala

- മഹാകവി ഇടശ്ശേരിയുടെ കാവ്യജീവിതവും വ്യക്തിജീവിതവും പുതുതലമുറയ്ക്ക് പരിചയപ്പെടുത്തുന്ന 'ഇടശ്ശേരി സ്മൃതിശേഖരം' നാടിനു സമർപ്പിച്ചു.
  - പൊന്നാനിയിലെ ഇടശ്ശേരി സാഹിത്യമന്ദിരത്തിൽ സജ്ജമാക്കിയ സ്മൃതിശേഖരത്തിന്റെ സമർപ്പണ ച്ചടങ്ങ് സാഹിത്യനിരൂപക ഡോ. എം. ലീലാവതി ഓൺലൈനായി ഉദ്ഘാടനം ചെയ്തു.
  - ഇടശ്ശേരിയുടെ പൂർണ്ണ നാമം - **ഇടശ്ശേരി ഗോവിന്ദൻ നായർ** (1906 - 1974)
  - കേരള സാഹിത്യ അക്കാദമി അവാർഡ് (1969 - ഒരു പിടി നെല്ലിക്ക), കേന്ദ്ര സാഹിത്യ അക്കാദമി അവാർഡ് (1969 - കാവിലെ പാട്ട്) എന്നിവ ലഭിച്ചിട്ടുണ്ട്

## National

- ഇന്ത്യയിലെ ലാൻഡ് പോർട്ട് പ്രവർത്തനങ്ങൾ ആധുനികവൽക്കരിക്കുന്നതിനും കാര്യക്ഷമമാക്കുന്ന തിനുമായി ആരംഭിച്ച ലാൻഡ് പോർട്ട് മാനേജ്മെന്റ് സിസ്റ്റം

  **വിനിമയ്**
  - അമിത് ഷാ ഉദ്ഘാടനം ചെയ്തു.
  - ലാന്റ് പോർട്ടുകളെ വ്യാപാരം, സുരക്ഷ, അന്താരാഷ്ട്ര കണക്റ്റിവിറ്റി എന്നിവയുടെ കാര്യക്ഷമമായ കേന്ദ്രങ്ങളാക്കി മാറ്റുക എന്നതാണ് ഈ സംവിധാനം ലക്ഷ്യമിടുന്നത്.
- അടുത്തിടെ യൂറോപ്യൻ യൂണിയനുമായി സഹകരിച്ച് ബ്ലൂവാലി ക്ലസ്റ്റർ ആരംഭിച്ച സംസ്ഥാനം

  **അസം**
  - അസമിലെ ഗുവാഹത്തിയിൽ ബ്ലൂവാലി ക്ലസ്റ്റർ ആരംഭിച്ചു
  - അസം മുഖ്യമന്ത്രി - **ഡോ. ഹിമന്ത ബിശ്വ ശർമ്മ**
- ഇന്ത്യയിലെ എട്ടാമത്തെ പ്രാദേശിക കാലാവസ്ഥാ കേന്ദ്രം ആരംഭിച്ചത്

  **ലഖ്നൗ**
  - 2014-ൽ ഇന്ത്യയിൽ 17 ഡോപ്ലർ വെതർ റഡാറുകൾ മാത്രമേ ഉണ്ടായിരുന്നുള്ളൂ, അതേസമയം ജമ്മു & കശ്മീർ, ഉത്തരാഖണ്ഡ് എന്നിവയുൾപ്പെടെ നിരവധി സംസ്ഥാനങ്ങളിൽ ഒരു റഡാർ പോലും ഉണ്ടായിരുന്നില്ല. ഇപ്പോൾ ഇത് 50 ഡോപ്ലർ വെതർ റഡാറുകളായി വികസിപ്പിച്ചു.
  - ഉത്തർപ്രദേശ് മുഖ്യമന്ത്രി - **യോഗി ആദിത്യനാഥ്**
- ശിവാജി പ്രതിമ സ്ഥാപിക്കാനൊരുങ്ങി ഇസ്രയേൽ
  - മറാത്താ സാമ്രാജ്യത്തിന്റെ സ്ഥാപകനായ ഛത്രപതി ശിവാജി മഹാരാജിന്റെ പ്രതിമ ഇസ്രയേലിൽ സ്ഥാപിക്കാനുള്ള പദ്ധതി പ്രഖ്യാപിച്ച് മുംബൈയിലെ ഇസ്രയേൽ കോൺസുലേറ്റ് ജനറൽ
  - ഇന്ത്യയിലെ ജൂതവിഭാഗമായ ബെനെ ഇസ്രയേലികൾക്ക് മറാത്താ സൈന്യത്തോടും നാവികപ്പടയോടും ഉണ്ടായിരുന്ന ചരിത്രപരമായ ബന്ധത്തെ മുൻനിർത്തിയാണ് പ്രഖ്യാപനം വന്നിരിക്കുന്നത്
  - ഛത്രപതി ശിവാജി മഹാരാജിന്റെ പട്ടാഭിഷേക വാർഷികമായ ശിവരാജ്യാഭിഷേക് ദിനത്തോടനു ബന്ധിച്ചാണ് ഈ പ്രഖ്യാപനം നടത്തിയത്.
  - 1674 ജൂൺ ആറിനായിരുന്നു ശിവാജി മഹാരാജിന്റെ പട്ടാഭിഷേകം നടന്നത്.
  - മഹാരാഷ്ട്ര മുഖ്യമന്ത്രി - **ദേവേന്ദ്ര ഫഡ്നാവിസ്**

- സോജില തുരങ്കം ബന്ധിപ്പിക്കുന്ന പ്രദേശങ്ങൾ

  **ജമ്മു & കശ്മീർ - ലഡാക്ക്**

  - 13.15 കിലോമീറ്റർ നീളമുള്ള ഈ തുരങ്കം, ഏഷ്യയിലെ തന്നെ ഏറ്റവും നീളമേറിയ സിംഗിൾട്യൂബ് റോഡ് തുരങ്കം
  - ലോകത്തിലെ തന്നെ ഏറ്റവും ഉയർന്ന പ്രദേശത്തുള്ള ഏറ്റവും നീളമേറിയ സിംഗിൾട്യൂബ് ബൈഡയറക്ഷണൽ തുരങ്കമാണിത്
  - സർവീസ് റോഡുകളും പാലങ്ങളും മറ്റ് അനുബന്ധ സൗകര്യങ്ങളും സോജില തുരങ്കപാത പദ്ധതിയിൽ ഉൾപ്പെടുന്നു.
  - 'ന്യൂ ഓസ്ട്രിയൻ ടണലിംഗ് മെത്തേഡ്' ഉപയോഗിച്ചാണ് ഹിമാലയത്തിലെ ദുർബലമായ പാറക്കെട്ടുകൾക്കിടയിലൂടെയുള്ള ഈ തുരങ്ക നിർമ്മാണം സാധ്യമാക്കിയത്.

## Space

- ആർട്ടെമിസ് 3 ദൗത്യത്തിനായുള്ള ബഹിരാകാശയാത്രികരുടെ സംഘം

  **റാൻഡി ബ്രെസ്നിക്** (ആർട്ടെമിസ് 3 കമാൻഡർ)

  **ലൂക പർമിറ്റാനോ** (മിഷൻ പൈലറ്റ്)

  **കേണൽ ഫ്രാങ്ക് റൂബിയോ** (മിഷൻ സ്പെഷ്യലിസ്റ്റ്)

  **ആൻഡ്രൂ ഡഗ്ലസ്** (മിഷൻ സ്പെഷ്യലിസ്റ്റ്)

  - ലൂക പർമിറ്റാനോ യൂറോപ്യൻ സ്പേസ് ഏജൻസി ബഹിരാകാശ സഞ്ചാരിയാണ്. മാത്രമല്ല ആദ്യ ഇറ്റാലിയൻ സ്പേസ് സ്റ്റേഷൻ കമാൻഡറും, ഇറ്റാലിയൻ എയർഫോഴ്സ് കേണലുമാണ്.
  - ആൻഡ്രൂ ഡഗ്ലസ് ടെസ്റ്റ് എഞ്ചിനീയറും, കോസ്റ്റ്ഗാർഡ് റിസർവ് കമാൻഡറുമാണ്.
  - ബോബ് ഹെയ്ൻസിനെ ബാക്ക് അപ്പ് ക്രൂ അംഗമായും ഉൾപ്പെടുത്തിയിട്ടുണ്ട്.
  - 2026 ഏപ്രിലിൽ നടന്ന ആർട്ടെമിസ് 2 ദൗത്യത്തിനിടെ ചരിത്രത്തിൽ മറ്റൊരു മനുഷ്യനും സഞ്ചരിച്ചിട്ടില്ലാത്തത്ര ദൂരേയ്ക്ക് ബഹിരാകാശത്ത് യാത്ര ചെയ്ത് 10 ദിവസത്തെ ദൗത്യത്തിനിടയിൽ അവർ ചന്ദ്രന്റെ ഭ്രമണപഥത്തിൽ പ്രവേശിക്കുകയും ചിത്രങ്ങളുൾപ്പടെ ഒട്ടേറെ വിവരങ്ങൾ ശേഖരിക്കുകയും സാങ്കേതിക വിദ്യകൾ പരീക്ഷിക്കുകയും ചെയ്തു.
  - 1972-ലെ അപ്പോളോ 17 ദൗത്യത്തിനുശേഷം ചന്ദ്രനിലേക്ക് യാത്ര ചെയ്യുന്ന ആദ്യ മനുഷ്യരെന്ന നേട്ടവും ഇവർ കൈവരിച്ചു.
  - ചന്ദ്രനിൽ മനുഷ്യരെ എത്തിക്കാനുള്ള ദൗത്യമല്ല ആർട്ടെമിസ് 3. അതിനുപകരം അത് ഭൂമിയെ വലംവെക്കുകയും ഭാവിയിൽ ചന്ദ്രനിലിറങ്ങുന്നതിനായി തയ്യാറാക്കിയ ലാൻഡറുകൾ ഉപയോഗിച്ചുള്ള ഡോക്കിങ് സാങ്കേതികവിദ്യ പരിശീലിക്കുകയും ചെയ്യും.
  - ബഹിരാകാശയാത്രികരെ ചന്ദ്രന്റെ ഉപരിതലത്തിലേക്ക് കൊണ്ടുപോകുന്നതിനുള്ള ലൂണാർ ലാൻഡറുകൾ നിർമിക്കാൻ ഇലോൺ മസ്കിന്റെ ഉടമസ്ഥതയിലുള്ള സ്പേസ് എക്സിനെയും (SpaceX) ജെഫ് ബെസോസിന്റെ ഉടമസ്ഥതയിലുള്ള ബ്ലൂ ഒറിജിനെയും (Blue Origin) ആണ് നാസ ആശ്രയിക്കുന്നത്.
  - ദൗത്യങ്ങൾ വിക്ഷേപിക്കുന്നതിന് മുമ്പ് ഈ വിക്ഷേപണ വാഹനങ്ങളും സാങ്കേതിക വിദ്യകളും മനുഷ്യരെ ഉൾപ്പെടുത്തി പരീക്ഷണപ്പറക്കൽ നടത്തേണ്ടതുണ്ട്. ആ ലക്ഷ്യമാണ് ആർട്ടെമിസ് 3 നിറവേറ്റുക.

- ഇന്ത്യയുടെ ബഹിരാകാശ മനുഷ്യദൗത്യത്തിന് കരുത്തേകുന്ന, തദ്ദേശീയമായി നിർമ്മിച്ച 'ബാഹുബലി' എന്ന കൂറ്റൻ എൽ.വി.എം. 3 റോക്കറ്റിന്റെ നിർമ്മാണവും വിക്ഷേപണവും സ്വകാര്യ മേഖലയ്ക്ക് കൈമാറാൻ ഐ.എസ്.ആർ.ഒ. ഒരുങ്ങുന്നു.
  - എൽ.വി.എം. 3 യുടെ ഉയരം 43.5 മീറ്റർ, ഭാരം 640 ടൺ
  - ജി.എസ്.എൽ.വി. MK III എന്നാണ് ആദ്യം നൽകിയിരുന്ന പേര്
  - ഏറ്റവും ശക്തിയേറിയ റോക്കറ്റായതിനാലാണ് ബാഹുബലി എന്ന വിളിപ്പേര് നൽകിയത്

## Sports

- 2026 മൊണാക്കോ ഗ്രാൻഡ് പ്രീ ഫോർമുല വൺ ജേതാവായത്

  **കിമി അന്റൊനെല്ലി** (ഇറ്റലി)

  - മൊണാക്കോ ഗ്രാൻഡ് പ്രിക്സ് നേടിയ ഏറ്റവും പ്രായം കുറഞ്ഞ വ്യക്തി കിമി അന്റൊനെല്ലിയാണ്

## Demise

- 2026 ജൂണിൽ അന്തരിച്ച കേരളത്തിലെ പ്രശസ്ത ഇ.എൻ.ടി. വിദഗ്ധൻ

  **കെ. ശശികുമാർ**

## Today's MCQ

1. വിഴിഞ്ഞം ഇന്റർനാഷണൽ സീപോർട്ട് ലിമിറ്റഡിന്റെ മാനേജിംഗ് ഡയറക്ടർ

   a) എൻ. പ്രശാന്ത് b) ദിവ്യ എസ്.അയ്യർ

   c) ബി. അശോക് d) ജെറോമിക് ജോർജ്

2. സഹകരണ സംഘങ്ങളിൽ നിന്ന് വായ്പയെടുത്ത് തിരിച്ചടവ് മുടങ്ങിയവർക്ക് ഒറ്റത്തവണയായി തിരിച്ചടയ്ക്കാൻ സഹായിക്കുന്നതിനായി 2026ൽ ആരംഭിച്ച സംസ്ഥാന പദ്ധതി

   a) ആശ്വാസ് 2026 b) സമാശ്വാസം 2026

   c) വിശ്വാസ് 2026 d) കരുതൽ 2026

**Ans : 1. (d), 2. (a)**

TALENT
PSC Academy
a Veranda Enterprise

# DAILY CURRENT AFFAIRS

## STUDY NOTES

JUNE 2K26
12



FOR MORE STUDY VIDEOS
/TalentAcademyOnline
SUBSCRIBE NOW

veranda.talentkerala.com

8590 57 5710
8590 57 5712

# DAILY CURRENT AFFAIRS STUDY NOTES 12 JUNE 2026

## Appointment

- 2026 ജൂണിൽ ബംഗ്ലാദേശ് ക്രിക്കറ്റ് ബോർഡ് പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ടത്

**തമിം ഇക്ബാൽ**

  - ബംഗ്ലാദേശ് ക്രിക്കറ്റ് ബോർഡിന്റെ ഏറ്റവും പ്രായം കുറഞ്ഞ പ്രസിഡന്റാണ്

## Award

- ബംഗളൂരുവിലെ കൈരളി കലാസമിതി സാഹിത്യ പുരസ്കാരത്തിന് 2026-ൽ അർഹയായത്

**സാറാ ജോസഫ്**

  - സമ്മാനത്തുക - **ഒരു ലക്ഷം രൂപ**
  - മലയാള സാഹിത്യ ശാഖയ്ക്ക് നൽകിയ സംഭാവനകൾ പരിഗണിച്ചാണ് പുരസ്കാരം

- **ദേശാഭിമാനി സാഹിത്യ പുരസ്കാരങ്ങൾ 2025**
  - നോവൽ - **പി.വി. ഷാജികുമാർ** (മരണവംശം)
  - കവിത - **പി.എൻ. ഗോപീകൃഷ്ണൻ** (തകർന്ന പള്ളിയാണ് വലിയ പള്ളി)
  - കഥ - **എൻ. പ്രഭാകരൻ** (ഒരുപിടി ഉപ്പ്)

## Kerala

- നാഷണൽ സേഫ്റ്റി കൗൺസിൽ കേരള ചാപ്റ്റർ നടത്തിയ പഠനത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് ഏറ്റവും മികച്ച ശുദ്ധവായു ലഭിക്കുന്ന വനമേഖല

**തട്ടേക്കാട് പക്ഷിസങ്കേതം**

  - വനപ്രദേശങ്ങളോട് ചേർന്ന മേഖലകളിലെ വായു ഗുണനിലവാരം വിലയിരുത്താൻ വേണ്ടി വനം വകുപ്പിന്റെ നിർദ്ദേശപ്രകാരമാണ് ഇത്തരമൊരു പഠനം നടത്തിയത്
  - കാസർകോട് മുതൽ തിരുവനന്തപുരം വരെയുള്ള സംസ്ഥാനത്തെ മുപ്പതോളം വനപരിസ്ഥിതി കേന്ദ്രങ്ങളിലെ വായു ഗുണനിലവാരമാണ് പരിശോധിച്ചത്.
  - കേരളത്തിലെ ആദ്യത്തെ പക്ഷിസങ്കേതമായ തട്ടേക്കാട് പക്ഷിസങ്കേതം 1983-ൽ സ്ഥാപിതമായി
  - ഇന്ത്യൻ പക്ഷിശാസ്ത്രത്തിന്റെ പിതാവായ ഡോ. സലിം അലിയുടെ സ്മരണാർത്ഥം ഇത് 'ഡോ. സലിം അലി പക്ഷിസങ്കേതം' എന്നും അറിയപ്പെടുന്നു.

- സ്ത്രീകൾക്കും ട്രാൻസ്ജെൻഡറുകൾക്കും കെ.എസ്.ആർ.ടി.സി ഓർഡിനറി ബസുകളിൽ സൗജന്യ യാത്ര ഒരുക്കുന്ന കേരള സർക്കാരിന്റെ പുതിയ പദ്ധതി

**പ്രിയദർശിനി**

  - ജൂൺ 15 മുതൽ സംസ്ഥാനത്ത് സ്ത്രീകൾക്കും ട്രാൻസ്ജെൻഡർ വ്യക്തികൾക്കും കെ.എസ്.ആർ.ടി.സി (KSRTC) ഓർഡിനറി ബസുകളിൽ സൗജന്യ യാത്ര ലഭ്യമാകും.
  - ആദ്യഘട്ടത്തിൽ 100 ദിവസത്തേക്ക് പരീക്ഷണാടിസ്ഥാനത്തിൽ കെ.എസ്.ആർ.ടി.സി 'ഓർഡിനറി' ബസുകളിൽ മാത്രമായിരിക്കും ഈ സൗകര്യം ലഭിക്കുക.

- ആരോഗ്യ മേഖല നേരിടുന്ന വെല്ലുവിളികളും പ്രതിസന്ധികളും നേരിട്ട് മനസ്സിലാക്കി പരിഹരിക്കുക എന്ന ലക്ഷ്യത്തോടെ ആരോഗ്യ വകുപ്പ് നടത്തുന്ന ജനസമ്പർക്ക പരിപാടി

**കായകൽപം**

- ആരോഗ്യ കുടുംബക്ഷേമ വകുപ്പ് മന്ത്രി - **കെ മുരളീധരൻ** (ദേവസ്വം , ഭക്ഷ്യ സുരക്ഷാ വകുപ്പുകളും ഇദ്ദേഹമാണ് കൈകാര്യം ചെയ്യുന്നത്.)

## International

- അടുത്തിടെ 5000 വർഷം പഴക്കമുള്ള ഒരു കൃത്രിമ ദ്വീപിന്റെ തടികൊണ്ടുള്ള അടിത്തറ കണ്ടെത്തപ്പെട്ട രാജ്യം

**സ്കോട്ട്ലാന്റ്**

- ഈ കൃത്രിമ ദ്വീപുകൾ 'ക്രാനോഗുകൾ' (crannogs) എന്നാണ് അറിയപ്പെടുന്നത്. സ്കോട്ട്ലൻഡിലുടനീളം ഇത്തരം നൂറുക്കണക്കിന് ദ്വീപുകൾ നിലവിലുണ്ടെങ്കിലും, അവയ്ക്കൊന്നും ഇപ്പോൾ കണ്ടെത്തിയ ദ്വീപിനോളം പഴക്കമില്ല.

## Sports

- 2026 ഫിഫ ലോകകപ്പിന്റെ ഉദ്ഘാടന മത്സരത്തിന്റെ വേദി

**എസ്റ്റാഡിയോ ആസ്ടെക്ക** (മെക്സിക്കോ)

- 2026 ഫിഫ ലോകകപ്പിലെ ആദ്യ മത്സരം ദക്ഷിണാഫ്രിക്കയും മെക്സിക്കോയും തമ്മിൽ
- മൂന്ന് തവണ ഫിഫ ലോകകപ്പിന് ആതിഥേയത്വം വഹിച്ച ആദ്യത്തെ സ്റ്റേഡിയമാണ് എസ്റ്റാഡിയോ ആസ്ടെക്ക (1970, 1986, 2026)
- മൂന്ന് തവണ ഫിഫ ലോകകപ്പിന് ആതിഥേയത്വം വഹിച്ച ആദ്യത്തെ രാജ്യം മെക്സിക്കോയാണ്
- 2026 ഫിഫ ലോകകപ്പിന്റെ ഫൈനൽ മത്സരം - **ന്യൂജേഴ്സിയിലെ മെറ്റ്ലൈഫ് സ്റ്റേഡിയ**ത്തിൽ വെച്ചാണ് നടക്കുക.
- ആതിഥേയ രാജ്യങ്ങൾ - **അമേരിക്ക, കാനഡ, മെക്സിക്കോ** (മൂന്ന് വടക്കേ അമേരിക്കൻ രാജ്യങ്ങൾ സംയുക്തമായാണ് ഈ ലോകകപ്പിന് ആതിഥേയത്വം വഹിക്കുന്നത്)
- ഫിഫ ലോകകപ്പ് ചരിത്രത്തിൽ ആദ്യമായാണ് മൂന്ന് രാജ്യങ്ങൾ ചേർന്ന് ഒരു ടൂർണമെന്റിന് ആതിഥേയത്വം വഹിക്കുന്നത്
- മൂന്ന് രാജ്യങ്ങളിലുമായി ആകെ 16 നഗരങ്ങളിലാണ് മത്സരങ്ങൾ നടക്കുക. ഇതിൽ 11 എണ്ണം അമേരിക്കയിലും, 3 എണ്ണം മെക്സിക്കോയിലും, 2 എണ്ണം കാനഡയിലുമാണ്
- മുൻപത്തെ 32 ടീമുകളിൽ നിന്ന് ഇത്തവണ പങ്കെടുക്കുന്ന രാജ്യങ്ങളുടെ എണ്ണം 48 ആയി ഉയർത്തിയിട്ടുണ്ട്.
- ഈ 48 ടീമുകളെ 4 ടീമുകൾ വീതമുള്ള 12 ഗ്രൂപ്പുകളായി തിരിച്ചിട്ടുണ്ട്
- ടൂർണമെന്റിലുടനീളം ആകെ 104 മത്സരങ്ങൾ ഉണ്ടായിരിക്കും.
- ഔദ്യോഗിക പന്ത് - **അഡിഡാസ് രൂപകൽപ്പന ചെയ്ത 'ട്രിയോണ്ട'**
  - സ്പാനിഷ് ഭാഷയിൽ 'മൂന്ന് തരംഗങ്ങൾ' എന്നാണ് ഇതിന്റെ അർത്ഥം.
  - മൂന്ന് ആതിഥേയ രാജ്യങ്ങളെയാണ് ഇത് സൂചിപ്പിക്കുന്നത്.

- റെഡ്, ഗ്രീൻ, ബ്ലൂ എന്നീ നിറങ്ങൾ ഉപയോഗിച്ചാണ് ഇത് നിർമ്മിച്ചിരിക്കുന്നത്. കാനഡയുടെ മേപ്പിൾ ഇലയും മെക്സിക്കോയുടെ പരുന്തും അമേരിക്കയുടെ നക്ഷത്രവും പന്തിൽ ആലേഖനം ചെയ്തിട്ടുണ്ട്.
- ഓഫ്സൈഡ് തീരുമാനങ്ങൾ വേഗത്തിലാക്കാൻ സഹായിക്കുന്ന അത്യാധുനിക സെൻസർ ചിപ്പ് പന്തിനുള്ളിൽ ഘടിപ്പിച്ചിട്ടുണ്ട്.

❖ **ഭാഗ്യ ചിഹ്നങ്ങൾ**

- **മേപ്പിൾ** (മൂസ് - കാനഡ) (റെഡ് - ജേഴ്സി അണിഞ്ഞ ഗോൾകീപ്പർ. കാനഡയുടെ ദേശീയ ചിഹ്നമായ മേപ്പിൾ ഇലയിൽ നിന്നാണ് പേര് വന്നത്.)
- **സായു** (ജാഗ്വാർ - മെക്സിക്കോ) (ഗ്രീൻ ജേഴ്സി അണിഞ്ഞ സ്ട്രൈക്കർ)
- **ക്ലച്ച്** (ബാൾഡ് ഈഗിൾ - യുണൈറ്റഡ് സ്റ്റേറ്റ്സ്)(ബ്ലൂ ജേഴ്സി അണിഞ്ഞ മിഡ്ഫീൽഡർ.)

❖ ഔദ്യോഗിക ഗാനം - **'ദായ് ദായ്'** (കൊളംബിയൻ ഗായിക ഷക്കീറയും നൈജീരിയൻ ഗായകൻ ബർണ ബോയിയും ചേർന്ന് ആലപിച്ച ഗാനമാണിത് )

◆ 2026 വനിതാ T-20 ലോകകപ്പിന്റെ ആദ്യ മത്സരത്തിൽ ഏറ്റുമുട്ടുന്നത്

**ഇംഗ്ലണ്ട് Vs ശ്രീലങ്ക**

❖ ആതിഥേയർ - **ഇംഗ്ലണ്ട് & വെയ്ൽസ്**

❖ ആകെ ടീമുകൾ - **12 ടീമുകൾ** (ചരിത്രത്തിലാദ്യമായിട്ടാണ് 12 ടീമുകൾ മത്സരിക്കുന്നത്)

❖ ആകെ മത്സരങ്ങൾ - **33 മത്സരങ്ങൾ**

❖ പങ്കെടുക്കുന്ന 12 ടീമുകളെ 6 ടീമുകൾ വീതമുള്ള രണ്ട് ഗ്രൂപ്പുകളായി തിരിച്ചിരിക്കുന്നു

❖ ഇന്ത്യൻ ടീമിനെ നയിക്കുന്നത് - **ഹർമൻപ്രീത് കൗർ**

## Demise

◆ അടുത്തിടെ അന്തരിച്ച പ്രശസ്ത തമിഴ് ചലച്ചിത്ര സംവിധായകൻ

**ഭാരതിരാജ**

❖ ആദ്യമായി സംവിധാനം ചെയ്ത ചിത്രം - **16 വയതിനിലേ**

❖ 2004-ൽ പത്മശ്രീ ലഭിച്ചു (2009 -ൽ അദ്ദേഹം തിരികെ നൽകി)

❖ 2013-ലെ കേരള സംസ്ഥാന ചലച്ചിത്ര അവാർഡ് നിർണയ ജൂറി ചെയർമാനായിരുന്നു.

## Today's MCQ

1. ഇന്ത്യയിലെ ലാൻഡ് പോർട്ട് പ്രവർത്തനങ്ങൾ ആധുനികവൽക്കരിക്കുന്നതിനും കാര്യക്ഷമമാക്കുന്നതിനുമായി ആരംഭിച്ച ലാൻഡ് പോർട്ട് മാനേജ്മെന്റ് സിസ്റ്റം

   a) ഗേറ്റ്‌വേ　　b) സ്വാഗത്

   c) സ്മാർട്ട് പോർട്ട്　　d) വിനിമയ്

2. അടുത്തിടെ യൂറോപ്യൻ യൂണിയനുമായി സഹകരിച്ച് ബ്ലൂവാലി ക്ലസ്റ്റർ ആരംഭിച്ച സംസ്ഥാനം

   a) അസം　　b) മേഘാലയ

   c) അരുണാചൽ പ്രദേശ്　　d) സിക്കിം

**Ans : 1. (d), 2. (a)**

TALENT
PSC Academy
a Veranda Enterprise

# DAILY CURRENT AFFAIRS

## STUDY NOTES

JUNE 2K26
13



FOR MORE STUDY VIDEOS
/TalentAcademyOnline
SUBSCRIBE NOW

veranda.talentkerala.com
8590 57 5710
8590 57 5712

# DAILY CURRENT AFFAIRS STUDY NOTES 13 JUNE 2026

## National

- ഗുജറാത്തിലെ അഹമ്മദാബാദിൽ ബഹിരാകാശ നിർമ്മാണ കേന്ദ്രം സ്ഥാപിതമാകുന്നു
  - വലിയ സ്ഥാപനങ്ങളിൽ മാത്രം ലഭ്യമാകുന്ന ഉയർന്ന നിലവാരമുള്ള ടെസ്റ്റിംഗ് ഇൻഫ്രാസ്ട്രക്ചറിലേക്ക് പ്രവേശനം നൽകിക്കൊണ്ട്, സ്റ്റാർട്ടപ്പുകൾക്കും ചെറുകിട കമ്പനികൾക്കും ബഹിരാകാശ മേഖലയിലേക്ക് പ്രവേശിക്കുന്നത് എളുപ്പമാക്കുന്നതിനാണ് ഈ മാതൃക രൂപകൽപ്പന ചെയ്തിരിക്കുന്നതെന്ന് ഉദ്യോഗസ്ഥർ പറഞ്ഞു

## International

- ആഗോള സമാധാന സൂചിക 2026-ൽ ഒന്നാംസ്ഥാനത്തുള്ളത്

  **ഐസ്‌ലൻഡ്**

  - രണ്ടാംസ്ഥാനത്ത് - **ന്യൂസിലാൻഡ്**
  - മൂന്നാംസ്ഥാനത്ത് - **സ്വിറ്റ്സർലൻഡ്**
  - ഇന്ത്യയുടെ സ്ഥാനം - **127**
  - 2026-ലെ ആഗോള സമാധാന സൂചികയിൽ (GPI) ശ്രീലങ്ക 14 സ്ഥാനങ്ങൾ കയറി 67-ാം സ്ഥാനത്തെത്തി, ദക്ഷിണേഷ്യയിൽ രണ്ടാം സ്ഥാനം നേടുകയും ചെയ്തു.
  - ദക്ഷിണേഷ്യയിൽ ഒന്നാം സ്ഥാനം - **ഭൂട്ടാൻ** (16)
  - അവസാന സ്ഥാനത്ത് - **റഷ്യ**
  - 163 രാജ്യങ്ങളെ വിലയിരുത്തുന്നു.
- അടുത്തിടെ 16 വയസ്സിന് താഴെയുള്ള കുട്ടികൾക്ക് സോഷ്യൽ മീഡിയ നിരോധിക്കുന്ന C-34 ഡിജിറ്റൽ സുരക്ഷാ ബിൽ അവതരിപ്പിച്ച രാജ്യം

  **കാനഡ**

  - C-34, സേഫ് സോഷ്യൽ മീഡിയ ആക്ട് എന്നും അറിയപ്പെടുന്നു.
  - സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കുന്ന ചില പ്ലാറ്റ്ഫോമുകൾക്ക് ഇളവുകളുണ്ട്.
  - സുരക്ഷാ മാനദണ്ഡങ്ങൾ സ്ഥാപിക്കുന്നതിനായി ഒരു ഡിജിറ്റൽ റെഗുലേറ്റർ സ്ഥാപിച്ചുകൊണ്ട് AI ചാറ്റ്ബോട്ടുകളെ സുരക്ഷിതമാക്കാനും ബിൽ ലക്ഷ്യമിടുന്നു
- 52-ാമത് G7 ഉച്ചകോടിക്ക് ആതിഥേയത്വം വഹിക്കുന്ന രാജ്യം

  **ഫ്രാൻസ്**

## Defence

- അടുത്തിടെ ആദ്യ പറക്കൽ വിജയകരമായി പൂർത്തിയാക്കിയ ഇന്ത്യയിൽ നിർമ്മിച്ച സൈനിക ഗതാഗത വിമാനം

  **C-295**

  - ഇന്ത്യയിൽ നിർമ്മിച്ച ആദ്യത്തെ സൈനിക ഗതാഗത വിമാനമാണിത്
  - C-295 ന് 9,000 കിലോഗ്രാമിലധികം വരെ ചരക്ക് വഹിക്കാൻ കഴിയും, ഇത് ഒറ്റ പറക്കലിൽ കൂടുതൽ സൈനികരെയും ഉപകരണങ്ങളെയും വഹിക്കുന്നു.

## Sports

- 2026 ലോകകപ്പിലെ ആദ്യഗോൾ നേടിയത്

**ജൂലിയൻ ക്വിനോനെസ്**

  - 23-ാമത് ഫിഫ ലോകകപ്പിലെ ആദ്യ ഗോൾ മെക്സിക്കോയുടെ ജൂലിയൻ ക്വിനോനെസ് നേടി
  - ഫിഫ ലോകകപ്പിന്റെ ചരിത്രത്തിൽ തന്നെ ആദ്യമായി ഉദ്ഘാടന മത്സരം തന്നെ മൂന്ന് റെഡ് കാർഡുകൾക്ക് വഴിവെച്ചു (ദക്ഷിണാഫ്രിക്ക 2, മെക്സിക്കോ 1)
  - ദക്ഷിണാഫ്രിക്കയെ എതിരില്ലാത്ത രണ്ട് ഗോളുകൾക്കാണ് മെക്സിക്കോ പരാജയപ്പെടുത്തിയത്.

- ഫിഫ ലോകകപ്പിന്റെ ഔദ്യോഗിക ആൽബത്തിലെ ഗാനം നൃത്തസംവിധാനം ചെയ്ത ആദ്യ ഇന്ത്യക്കാരൻ

**രജിത് ദേവ്**

  - 2026 ലോകകപ്പ് ഔദ്യോഗിക ആൽബത്തിലെ 'സിർ സിർ' (Siir Siir) എന്ന ഗാനത്തിന് നൃത്ത സംവിധാനം ചെയ്തു.
  - 2026 ഫിഫ ലോകകപ്പിന്റെ ഔദ്യോഗിക ആൽബത്തിൽ ആകെ 18 ഗാനങ്ങൾ (Tracks) ആണുള്ളത്.
  - ഫിഫ സ്ഥാപിതമായത് - **1904 മെയ് 21**
  - ആസ്ഥാനം - **സൂറിച്ച്, സ്വിറ്റ്സർലൻഡ്**
  - നിലവിലെ പ്രസിഡന്റ് - **ജിയാനി ഇൻഫാന്റിനോ**

## Demise

- 2026 ജൂണിൽ അന്തരിച്ച ഇന്ത്യൻ ഷൂട്ടിങ് ഇതിഹാസം

**ജസ്പാൽ റാണ**

  - മനു ഭാക്കറിന്റെ പരിശീലകനുമായിരുന്നു ജസ്പാൽ റാണ
  - 2006 ദോഹ ഏഷ്യൻ ഗെയിംസിലെ ജസ്പാലിന്റെ പ്രകടനം ശ്രദ്ധേയമായിരുന്നു. മൂന്ന് സ്വർണമെഡൽ സ്വന്തമാക്കി
  - കോമൺവെൽത്ത് ഗെയിംസിൽ 9 സ്വർണം ഉൾപ്പെടെ 15 മെഡലുകൾ നേടി.
  - ഏഷ്യൻ ഗെയിംസിൽ 4 സ്വർണം ഉൾപ്പെടെ 8 മെഡലുകൾ നേടി.
  - അർജുന അവാർഡ് 1994, ദ്രോണാചാര്യ പുരസ്കാരം 2020, പത്മശ്രീ എന്നിവ ലഭിച്ചിട്ടുണ്ട്.

## Today's MCQ

1. നാഷണൽ സേഫ്റ്റി കൗൺസിൽ കേരള ചാപ്റ്റർ നടത്തിയ പഠനത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് ഏറ്റവും മികച്ച ശുദ്ധവായു ലഭിക്കുന്ന വനമേഖല

   a) പാമ്പാടുംചോല　　b) ഇരവികുളം നാഷണൽ പാർക്ക്

   c) തട്ടേക്കാട് പക്ഷിസങ്കേതം　　d) അഗസ്ത്യാർകൂടം

2. ബംഗളൂരുവിലെ കൈരളി കലാസമിതി സാഹിത്യ പുരസ്കാരത്തിന് 2026-ൽ അർഹയായത്

   a) സാറാ ജോസഫ്　　b) നിമ്ന വിജയ്

   c) ആർ. രാജശ്രീ　　d) അരുന്ധതിറോയ്

**Ans : 1. (c), 2. (a)**

TALENT
PSC Academy
a Veranda Enterprise

# DAILY CURRENT AFFAIRS

## STUDY NOTES

JUNE 2K26
14





FOR MORE STUDY VIDEOS
/TalentAcademyOnline
SUBSCRIBE NOW

veranda.talentkerala.com
8590 57 5710
8590 57 5712

# DAILY CURRENT AFFAIRS STUDY NOTES 14 JUNE 2026

## Kerala

- സംസ്ഥാനത്ത് ആദ്യമായി വെർച്വൽ ഓട്ടോപ്സി സംവിധാനം നടപ്പാക്കുന്ന ആശുപത്രി

  **കോഴിക്കോട് മെഡിക്കൽ കോളേജ്**

  - വെർച്വൽ ഓട്ടോപ്സിയെന്നാൽ മൃതദേഹം കീറിമുറിക്കുന്നതിന് പകരം അത്യാധുനിക ഇമേജിങ് സാങ്കേതികവിദ്യകൾ ഉപയോഗിച്ച് മരണകാരണം കണ്ടെത്തുകയും പോസ്റ്റ്മോർട്ടം റിപ്പോർട്ട് തയ്യാറാക്കുന്നതുമാണ്. പരിശോധനാ നടപടികൾ ഡിജിറ്റലായി സൂക്ഷിക്കുന്നതിനാൽ ഭാവിയിൽ തുടർപരിശോധനകൾക്കും സഹായകമാണ്.

## National

- ഐ.എൻ.എസ്. ബാസ് നാവിക വ്യോമത്താവളം സ്ഥിതി ചെയ്യുന്നത്

  **ആൻഡമാൻ & നിക്കോബാർ**

  - ഗ്രേറ്റ് നിക്കോബാർ പദ്ധതിയുടെ ഭാഗമായി ഐഎൻഎസ് ബാസിലെ നിലവിലുള്ള നാവിക വ്യോമത്താവളം വികസിപ്പിക്കുന്നതിനുപകരം 13,000 കോടി രൂപയുടെ പുതിയ ഗ്രീൻഫീൽഡ് സിവിൽ മിലിട്ടറി വിമാനത്താവളം നിർമ്മിക്കാൻ സർക്കാർ തീരുമാനിച്ചു.

- ജമ്മു കശ്മീരിലെ ചെനാബ് നദിയിൽ മുടങ്ങിക്കിടന്നിരുന്ന കീർത്തായി സ്റ്റേജ് II ജലവൈദ്യുത പദ്ധതിയുടെ നിർമ്മാണം സർക്കാർ ത്വരിതപ്പെടുത്തി.
  - 930 മെഗാവാട്ട് ശേഷിയുള്ള കീർത്തായി II പദ്ധതി ആദ്യം വിഭാവനം ചെയ്തത് 1984 ലാണ്.
  - 2025 ഏപ്രിലിൽ പഹൽഗാം ഭീകരാക്രമണത്തെത്തുടർന്ന് ഇൻഡസ് വാട്ടർ ട്രീറ്റി (IWT) താൽക്കാലികമായി നിർത്തിവച്ചതിനുശേഷം നിരവധി ജലവൈദ്യുത പദ്ധതികൾ പുനരുജ്ജീവിപ്പിച്ചു.

- പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ ഉപദേഷ്ടാവായ തരുൺ കപൂറിന്റെ കാലാവധി നീട്ടി
  - ഒരു വർഷത്തേക്ക് കൂടി നീട്ടാൻ മന്ത്രിസഭയുടെ നിയമന സമിതി അംഗീകാരം നൽകി.

- അപകടകരമായ രാസവസ്തുവായ എപ്പിക്ലോറോ ഹൈഡ്രിൻ അടങ്ങിയ ടീ ബാഗുകൾക്ക് ബി.ഐ.എസ്. വിലക്കേർപ്പെടുത്തി.
  - കാൻസർ അടക്കമുള്ള രോഗങ്ങൾക്ക് കാരണമാകുന്നു എന്ന കണ്ടെത്തലിനെ തുടർന്നാണ് നടപടി
  - തേയില, ഗ്രീൻ ടീ എന്നിവയുടെ ടീ ബാഗുകളിലെ പേപ്പറിന് ഉറപ്പുനൽകാനും ബ്ലീച്ചിങ്ങിനുമായാണ് എപ്പിക്ലോറോ ഹൈഡ്രിൻ ഉപയോഗിക്കുന്നത്.
  - ഇത്തരത്തിൽ നിർമിച്ച ടീ ബാഗുകൾ ചൂടുവെള്ളത്തിൽ മുക്കുമ്പോൾ ആരോഗ്യത്തിന് ഹാനികരമായ രാസവസ്തുവും ചായയോടൊപ്പം കലരും. ഇതിനാലാണ് എപ്പിക്ലോറോ ഹൈഡ്രിൻ അടങ്ങിയ ടീ ബാഗുകൾ ഒഴിവാക്കുന്നത്

- സാപ്ലിംഗ് ഡയലോഗ് 2026 ന്റെ വേദി

  **അഹമ്മദാബാദ്**

  - SAPLING - **South Asian Policy Leadership for Improved Nutrition and Growth**
  - ഇന്ത്യയുടെ ഭക്ഷ്യ സംസ്കരണ വ്യവസായ മന്ത്രാലയവും (MoFPI) ലോക ബാങ്കും ചേർന്ന് സംഘടിപ്പിച്ചതാണിത്
  - ദക്ഷിണേഷ്യയിലെ തൊഴിലവസരങ്ങൾക്കും വളർച്ചയ്ക്കും വേണ്ടി ഭക്ഷ്യ സംസ്കരണം മുന്നോട്ട് കൊണ്ടുപോകുന്നതിലാണ് പരിപാടി കേന്ദ്രീകരിച്ചത്.

## International

- 2026 ലോക ബാലവേല വിരുദ്ധ ദിനത്തിന്റെ പ്രമേയം

  **Red Card to Child Labour: Fair Play for Children, Decent Work for Adults**

  - ലോക ബാലവേല വിരുദ്ധ ദിനം - **ജൂൺ 12**

- ലോകത്തിലെ ആദ്യത്തെ ട്രില്യണയർ

  **എലോൺ മസ്ക്**

  - സ്പേസ് എക്സിന്റെ ഇനീഷ്യൽ പബ്ലിക് ഓഫറിംഗിലൂടെ എലോൺ മസ്കിന്റെ ഓഹരികൾ ഉയർന്നതോടെ അദ്ദേഹം ലോകത്തിലെ ആദ്യത്തെ ട്രില്യണയർ ആയി.

- അടുത്തിടെ ഹോർമുസിൽ തകർന്നുവീണ കോപ്റ്റർ

  **എ.എച്ച് 64 അപ്പാച്ചെ**

  - ഒമാൻ ഉൾക്കടലിലും മറ്റും പട്രോളിങ് നടത്തുകയായിരുന്ന യു.എസ്.ആർമിയുടെ എ.എച്ച് 64 അപ്പാച്ചെ ഹെലികോപ്റ്റർ തകർന്നു വീണു
  - ഇതിന്റെ ലക്ഷ്യങ്ങൾ ശത്രുക്കളുടെ ടാങ്കുകൾ തകർക്കുക, കരസേനയ്ക്ക് വ്യോമ പിന്തുണ നൽകുക എന്നിവയാണ്.
  - 1986-ൽ അമേരിക്കൻ സൈനത്തിന്റെ ഭാഗമായി

## Sports

- അടുത്തിടെ അന്താരാഷ്ട്ര ക്രിക്കറ്റിൽ നിന്ന് വിരമിക്കൽ പ്രഖ്യാപിച്ച ന്യൂസിലൻഡ് ക്രിക്കറ്റ് താരം

  **കെയ്ൻ വില്യംസൺ**

  - 16 വർഷം നീണ്ട കരിയറിൽ ടെസ്റ്റിൽ 33 സെഞ്ചുറികളും ഏകദിനത്തിൽ 15 സെഞ്ചുറികളും സ്വന്തമാക്കി

## Demise

- 2026 ജൂണിൽ അന്തരിച്ച പ്രശസ്ത ബ്രിട്ടീഷ് ചിത്രകാരൻ

  **ഡേവിഡ് ഹോക്ക്നി**

  - 1937 ജൂലൈ 9-ന് വടക്കൻ ഇംഗ്ലണ്ടിലെ ബ്രാഡ്ഫോർഡിൽ ജനിച്ചു

## Today's MCQ

1. ഫിഫ ലോകകപ്പിന്റെ ഔദ്യോഗിക ആൽബത്തിലെ ഗാനം നൃത്തസംവിധാനം ചെയ്ത ആദ്യ ഇന്ത്യക്കാരൻ

   a) ശക്തിമോഹൻ b) രാഘവ് ജുയാൽ

   c) സൗരവ് പ്രജാപതി d) രജിത് ദേവ്

2. അടുത്തിടെ 16 വയസ്സിന് താഴെയുള്ള കുട്ടികൾക്ക് സോഷ്യൽ മീഡിയ നിരോധിക്കുന്ന C-34 ഡിജിറ്റൽ സുരക്ഷാ ബിൽ അവതരിപ്പിച്ച രാജ്യം

   a) കാനഡ b) ഫ്രാൻസ്

   c) ഓസ്ട്രേലിയ d) ജർമ്മനി

**Ans : 1. (d), 2. (a)**

TALENT
PSC Academy
a Veranda Enterprise

# DAILY CURRENT AFFAIRS

## STUDY NOTES

JUNE 2K26
15-16



FOR MORE STUDY VIDEOS
/TalentAcademyOnline
SUBSCRIBE NOW

veranda.talentkerala.com

8590 57 5710
8590 57 5712

# DAILY CURRENT AFFAIRS STUDY NOTES 15, 16 JUNE 2026

## Appointment

- ഇന്ത്യയുടെ പുതിയ കരസേന മേധാവി

  **Dhiraj Seth**

  - നിലവിലെ മേധാവി ജനറൽ ഉപേന്ദ്ര ദ്വിവേദി വിരമിക്കുന്നതിനെ തുടർന്നാണ് നിയമനം

## Award

- 2026-ൽ പ്രഖ്യാപിച്ച കേശവദേവ് പുരസ്കാരത്തിൽ സാഹിത്യത്തിനുള്ള പുരസ്കാരം നേടിയത്

  **സുഭാഷ് ചന്ദ്രൻ**

  (സാഹിത്യത്തിന് നൽകിയ സമഗ്ര സംഭാവനകൾ പരിഗണിച്ചാണ് പുരസ്കാരം )

  - കേശവദേവ് ഡയാബസ്ക്രീൻ കേരള പുരസ്കാരം നേടിയത് - **ഡോ. തങ്കം സുബ്രഹ്മണ്യൻ** (അപരിചിതയായ രോഗിക്ക് സ്വന്തം വൃക്ക ദാനം ചെയ്ത നിസ്വാർത്ഥ സേവനത്തെ മുൻനിർത്തിയാണ് പുരസ്കാരം നൽകിയത്)

## Kerala

- 2026 ജൂണിൽ അവതരിപ്പിക്കുന്ന കേരള സർക്കാരിന്റെ ബജറ്റ് പ്രമേയം

  **സദ്ഭരണം സഹാനുഭൂതി**

  - വി.ഡി. സതീശനാണ് ധനകാര്യ വകുപ്പ് കൈകാര്യം ചെയ്യുന്നത്

## National

- ഉത്തർപ്രദേശിലെ ഗ്രാമീണ മേഖലകളിൽ കുറഞ്ഞ ചെലവിൽ ഹൈസ്പീഡ് ഫൈബർ ബ്രോഡ്ബാൻഡ് ഇന്റർനെറ്റ് എത്തിക്കാനുള്ള പദ്ധതി

  **പ്രൊജക്റ്റ് ഗംഗ**

  - ഡിജിറ്റൽ വിടവ് നികത്തുക, ഗ്രാമീണ മേഖലകളിൽ ഇ-ഗവേണൻസ്, ഡിജിറ്റൽ വിദ്യാഭ്യാസം, ടെലിമെഡിസിൻ എന്നിവ ലഭ്യമാക്കുക എന്നതാണ് ഈ പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്.

- അടുത്തിടെ KG തലം മുതൽ PG തലം വരെയുള്ള വിദ്യാർത്ഥികൾക്ക് സർക്കാർ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ വിദ്യാഭ്യാസം സൗജന്യമാക്കിയ ഇന്ത്യൻ സംസ്ഥാനം

  **ഒഡീഷ**

- റോഡപകടങ്ങളിൽപ്പെടുന്നവരുടെ ജീവൻ രക്ഷിക്കുന്ന സാധാരണക്കാരെ ആദരിക്കുന്നതിനായി കേന്ദ്ര റോഡ് ഗതാഗത, ഹൈവേ മന്ത്രാലയം നടപ്പിലാക്കുന്ന പദ്ധതി

  **രഹ് വീർ**

  - ഗുരുതരമായി പരിക്കേറ്റയാളെ സമയബന്ധിതമായി ആശുപത്രിയിൽ എത്തിക്കുന്നവർക്ക് 25,000 വരെ ക്യാഷ് അവാർഡും പ്രശംസാപത്രവും ലഭിക്കുന്നു.
  - അപകടത്തിന് ശേഷമുള്ള ആദ്യ മണിക്കൂർ 'ഗോൾഡൻ അവർ' എന്നറിയപ്പെടുന്നു.
  - കൃത്യസമയത്ത് ലഭിക്കുന്ന വൈദ്യസഹായം ജീവൻ രക്ഷിക്കാൻ സഹായിക്കും
  - റോഡപകടത്തിൽപ്പെട്ടവരെ സഹായിക്കാൻ പൗരന്മാരെ പ്രോത്സാഹിപ്പിക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം

## International

- ലോകത്തിലെ ഏറ്റവും ഉയരം കൂടിയ ദേവാലയ ഗോപുരം

  **ടവർ ഓഫ് ജീസസ് ക്രൈസ്റ്റ്**

  - അടുത്തിടെ ലിയോ പതിനാലാമൻ മാർപാപ്പ ലോകത്തിന് സമർപ്പിച്ചു.

- 2026 ലോക രക്തദാതാക്കളുടെ ദിനത്തിന്റെ പ്രമേയം

  **One Drop of Humanity. Give Blood. Save Lives**

  - ജൂൺ 14 - **ലോക രക്തദാതാക്കളുടെ ദിനം**

## Sports

- ഫിഫ ലോകകപ്പിന്റെ ചരിത്രത്തിൽ ഏറ്റവും കൂടുതൽ ഗോൾ നേടുന്ന ടീം

  **ജർമനി**

  - ബ്രസീലിന്റെ റെക്കോർഡാണ് മറികടന്നത്
  - കുറാസോയ്ക്കെതിരായ മത്സരത്തിൽ 7 ഗോളുകൾ നേടിയപ്പോഴാണ് റെക്കോർഡ് മറികടന്നത്
  - ലോകകപ്പ് കളിക്കുന്ന ഏറ്റവും ചെറിയ രാജ്യമാണ് കുറാസോ (ജനസംഖ്യയുടെ അടിസ്ഥാനത്തിൽ)
  - ഫിഫ ലോകകപ്പിൽ ഏറ്റവും കൂടുതൽ ഗോൾ നേടിയ താരം - **മിറോസ്‌ലാവ് ക്ലോസെ** (ജർമ്മനി)
  - ഫിഫ ലോകകപ്പിൽ ഏറ്റവും കൂടുതൽ മത്സരങ്ങൾ കളിച്ച താരം - **ലയണൽ മെസ്സി** (അർജന്റീന)

- അന്താരാഷ്ട്ര വനിതാ ക്രിക്കറ്റിൽ 350 വിക്കറ്റ് നേടിയ രണ്ടാമത്തെ താരം

  **ദീപ്തി ശർമ്മ**

  - അന്താരാഷ്ട്ര വനിതാ ക്രിക്കറ്റിൽ ഏറ്റവും കൂടുതൽ വിക്കറ്റ് നേടിയവരിൽ രണ്ടാമതാണ് (ഒന്നാമത് ജൂലൻ ഗോസ്വാമി)
  - അന്താരാഷ്ട്ര വനിതാ T-20 ക്രിക്കറ്റിൽ ഏറ്റവും കൂടുതൽ വിക്കറ്റ് നേടിയത് ദീപ്തി ശർമ്മയാണ്

- പ്രഥമ യോഗാസന ചാമ്പ്യൻഷിപ്പ് മെഡൽ ടേബിളിൽ ഒന്നാമതെത്തിയത്

  **ഇന്ത്യ** (102 സ്വർണമുൾപ്പെടെ 114 മെഡൽ)

  - രണ്ടാമത് - **ജപ്പാൻ**
  - മൂന്നാമത് - **അർജന്റീന**
  - വേദി - **അഹമ്മദാബാദ്**
  - ഭാഗ്യചിഹ്നം - **വീർ എന്ന സിംഹം**

- അന്താരാഷ്ട്ര പുരുഷ ഏകദിന ക്രിക്കറ്റിൽ ഇന്ത്യയ്ക്കായി കളിക്കുന്ന ഏറ്റവും പ്രായം കൂടിയ താരം

  **രോഹിത് ശർമ്മ**

- അടുത്തിടെ ബംഗ്ലാദേശിനെതിരായ ക്രിക്കറ്റ് പരമ്പരയിൽ ഓസ്ട്രേലിയൻ ടീമിൽ ഇടം നേടിയ ഇന്ത്യൻ വംശജൻ

  **നിഖിൽ ചൗധരി**

## Demise

- 2026 ജൂണിൽ അന്തരിച്ച മുൻ ബ്രസീൽ ഫുട്ബോൾ താരം

  **ബ്രിട്ടോ**

  - മെക്സിക്കോയിൽ നടന്ന 1970-ലെ ലോകകപ്പിൽ ബ്രസീൽ കിരീടം നേടിയപ്പോൾ ടീമിന്റെ ഭാഗമായിരുന്നു

- 2026 ജൂണിൽ അന്തരിച്ച യെമനിലെ അറിയപ്പെടുന്ന സാഹസിക യാത്രികൻ

**Al-Qaqa bin Antar**

  - സ്പൈഡർമാൻ ഓഫ് യെമൻ എന്നറിയപ്പെട്ടിരുന്നു
  - സുരക്ഷാ ക്രമീകരണങ്ങളൊന്നുമില്ലാതെ അഗ്നിപർവ്വത ഗർത്തത്തിന്റെ ചെങ്കുത്തായ പ്രതലത്തിലൂടെ കയറുന്നതിനിടെ പിടിവിട്ട് താഴേക്ക് വീണായിരുന്നു മരണപ്പെട്ടത്

## Today's MCQ

1. സംസ്ഥാനത്ത് ആദ്യമായി വെർച്വൽ ഓട്ടോപ്സി സംവിധാനം നടപ്പാക്കുന്ന ആശുപത്രി

   a) കോട്ടയം മെഡിക്കൽ കോളേജ് b) തിരുവനന്തപുരം മെഡിക്കൽ കോളേജ്

   c) കോഴിക്കോട് മെഡിക്കൽ കോളേജ് d) ആലപ്പുഴ മെഡിക്കൽ കോളേജ്

2. ഏത് അപകടകരമായ രാസവസ്തു അടങ്ങിയ ടീ ബാഗുകൾക്കാണ് ബി.ഐ.എസ്. വിലക്കേർപ്പെടുത്തിയത് ?

   a) ടാർട്രാസിൻ b) എപ്പിക്ലോറോ ഹൈഡ്രിൻ

   c) മെർക്കുറി d) ലെഡ്

**Ans : 1. (c), 2. (b)**

TALENT PSC Academy a Veranda Enterprise

TALENT
PSC Academy
a Veranda Enterprise

# DAILY CURRENT AFFAIRS

## STUDY NOTES

JUNE 2K26
17



FOR MORE STUDY VIDEOS
/TalentAcademyOnline
SUBSCRIBE NOW

veranda.talentkerala.com
8590 57 5710
8590 57 5712

# DAILY CURRENT AFFAIRS
# STUDY NOTES 17 JUNE 2026

## Award

- 2026 ജൂണിൽ സ്ലോവാക്യയുടെ പരമോന്നത സിവിലിയൻ ബഹുമതിയായ ഓർഡർ ഓഫ് ദി വൈറ്റ് ഡബിൾ ക്രോസ് (ഫസ്റ്റ് ക്ലാസ്) ലഭിച്ച ഇന്ത്യൻ പ്രധാനമന്ത്രി

  **നരേന്ദ്ര മോദി**

  - അദ്ദേഹത്തിന് ലഭിച്ച 33-ാമത് വിദേശ ബഹുമതിയാണിത്.
  - സ്വാതന്ത്ര്യം നേടിയതിനുശേഷം സ്ലോവാക്യ സന്ദർശിക്കുന്ന ആദ്യ ഇന്ത്യൻ പ്രധാനമന്ത്രിയാണ് മോദി
  - സ്ലോവാക്യയുടെ പ്രസിഡന്റ് - **പീറ്റർ പെല്ലെഗ്രിനി**

## Appointment

- 2026 ജൂണിൽ റബ്ബർ ബോർഡ് ചെയർമാനായി നിയമിതനായത്

  **എൻ. ഹരി**

  - റബ്ബർ ബോർഡ് ആസ്ഥാനം - **കോട്ടയം**
  - റബ്ബർ ബോർഡിന്റെ ചെയർമാനായി ഹരിയെ മൂന്ന് വർഷത്തേക്കാണ് കേന്ദ്ര വാണിജ്യ വ്യവസായ മന്ത്രാലയത്തിന് കീഴിലുള്ള വാണിജ്യ വകുപ്പ് നിയമിച്ചത്.

## National

- ഇന്ത്യയിലെ ആദ്യത്തെ സമ്പൂർണ്ണ ഡിജിറ്റൽ സെൻസസ് 2027-ൽ നടക്കും.
  - ഇതിന്റെ ഭാഗമായുള്ള സെൽഫ് എന്യൂമറേഷൻ (വിവരങ്ങൾ സ്വയം രേഖപ്പെടുത്തൽ) ആരംഭിച്ചിരിക്കുന്നു
  - സെൽഫ് എന്യൂമറേഷൻ കേരളത്തിൽ 2026 ജൂൺ 16 മുതൽ 30 വരെ നടക്കും. ഉദ്യോഗസ്ഥർ വീട്ടിലെത്തുന്നതിന് മുമ്പ് ജനങ്ങൾക്ക് സ്വന്തം വിവരങ്ങൾ ഓൺലൈനായി രേഖപ്പെടുത്താനുള്ള സൗകര്യം നിലവിലുണ്ട്.
  - വീടുകളുടെ സെൻസസ് കേരളത്തിൽ 2026 ജൂലൈ 1 മുതൽ 30 വരെ നടക്കും. വീടുകളുടെ അവസ്ഥ, അടിസ്ഥാന സൗകര്യങ്ങൾ എന്നിവയാണ് ഈ ഘട്ടത്തിൽ പരിശോധിക്കുന്നത്.
  - 2027 ഫെബ്രുവരിയിലാണ് ജനസംഖ്യ കണക്കെടുപ്പ് നടക്കുക.
- സൈനിക യൂണിഫോമിൽനിന്നും ചടങ്ങുകളിൽനിന്നും ബ്രിട്ടീഷ് ഭരണകാലത്തെ അവശേഷിപ്പുകൾ പൂർണമായും ഒഴിവാക്കാൻ ഇന്ത്യൻ സൈന്യം.
  - റിവ്യൂയിങ് ഓഫീസർമാർ വാളുകൾ നിർബന്ധമായി ധരിക്കണമെന്ന വ്യവസ്ഥ മാറ്റി.
  - ഔദ്യോഗിക സിവിൽ വസ്ത്രങ്ങളിൽ ഇന്ത്യയുടെ തനത് 'ബന്ദി ജാക്കറ്റ്' സൈന്യം ഉൾപ്പെടുത്തിയിട്ടുണ്ട്.
  - ഇതിനൊപ്പം ചില വസ്ത്രങ്ങൾക്കൊപ്പമുള്ള 'പൗച്ച് ബെൽറ്റ്' ഒഴിവാക്കുകയും ചെയ്തു.
  - കൂടാതെ 'റോയൽ' പോലെയുള്ള പദപ്രയോഗങ്ങളും സൈന്യം ഉപേക്ഷിച്ചു. കൊളോണിയൽ കാലം മുതൽ തുടർന്നുപോന്ന പദപ്രയോഗമാണ് നിർത്തലാക്കുന്നത്.
  - സൈന്യത്തിൽ ഉടനീളം വസ്ത്രധാരണ രീതികൾ ഏകീകരിക്കുന്നതിനായി പുതുതായി പുറത്തിറക്കിയ 'ആർമി യൂണിഫോംസ് 2026' ലഘുലേഖയിലാണ് ഈ മാറ്റങ്ങൾ വിശദീകരിക്കുന്നത്.

## International

- യു.എസ് – ഇറാൻ സമാധാന കരാർ പ്രഖ്യാപിച്ചു.
  - സ്വിറ്റ്സർലൻഡിലെ ജനീവയിൽ പ്രധാന മധ്യസ്ഥരായ പാകിസ്താന്റെ ആതിഥേയത്വത്തിലാകും ഔദ്യോഗിക ഒപ്പിടൽച്ചടങ്ങ്.
  - പാകിസ്ഥാൻ പ്രധാനമന്ത്രി ഷെബാസ് ഷെരീഫ് കരാർ സ്ഥിരീകരിച്ചു, ജൂൺ 19 ന് ഔദ്യോഗിക ഒപ്പുവെക്കൽ ചടങ്ങ് നടക്കുമെന്ന് അദ്ദേഹം പ്രഖ്യാപിച്ചു.

  **പ്രധാന പ്രഖ്യാപനങ്ങളും പ്രതികരണങ്ങളും**

  - ഹോർമുസ് കടലിടുക്ക് തുറക്കും പാത ടോൾരഹിതമാകും
  - അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് കരാർ സ്ഥിരീകരിച്ചു, ഹോർമുസിൽ യു.എസ്. ഏർപ്പെടുത്തിയ നാവിക ഉപരോധം പിൻവലിക്കുകയാണെന്നും ട്രംപ് പ്രഖ്യാപിച്ചു.
  - ഇറാൻ മുന്നോട്ടുവെച്ച പ്രധാനവ്യവസ്ഥയായ ലെബനനിലെ വെടിനിർത്തലും കരാറിൽ ഉൾപ്പെട്ടിട്ടുണ്ട്.
  - ഇറാൻ യു.എസ് വെടിനിർത്തൽ ധാരണയായതിനുപിന്നാലെ ഇന്ത്യൻ കപ്പലായ 'ദിശ' ഹോർമുസ് കടന്നു.
- 16 വയസ്സിന് താഴെയുള്ളവർക്ക് സോഷ്യൽ മീഡിയ വിലക്ക് ഏർപ്പെടുത്തുമെന്ന് അടുത്തിടെ പ്രഖ്യാപിച്ച രാജ്യം

  **ബ്രിട്ടൻ**

  - 16 വയസ്സിന് താഴെയുള്ള എല്ലാ കുട്ടികൾക്കും സോഷ്യൽ മീഡിയയിലേക്കുള്ള പ്രവേശനം സർക്കാർ നിരോധിക്കുമെന്ന് ബ്രിട്ടീഷ് പ്രധാനമന്ത്രി  കെയർ സ്റ്റാർമർ പറഞ്ഞു.

## Defence

- അടുത്തിടെ ഡി.ആർ.ഡി.ഒ തദ്ദേശീയമായി വികസിപ്പിച്ച ലോംഗ് റേഞ്ച് ലാൻഡ് അറ്റാക്ക് ക്രൂയിസ് മിസൈൽ വിജയകരമായി പറക്കൽ പരീക്ഷണം നടത്തി
  - ഒഡീഷയിലെ ഡോ. എ.പി.ജെ. അബ്ദുൾ കലാം ദ്വീപിൽ നിന്നാണ് മിസൈലിന്റെ പറക്കൽ പരീക്ഷണം DRDO വിജയകരമായി നടത്തിയത്.

## Space

- ചന്ദ്രന്റെ തണുത്ത കാലാവസ്ഥയിൽ നിന്ന് ചന്ദ്രയാൻ ലാൻഡറിനെ സംരക്ഷിക്കാൻ കഴിയുന്ന നൂതന കൃത്രിമ ചൂടാക്കൽ സംവിധാനം വികസിപ്പിക്കുന്നതിന് ആണവോർജ്ജ വകുപ്പുമായി സഹകരിക്കുന്ന സ്ഥാപനം

  **ഐ.എസ്.ആർ.ഒ**

  - സൗരോർജ്ജം ഉപയോഗിച്ച് പ്രവർത്തിക്കുന്ന ചന്ദ്രയാൻ 3 ലാൻഡർ വിക്രം ചന്ദ്രനിൽ 14 ദിവസം മാത്രമേ പ്രവർത്തിച്ചുള്ളൂ. 200 ദിവസം വരെ ചന്ദ്രനിൽ നിലനിൽക്കാൻ കഴിയുന്ന ഒരു ചാന്ദ്ര ലാൻഡർ വികസിപ്പിക്കുന്നതിനായി ISRO ഇപ്പോൾ ആണവോർജ്ജ വകുപ്പുമായി സഹകരിക്കും.
  - കൃത്രിമ ഹീറ്ററുകളുള്ള ഈ ലാൻഡറിന് ചന്ദ്രനിലെ കഠിനമായ കാലാവസ്ഥയെ അതിജീവിക്കാൻ കഴിയും. ഭാവി ദൗത്യങ്ങളിൽ ദീർഘകാല ചാന്ദ്ര പര്യവേക്ഷണത്തിന് ഇത് സഹായിക്കും.
  - ഐ.എസ്.ആർ.ഒ. ചെയർമാൻ – **വി.നാരായണൻ**
  - ഐ.എസ്.ആർ.ഒ. സ്ഥാപിതമായത് – **15 ആഗസ്റ്റ് 1969**

## Sports

- പുരുഷ ഫിഫ ലോകകപ്പ് ചരിത്രത്തിലെ ഏറ്റവും പ്രായം കൂടിയ രണ്ടാമത്തെ അരങ്ങേറ്റക്കാരൻ

  **Vozinha (കേപ് വെർഡെ ഗോൾകീപ്പർ)**

  - അദ്ദേഹത്തിന്റെ യഥാർത്ഥ നാമം - **Josimar Dias**
  - 40 വയസ് 12 ദിവസം പ്രായമുള്ളപ്പോഴാണ് അരങ്ങേറ്റം കുറിക്കുന്നത്

- വിംബിൾഡൺ ടൂർണമെന്റിന്റെ ആകെ സമ്മാനത്തുക

  **64.2 മില്യൺ പൗണ്ട്**

  - മുൻപത്തെ ആകെ സമ്മാനത്തുകയിൽ നിന്നും 20% വർദ്ധിച്ചു
  - പുരുഷ, വനിതാ സിംഗിൾസ് ചാമ്പ്യന്മാർക്ക് 3.6 മില്യൺ പൗണ്ട് വീതം ലഭിക്കും.

## Today's MCQ

1. 2026-ൽ പ്രഖ്യാപിച്ച കേശവദേവ് പുരസ്കാരത്തിൽ സാഹിത്യത്തിനുള്ള പുരസ്കാരം നേടിയത്

   a) അശോകൻ ചരുവിൽ  b) എസ്. ഹരീഷ്

   c) ജോർജ് ഓണക്കൂർ  d) സുഭാഷ് ചന്ദ്രൻ

2. അടുത്തിടെ KG തലം മുതൽ PG തലം വരെയുള്ള വിദ്യാർത്ഥികൾക്ക് സർക്കാർ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ വിദ്യാഭ്യാസം സൗജന്യമാക്കിയ ഇന്ത്യൻ സംസ്ഥാനം

   a) ഒഡീഷ  b) ഗുജറാത്ത്

   c) മധ്യപ്രദേശ്  d) തമിഴ്നാട്

**Ans : 1. (d), 2. (a)**

TALENT
PSC Academy
a Veranda Enterprise

# DAILY CURRENT AFFAIRS

## STUDY NOTES

JUNE
18




FOR MORE STUDY VIDEOS
/TalentAcademyOnline
SUBSCRIBE NOW

veranda.talentkerala.com
8590 57 5710
8590 57 5712

# DAILY CURRENT AFFAIRS STUDY NOTES 18 JUNE 2026

## Award

- ഇന്റർനാഷണൽ ഫെസ്റ്റിവൽ ഓഫ് സാൻഡ് സ്കൾപ്ച്ചറിൽ 'റഷ്യൻ ഗ്രാൻഡ് സാൻഡ് മാസ്റ്റർ കപ്പ്' നേടിയ ആദ്യ ഇന്ത്യൻ

**സുദർശൻ പട്നായിക്**

- ഒഡീഷയിൽ നിന്നുള്ള പ്രശസ്ത മണൽ കലാകാരനാണ് സുദർശൻ പട്നായിക്.
- 2014-ൽ പത്മ ശ്രീ പുരസ്കാരം ലഭിച്ചിട്ടുണ്ട്

## National

- അടുത്തിടെ മെസേജിങ് പ്ലാറ്റ്ഫോമായ ടെലിഗ്രാം താത്കാലികമായി നിരോധിച്ച രാജ്യം

**ഇന്ത്യ**

- വരാനിരിക്കുന്ന നീറ്റ് പരീക്ഷയുടെ വ്യാജ പരീക്ഷാ ചോദ്യപേപ്പറുകൾ ടെലിഗ്രാം ഗ്രൂപ്പുകൾ പരസ്യം ചെയ്യുകയും പണം നൽകാൻ തയ്യാറുള്ള ഉദ്യോഗാർത്ഥികളെ വഞ്ചിക്കുകയും ചെയ്യുന്നത് തടയാനാണ് എൻ.ടി.എ.യുടെ അഭ്യർത്ഥന പ്രകാരം ടെലിഗ്രാം ആപ്പിന് ഇന്ത്യയിൽ സർക്കാർ നിയന്ത്രണം ഏർപ്പെടുത്തിയത്
- കേന്ദ്ര സർക്കാർ 2026 ജൂൺ 22 വരെ ഒരു ആഴ്ചത്തേക്കാണ് ടെലിഗ്രാം നിരോധിച്ചത്.
- 2026 ജൂൺ 21-നാണ് നീറ്റ് (യു.ജി) 2026 പുന:പരീക്ഷ

## International

- അടുത്തിടെ ഡ്രോൺ മെയിൽ വിതരണം ആരംഭിച്ച ഇന്ത്യൻ സംസ്ഥാനം

**ഹിമാചൽ പ്രദേശ്**

- ഹിമാചൽ പ്രദേശിലും അസമിലുമുള്ള 150 റൂട്ടുകളിൽ ഈ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്, ദുഷ്കരമായ ഭൂപ്രകൃതിയും സീസണൽ കാലാവസ്ഥയും റോഡ് അധിഷ്ഠിത തപാൽ വിതരണത്തെ വളരെക്കാലമായി തടസ്സപ്പെടുത്തിയ പ്രദേശങ്ങളാണിവ.
- ഗുരുഗ്രാം ആസ്ഥാനമായുള്ള ഡ്രോൺ ലോജിസ്റ്റിക്സ് കമ്പനിയായ സ്കൈ എയർ മൊബിലിറ്റി, അക്കൗണ്ട് ഓഫീസുകൾക്കും ബ്രാഞ്ച് പോസ്റ്റ് ഓഫീസുകൾക്കുമിടയിൽ ഡ്രോൺ അധിഷ്ഠിത തപാൽ ബാഗുകൾ വിതരണം ചെയ്യുന്നതിനായി തപാൽ വകുപ്പുമായി ഒരു കരാറിൽ ഒപ്പുവച്ചു.

- പതിനേഴാം നൂറ്റാണ്ടിൽ പുതുച്ചേരിയിലെ കാരയ്ക്കൽ തീരത്ത് വച്ച് തകർന്ന കപ്പലായ ഒറെസുണ്ടിന്റെ അവശിഷ്ടങ്ങൾ കണ്ടെത്താൻ ഇന്ത്യയുമായി സഹകരിക്കുന്ന രാജ്യം

**ഡെൻമാർക്ക്**

- ആർക്കിയോളജിക്കൽ സർവേ ഓഫ് ഇന്ത്യയും (എ.എസ്ഐ.) ഡെൻമാർക്കിലെ നാഷണൽ മ്യൂസിയവും ഇതിനായി ധാരണാപത്രത്തിൽ ഒപ്പുവച്ചു.
- ഇന്ത്യയിലെത്തിയ ആദ്യത്തെ ഡാനിഷ് കപ്പൽ എന്ന് അറിയപ്പെടുന്നത് - **ഒറെസുണ്ട്**
- ഇന്ത്യൻ സമുദ്രാതിർത്തിയിൽ എത്തിയതിന് തൊട്ടുപിന്നാലെ, കപ്പൽ കാരയ്ക്കലിനടുത്ത് തകർന്നു.

- അടുത്തിടെ ജോയിന്റ് ക്രെഡിറ്റ് മെക്കാനിസത്തിനായുള്ള (ജെ.സി.എം) നടപ്പാക്കൽ നിയമങ്ങൾ അംഗീകരിച്ച കരാറിൽ ഇന്ത്യക്കൊപ്പം ഒപ്പുവച്ച രാജ്യം

  **ജപ്പാൻ**

  - പാരീസ് ഉടമ്പടിയുടെ ആർട്ടിക്കിൾ 6.2 പ്രകാരം ഇന്ത്യയും ജപ്പാനും ജോയിന്റ് ക്രെഡിറ്റ് മെക്കാനിസത്തിനായുള്ള (ജെ.സി.എം) നടപ്പാക്കൽ നിയമങ്ങൾ അംഗീകരിച്ചു.

## Defence

- സീ കിംഗ് Mk 42B ഹെലികോപ്റ്റർ സ്ക്വാഡ്രൻ ഇന്ത്യൻ നാവികസേന ഒദ്യോഗികമായി പിൻവലിച്ചു
  - ഇന്ത്യയുടെ സമുദ്ര അതിർത്തികൾ സംരക്ഷിക്കുകയും നാവിക പ്രവർത്തനങ്ങളുടെ നട്ടെല്ലായി പ്രവർത്തിക്കുകയും ചെയ്തു.
- പിച്ച് ബ്ലാക്ക് 2026-ന്റെ വേദി

  **ആസ്ട്രേലിയ**

  - ഇന്തോ-പസഫിക് മേഖലയിലുടനീളം പ്രാദേശിക പരസ്പര പ്രവർത്തനക്ഷമത ശക്തിപ്പെടുത്തുകയാണ് ഈ അഭ്യാസം ലക്ഷ്യംവെക്കുന്നത്
  - ഇന്ത്യൻ വ്യോമസേന അഭ്യാസത്തിൽ പങ്കെടുക്കും.
- അടുത്തിടെ ശ്രീലങ്കയിലെ കൊളംബോ സന്ദർശിച്ച ഇന്ത്യൻ നാവികസേന കപ്പൽ

  **INS Sharda**

## Sports

- ടൈം മാഗസിന്റെ 2026 ലെ കായികരംഗത്തെ ഏറ്റവും സ്വാധീനമുള്ള 100 പേരുടെ പട്ടികയിൽ ഉൾപ്പെട്ട ഇന്ത്യൻ വനിത ക്രിക്കറ്റ് താരം

  **സ്മൃതി മന്ദാന**

  - ലിസ്റ്റിൽ ഉൾപ്പെട്ട ഇന്ത്യയിൽ നിന്നുള്ള ഏക വ്യക്തി
  - കായികതാരങ്ങൾ, പരിശീലകർ, നിക്ഷേപകർ, അഭിഭാഷകർ എന്നിവരെയാണ് വാർഷിക പട്ടികയിൽ ഉൾപ്പെടുത്തുന്നത്.
  - ബാസ്കറ്റ്ബോൾ ഇതിഹാസം ലെബ്രോൺ ജെയിംസ്, ഫുട്ബോൾ ഐക്കണുകൾ ലയണൽ മെസ്സി, ക്രിസ്റ്റ്യാനോ റൊണാൾഡോ , ടെന്നീസ് താരം കാർലോസ് അൽകാരസ്, ഗോൾഫ് താരം റോറി മക്ൽറോയ്, ഫിഫ പ്രസിഡന്റ് ഗിയാനി ഇൻഫാന്റിനോ എന്നിവരും ലിസ്റ്റിൽ ഉൾപ്പെടുന്നു.
- 2026 ബാഴ്സലോണ - കാറ്റലൂന്യ ഫോർമുല വൺ ഗ്രാൻഡ്പ്രിക്സിൽ ജേതാവായത്

  **ലൂയിസ് ഹാമിൽട്ടൺ**

  - ഏഴ് തവണ ലോക ചാമ്പ്യനായ താരം
  - ഫെരാരിക്ക് വേണ്ടി ലൂയിസ് ഹാമിൽട്ടൺ തന്റെ ആദ്യ ഗ്രാൻഡ് പ്രിക്സ് വിജയം നേടി.

◆ പുരുഷ ഫിഫ ലോകകപ്പ് ചരിത്രത്തിൽ ഏറ്റവും കൂടുതൽ ഗോളുകൾ നേടിയ താരം

**ലയണൽ മെസ്സി, മിറോസ്ലാവ് ക്ലോസെ**

- ജർമ്മൻ താരമാണ് മിറോസ്ലാവ് ക്ലോസെ
- ഇരുവരും 16 ഗോളുകളാണ് നേടിയത്
- അർജന്റീനയ്ക്ക് വേണ്ടി ഗോൾ നേടുന്ന ഏറ്റവും പ്രായം കുറഞ്ഞ താരവും ഏറ്റവും പ്രായം കൂടിയ താരവും മെസി തന്നെയാണ്.
- 200 രാജ്യാന്തര മത്സരങ്ങൾ കളിക്കുന്ന ഫുട്ബോൾ ചരിത്രത്തിലെ മൂന്നാമത്തെ താരമായി മെസി മാറി.

## Today's MCQ

1. 2026 ജൂണിൽ റബ്ബർ ബോർഡ് ചെയർമാനായി നിയമിതനായത്

   a) കെ.കെ. ഗണേശൻ b) എം. വേണുഗോപാൽ

   c) പി.കെ. ദേവകുമാർ d) എൻ. ഹരി

2. 16 വയസ്സിന് താഴെയുള്ളവർക്ക് സോഷ്യൽ മീഡിയ വിലക്ക് ഏർപ്പെടുത്തുമെന്ന് അടുത്തിടെ പ്രഖ്യാപിച്ച രാജ്യം

   a) യു.എസ്. b) ബ്രിട്ടൻ

   c) ജർമ്മനി d) റഷ്യ

**Ans : 1. (d), 2. (b)**

TALENT
PSC Academy
a Veranda Enterprise

# DAILY CURRENT AFFAIRS

## STUDY NOTES

JUNE
19



FOR MORE STUDY VIDEOS

/TalentAcademyOnline

SUBSCRIBE NOW

veranda.talentkerala.com

8590 57 5710
8590 57 5712

# DAILY CURRENT AFFAIRS STUDY NOTES 19 JUNE 2026

## Appointment

- എൻ.ബി.എ.യുടെ കാർഷിക ജൈവവൈവിധ്യ വിദഗ്ദ്ധ സമിതിയെ നയിക്കുന്നത്

  **ഡോ.പി.എൽ. ഗൗതം**

  - NBA - **National Biodiversity Authority**

## National

- തജിവാസ് ഹിമാനി (Thajiwas Glacier) സ്ഥിതി ചെയ്യുന്നത്

  **ജമ്മു & കാശ്മീർ**

  - ആഗോളതാപനവും കാലാവസ്ഥാ വ്യതിയാനവും കാരണം ഈ ഹിമാനി 95 ശതമാനത്തോളം ഉരുകി തീർന്നു
  - ജമ്മു & കശ്മീരിലെ സോനാമാർഗിലുള്ള പ്രശസ്തമായ ഹിമാനിയാണിത്
  - കാലാവസ്ഥ വ്യതിയാനത്തെ തുടർന്ന് 2040-ഓടെ അപ്രത്യക്ഷമാകുമെന്നു കരുതുന്ന യാല ഗ്ലാസിയർ സ്ഥിതി ചെയ്യുന്നത് - **നേപ്പാൾ**

- കിഷൗ മൾട്ടിപർപ്പസ് പ്രോജക്റ്റ് നിലവിൽ വരുന്ന നദി

  **ടോൺസ്** (യമുനയുടെ പോഷക നദി)

  - യമുന നദിയുടെ പുനരുജ്ജീവനം ലക്ഷ്യമിട്ടുള്ള, ദീർഘകാലമായി മുടങ്ങിക്കിടന്ന കിഷൗ മൾട്ടി പർപ്പസ് അണക്കെട്ട് പദ്ധതി നടപ്പാക്കുന്നതിനുള്ള ധാരണാപത്രത്തിൽ ഒപ്പുവെക്കാൻ ഹിമാചൽ പ്രദേശ്, ഉത്തരാഖണ്ഡ്, ഡൽഹി, ഉത്തർപ്രദേശ്, ഹരിയാന, രാജസ്ഥാൻ എന്നീ സംസ്ഥാനങ്ങൾ തീരുമാനിച്ചു
  - സമ്മതിച്ച ഫണ്ടിംഗ് പാറ്റേൺ പ്രകാരം, പദ്ധതിയുടെ 90 ശതമാനം സഹായം കേന്ദ്ര സർക്കാർ നൽകും, ബാക്കി 10 ശതമാനം ആറ് സംസ്ഥാനങ്ങൾ പങ്കിടും
  - ഉത്തരാഖണ്ഡ്,ഹിമാചൽ പ്രദേശ് അതിർത്തിയിലായാണ് പദ്ധതി നിലവിൽ വരുന്നത്

- 2026-ൽ GI ടാഗ് ലഭിച്ച ത്രിപുരയിലെ വാദ്യോപകരണം

  **സരിന്ദ**

- കാറ്റാടി ഊർജ്ജ വിതരണ ശൃംഖലയ്ക്ക് വേണ്ടിയുള്ള ഇന്ത്യയിലെ ആദ്യത്തെ ഡിജിറ്റൽ പ്ലാറ്റ്ഫോം

  **WT - MARUT** (Wind Turbine Materials and Resources Utility Tracker)

## International

- 2026-ൽ ന്യൂ ഡെവലപ്മെന്റ് ബാങ്കിൽ അംഗമായ രാജ്യം

  **ഉസ്ബെക്കിസ്ഥാൻ** (10-ാമത് അംഗം)

  - ന്യൂ ഡെവലപ്മെന്റ് ബാങ്കിൽ അംഗമായ ആദ്യ മധ്യേഷ്യൻ രാജ്യം കൂടിയാണ് ഉസ്ബെക്കിസ്ഥാൻ
  - ബ്രിക്സ് രാജ്യങ്ങളുടെ കൂട്ടായ്മയിൽ രൂപംകൊണ്ട ബാങ്കാണ് ന്യൂ ഡെവലപ്മെന്റ് ബാങ്ക് (NDB) (ബ്രിക്സ് ബാങ്ക്)

- NDB- യുടെ ആസ്ഥാനം - **ഷാങ്ഹായ്** (ചൈന)
- NDB നിലവിൽ വന്നത് **- 2015** (പൂർണമായും പ്രവർത്തനം ആരംഭിച്ചത് **- 2016**)
- നിലവിലെ പ്രസിഡന്റ് **- ദിൽമ റൂസെഫ്**

## Sports

- 2026 ഫിഫ ലോകകപ്പിൽ കോംഗോയ്ക്കായി കളിക്കുന്ന ഇന്ത്യൻ വംശജൻ

  **Samuel Moutoussamy**

- 6 ഫിഫ ലോകകപ്പുകൾ കളിക്കുന്ന രണ്ടാമത്തെ താരം

  **ക്രിസ്റ്റ്യാനോ റൊണാൾഡോ** (പോർച്ചുഗൽ)

  - 6 ഫിഫ ലോകകപ്പുകൾ കളിക്കുന്ന ആദ്യ താരം **- ലയണൽ മെസ്സി**
  - ഏറ്റവും കൂടുതൽ ലോകകപ്പ് മത്സരങ്ങൾ കളിച്ച താരം **- ലയണൽ മെസ്സി**
  - അന്താരാഷ്ട്ര ഫുട്ബോളിൽ ഏറ്റവും കൂടുതൽ മത്സരങ്ങൾ കളിച്ച താരം

    **ക്രിസ്റ്റ്യാനോ റൊണാൾഡോ**

- അന്താരാഷ്ട്ര വനിതാ ക്രിക്കറ്റിൽ ഏറ്റവും കൂടുതൽ വിക്കറ്റ് നേടിയ താരങ്ങൾ

  **ജുലൻ ഗോസ്വാമി, ദീപ്തി ശർമ്മ**

  - ജുലൻ ഗോസ്വാമിയുടെ റെക്കോർഡിനൊപ്പം ദീപ്തി ശർമ്മയെത്തി

## Demise

- 2026 ജൂണിൽ അന്തരിച്ച പ്രമുഖ എഴുത്തുകാരിയും സംരംഭകയുമായ വ്യക്തി

  **ഇന്ദിര ലങ്കേഷ്**

  - കന്നട എഴുത്തുകാരനും പത്രപ്രവർത്തകനും ലങ്കേഷ് പത്രിക സ്ഥാപകനുമായ പി.ലങ്കേഷാണ് ഭർത്താവ്
  - ആത്മകഥ - **Hulimavu Mattu Naanu**
  - 2017 സെപ്തംബറിൽ മൂത്ത മകളും എഴുത്തുകാരിയും മാദ്ധ്യമപ്രവർത്തകയുമായ ഗൗരി ലങ്കേഷിനെ ഒരു സംഘം വെടിവച്ച് കൊലപ്പെടുത്തിയത് രാജ്യത്തെ തന്നെ നടുക്കിയിരുന്നു

## Today's MCQ

1. ഇന്റർനാഷണൽ ഫെസ്റ്റിവൽ ഓഫ് സാൻഡ് സ്കൾപ്ചറിൽ 'റഷ്യൻ ഗ്രാൻഡ് സാൻഡ് മാസ്റ്റർ കപ്പ്' നേടിയ ആദ്യ ഇന്ത്യൻ

   a) മനീഷ സ്വർണ്കാർ　　b) സർവ്വം പട്ടേൽ

   c) സുദർശൻ പട്നായിക്　　d) നിതീഷ് ഭാരതി

2. അടുത്തിടെ മെസേജിങ് പ്ലാറ്റ്ഫോമായ ടെലിഗ്രാം താത്കാലികമായി നിരോധിച്ച രാജ്യം

   a) പാക്കിസ്ഥാൻ　　b) ഇന്ത്യ

   c) നേപ്പാൾ　　d) ഭൂട്ടാൻ

**Ans : 1. (c), 2. (b)**

TALENT
PSC Academy
a Veranda Enterprise

# DAILY CURRENT AFFAIRS

## STUDY NOTES

JUNE
20-21




FOR MORE STUDY VIDEOS
/TalentAcademyOnline
SUBSCRIBE NOW

veranda.talentkerala.com
8590 57 5710
8590 57 5712

# DAILY CURRENT AFFAIRS STUDY NOTES 20, 21 JUNE 2026

## IMPORTANT DAYS

- **ജൂൺ 21 – അന്താരാഷ്ട്ര യോഗ ദിനം**
  - മനുഷ്യന്റെ ശാരീരികവും മാനസികവുമായ ആരോഗ്യത്തിന് യോഗ എത്രത്തോളം പ്രധാനമാണെന്ന് ലോകത്തെ ബോധ്യപ്പെടുത്താനാണ് ഈ ദിവസം ആചരിക്കുന്നത്.
  - 2014ൽ ഇന്ത്യൻ പ്രധാനമന്ത്രി നരേന്ദ്ര മോദി ഐക്യരാഷ്ട്രസഭയിൽ (UN) നടത്തിയ പ്രമേയത്തെ തുടർന്നാണ് ജൂൺ 21 യോഗ ദിനമായി പ്രഖ്യാപിച്ചത്.
  - 2015 ജൂൺ 21നാണ് ആദ്യത്തെ അന്താരാഷ്ട്ര യോഗ ദിനം ആഘോഷിച്ചത്.
  - ഉത്തരാർദ്ധഗോളത്തിലെ ഏറ്റവും നീളമേറിയ ദിവസമാണ് ജൂൺ 21
  - 2026 - ലെ പ്രമേയം - **Yoga for Healthy Ageing**
- **ജൂൺ 20 - ലോക അഭയാർത്ഥി ദിനം**
  - യുദ്ധം, പീഡനം, അക്രമങ്ങൾ എന്നിവ കാരണം സ്വന്തം നാടും വീടും ഉപേക്ഷിച്ച് മറ്റ് രാജ്യങ്ങളിൽ അഭയം തേടാൻ നിർബന്ധിതരായ ദശലക്ഷക്കണക്കിന് മനുഷ്യരുടെ ധീരതയെയും അതിജീവനത്തെയും ആദരിക്കുന്നതിനായി ഐക്യരാഷ്ട്രസഭ ആചരിക്കുന്ന ഒരു അന്താരാഷ്ട്ര ദിനമാണ്.
  - 1951ലെ അഭയാർത്ഥി കൺവെൻഷന്റെ 50-ാം വാർഷികത്തോടനുബന്ധിച്ച് 2001 ജൂൺ 20നാണ് ആദ്യമായി ഈ ദിനം ആഗോളതലത്തിൽ ആചരിക്കാൻ തുടങ്ങിയത്.
  - പ്രമേയം - **Until Everyone is Safe**

## APPOINTMENT

- 2026 - ൽ നാഷണൽ സ്റ്റാറ്റിസ്റ്റിക്കൽ കമ്മീഷൻ ചെയർപേഴ്സണായി നിയമിതനായത്

  **Saibal Chattopadhyay**
- 2026-ൽ International Tribunal for the Law of the Sea (ITLOS) യിൽ ജഡ്ജിയായി നിയമിതനായ ഇന്ത്യക്കാരൻ

  **ബിമൽ പട്ടേൽ**
  - അന്താരാഷ്ട്ര സമുദ്ര നിയമങ്ങൾ കൈകാര്യം ചെയ്യുന്ന ഒരു സ്വതന്ത്ര നീതിന്യായ സ്ഥാപനമാണ് - **ITLOS**
  - ജർമ്മനിയിലെ ഹാംബർഗ് (Hamburg) ആണ് ഇതിന്റെ ആസ്ഥാനം
  - 1994 ന് പ്രാബല്യത്തിൽ വരികയും, 1996 ഒക്ടോബറിൽ പ്രവർത്തനം ആരംഭിക്കുകയും ചെയ്തു.

## NATIONAL

- ലഡാക്കിലെ ഹിമപ്പുലികളെയും അവിടുത്തെ സവിശേഷമായ മലയോര പരിസ്ഥിതിയെയും സംരക്ഷിക്കുന്നതിനായി പുതുതായി രൂപീകരിച്ച ഒരു സംഘടന

  **ഷാൻ കൺസർവേഷൻ സൊസൈറ്റി**

  **(Snow Leopard and High-Altitude Nature Conservation Society)**
  - ലഡാക്ക് ലെഫ്റ്റനന്റ് ഗവർണർ വിനയ് കുമാർ സക്സേനയാണ് ഈ സൊസൈറ്റി രൂപീകരിക്കുന്നതിന് അനുമതി നൽകിയത്
  - ലഡാക്ക് ലെഫ്റ്റനന്റ് ഗവർണർ ആണ് ഈ സൊസൈറ്റിയുടെ ചെയർമാൻ

## INTERNATIONAL

- ആഗോള ഭക്ഷ്യസുരക്ഷ ഉറപ്പാക്കാനും, കർഷകരുടെ ക്ഷേമം മുൻനിർത്തി കാർഷിക മേഖലയെ ആധുനികീകരിക്കാനും ലക്ഷ്യമിട്ട് 2026-ൽ നടത്തിയ പ്രഖ്യാപനം

  **ഇൻഡോർ പ്രഖ്യാപനം**

  - BRICS (ബ്രിക്സ്) കൂട്ടായ്മയിലെ കൃഷി മന്ത്രിമാരും പ്രതിനിധികളും ചേർന്ന് മധ്യപ്രദേശിലെ ഇൻഡോറിൽ വെച്ച് പാസാക്കിയ ചരിത്രപ്രധാനമായ ഒരു കരാറാണ്.
  - 16-മത് BRICS കൃഷിമന്ത്രിമാരുടെ മീറ്റിംഗിന് വേദിയായത് ഇൻഡോർ

- 2026-ൽ വേൾഡ് എക്കണോമിക് ഫോറം പുറത്തുവിട്ട എനർജി ട്രാൻസിഷൻ ഇൻഡക്സിൽ ഒന്നാമതുള്ള രാജ്യം

  **സ്വീഡൻ**

  - രണ്ടാമത് - **ഫിൻലാൻഡ്**
  - മൂന്നാമത് - **ഡെന്മാർക്ക്**
  - ഇന്ത്യയുടെ സ്ഥാനം - **70**

- 2026-ൽ പുറത്തുവിട്ട ഗ്ലോബൽ സ്റ്റാർട്ടപ്പ് എക്കോസിസ്റ്റം റിപ്പോർട്ടിൽ ഒന്നാമതുള്ളത്

  **സിലിക്കൺ വാലി**

  - രണ്ടാമത് - **ന്യൂയോർക്ക് സിറ്റി**
  - മൂന്നാമത് - **ലണ്ടൻ**
  - ഇന്ത്യയിൽ നിന്നും **ബംഗളൂരു** (15), **ഡൽഹി** (31) എന്നീ നഗരങ്ങൾ പട്ടികയിൽ ഉൾപ്പെട്ടു

## SPORTS

- 2026 ദോഹ ഡയമണ്ട് ലീഗ് ജാവലിൻ ത്രോയിൽ ഒന്നാമതെത്തിയത്

  **Rumesh Tharanga Pathirage** (ശ്രീലങ്ക)

  - ഗ്രാനഡയുടെ ആൻഡേഴ്സൺ പീറ്റേഴ്സ് രണ്ടാം സ്ഥാനത്തും, അമേരിക്കയുടെ കർട്ടിസ് തോംസൺ മൂന്നാം സ്ഥാനവും സ്വന്തമാക്കി.
  - നീരജ് ചോപ്ര നാലാം സഥാനത്താണ്

- ഫിഫ പുരുഷ ലോകകപ്പ് മത്സരം നിയന്ത്രിക്കുന്ന രണ്ടാമത്തെ വനിതാ റഫറി

  **ടോറി പെൻസോ** (യഥാർഥ പേര്  മേരി വിക്ടോറിയ ഹാൻകോക്ക്)

  - 2026 ലോകകപ്പിൽ ചെക്ക് റിപ്പബ്ലിക്ക് - ദക്ഷിണാഫ്രിക്ക മത്സരമാണ് നിയന്ത്രിച്ചത്
  - ടോറി ഫിഫയുടെ പുരുഷ ലോകകപ്പിൽ റഫറിയാകുന്ന ആദ്യത്തെ അമേരിക്കൻ വനിത കൂടിയാണ്
  - 2023 - ലെ ഫിഫ വനിതാ ലോകകപ്പിൽ സ്പെയിനും ഇംഗ്ലണ്ടും തമ്മിലുള്ള ഫൈനൽ മത്സരം നിയന്ത്രിച്ചതും ടോറിയാണ്
  - പുരുഷൻമാരുടെ ഫിഫ ലോകകപ്പ് മത്സരം നിയന്ത്രിച്ച ആദ്യ വനിതാ റഫറി സ്റ്റെഫാനി ഫ്രാപ്പാർട്ടാണ്

## Today's MCQ

1. തജിവാസ് ഹിമാനി (Thajiwas Glacier) സ്ഥിതി ചെയ്യുന്നത്

   (a) ലഡാക്ക് (b) ജമ്മു & കാശ്മീർ

   (c) ഉത്തരാഖണ്ഡ് (d) ഹിമാചൽ പ്രദേശ്

2. കിഷൗ മൾട്ടിപർപ്പസ് പ്രോജക്റ്റ് നിലവിൽ വരുന്ന നദി

   (a) ടോൺസ് (b) ചെനാബ്

   (c) രവി (d) കോസി

   **Ans : 1. (b), 2. (a)**

TALENT
PSC Academy
a Veranda Enterprise

# DAILY CURRENT AFFAIRS

## STUDY NOTES

JUNE
22-23



FOR MORE STUDY VIDEOS
/TalentAcademyOnline
SUBSCRIBE NOW

veranda.talentkerala.com

8590 57 5710
8590 57 5712

# DAILY CURRENT AFFAIRS
# STUDY NOTES 22, 23 JUNE 2026

## AWARDS

- **ഇന്ത്യൻ അത്‌ലറ്റിക്സ് അവാർഡുകൾ 2026**
  - 2025 - ലെ മികച്ച പുരുഷ അത്‌ലറ്റ് - **നീരജ് ചോപ്ര**
  - 2025 - ലെ മികച്ച വനിതാ അത്‌ലറ്റ് - **പരുൾ ചൗധരി**
  - 2025 - ലെ മികച്ച പരിശീലകൻ - **പർവീർ സിംഗ്**
  - 2025 ലൈഫ് ടൈം അച്ചീവ്മെന്റ് അത്‌ലറ്റിക്സ് അവാർഡ്

    **പി ടി ഉഷ, ഗുർബച്ചൻ സിംഗ് രൺധാവ, ബഹാദൂർ സിംഗ് ചൗഹാൻ, അഞ്ജു ബോബി ജോർജ്**

## BOOK

- അടുത്തിടെ ലോക്സഭാ സ്പീക്കർ ഓം ബിർള പ്രകാശനം ചെയ്ത ഇന്ത്യയുടെ ഐഐടി ആവാസ വ്യവസ്ഥയെക്കുറിച്ചുള്ള പുസ്തകം

  **IIT – The Story of India's Most Prestigious Educational Ecosystem**

  - ഇന്ത്യയിൽ സ്ഥാപിതമായ ആദ്യത്തെ ഐ.ഐ.ടി. - **ഐ.ഐ.ടി. ഖരഗ്പൂർ**

## KERALA

- അടുത്തിടെ മലയാള ചലച്ചിത്ര താരസംഘടനയായ 'അമ്മ'യിലെ പ്രസിഡന്റ് സ്ഥാനം രാജിവെച്ചത്

  **ശ്വേത മേനോൻ**

  - ജനറൽ സെക്രട്ടറി കുക്കു പരമേശ്വരനും രാജി വെച്ചു.
  - ശ്വേത മേനോൻ പ്രസിഡന്റായ 17 അംഗ ഭരണസമിതി രാജിവച്ചിരുന്നു.
  - AMMA - **Association of Malayalam Movie Artistes**

## NATIONAL

- കേന്ദ്ര ഭക്ഷ്യമന്ത്രി പ്രഹ്ലാദ് ജോഷി സെൻട്രൽ വെയർഹൗസിംഗ് കോർപ്പറേഷനുകളുടെ സ്മാർട്ട് വെയർഹൗസിംഗ് സംവിധാനം ഉദ്ഘാടനം ചെയ്തു
  - ധാന്യ വെയർഹൗസുകളിലെ ഇൻവെന്ററിയും തത്സമയ പ്രവർത്തനങ്ങളും സംയോജിത ഡാഷ് ബോർഡുകൾ വഴി നിരീക്ഷിക്കാൻ സഹായിക്കുന്നതിന് ആർട്ടിഫിഷ്യൽ ഇന്റലിജൻസ് പോലുള്ള ആധുനിക സാങ്കേതികവിദ്യകൾ ഉപയോഗിക്കുന്നു.

## DEFENCE

- യുദ്ധം, സർവേ, സബ്മറൈൻ വിരുദ്ധ പ്രവർത്തനങ്ങൾ എന്നിവയിൽ നാവികസേനയുടെ കരുത്ത് വർദ്ധിപ്പിക്കാൻ ഇന്ത്യ കമ്മീഷൻ ചെയ്ത യുദ്ധക്കപ്പലുകൾ

  **INS ദുനാഗിരി, INS സൻഷോധക്, INS അഗ്രയ്**

  - കൊൽക്കത്തയിലെ ശ്യാമ പ്രസാദ് മുഖർജി പോർട്ടിൽ വെച്ച് പ്രധാനമന്ത്രി കമ്മീഷൻ ചെയ്തു.
  - അത്യാധുനിക ആയുധങ്ങളും സെൻസർ സംവിധാനങ്ങളും സജ്ജീകരിച്ചിട്ടുള്ള ദുനാഗിരി കപ്പലിൽ ബ്രഹ്മോസ് സർഫസ് ടു സർഫസ് മിസൈലുകളും മീഡിയം റേഞ്ച് സർഫസ് ടു എയർ മിസൈൽ സിസ്റ്റവും ഉൾപ്പെടുത്തിയിട്ടുണ്ട്.

- 'സൻഷോധക്' എന്ന സർവേ കപ്പൽ തീരദേശത്തും ആഴക്കടലിലുമുള്ള ഹൈഡ്രോഗ്രാഫിക് സർവേകൾക്കായി പ്രത്യേകം രൂപകൽപ്പന ചെയ്തതാണ്.
- പ്രതിരോധ ആവശ്യങ്ങൾക്കും സിവിലിയൻ ആവശ്യങ്ങൾക്കുമായി സമുദ്ര സംബന്ധിയായ ഭൂമിശാസ്ത്ര വിവരങ്ങൾ ശേഖരിക്കാൻ ഇതിന് സാധിക്കും.
- ഓട്ടോണമസ് അണ്ടർവാട്ടർ വെഹിക്കിളുകൾ, റിമോട്ട്ലി ഓപ്പറേറ്റഡ് വെഹിക്കിളുകൾ തുടങ്ങിയ നൂതന സംവിധാനങ്ങൾ ഇതിലുണ്ട്.
- അർനാല ക്ലാസിൽ പെട്ട നാലാമത്തെ ആന്റി സബ്മറൈൻ കപ്പലാണ് 'അഗ്രയ്'.
- ഭാരം കുറഞ്ഞ ടോർപ്പിഡോകൾ, തദ്ദേശീയമായി നിർമ്മിച്ച റോക്കറ്റ് ലോഞ്ചറുകൾ, ആഴം കുറഞ്ഞ വെള്ളത്തിലെ മുങ്ങിക്കപ്പലുകളെ കണ്ടെത്താനുള്ള സോണാർ സംവിധാനങ്ങൾ എന്നിവ അഗ്രയിൽ സജ്ജീകരിച്ചിട്ടുണ്ട്.

## SPORTS

- ലിസ്റ്റ് എ ക്രിക്കറ്റിലെ ഏറ്റവും വേഗതയേറിയ അർദ്ധസെഞ്ചുറി നേടിയ താരം

  **വൈഭവ് സൂര്യവംശി**

  - 2005 ൽ 12 പന്തിൽ ഈ നേട്ടം പിന്നിട്ട ശ്രീലങ്കൻ താരം കൗസല്യ വീരരത്നെയുടെ പേരിലുണ്ടായിരുന്ന ഏറ്റവും വേഗതയേറിയ അർദ്ധ സെഞ്ചുറി എന്ന റെക്കോർഡാണ് സൂര്യവംശി മറികടന്നത്.
  - 2026 ജൂണിൽ ശ്രീലങ്ക A യ്ക്ക് എതിരായ ത്രിരാഷ്ട്ര പരമ്പര ഫൈനലിൽ ഇന്ത്യ A യ്ക്കായി വൈഭവ് സൂര്യവംശി 11 പന്തിൽ അർദ്ധസെഞ്ചുറി നേടി
- 2025-26 എഫ്.ഐ.എച്ച്. വനിതാ ഹോക്കി നേഷൻസ് കപ്പിൽ ജേതാക്കളായത്

  **ഇന്ത്യ**

  - ഫൈനലിൽ ന്യൂസിലൻഡിനെ പരാജയപ്പെടുത്തി

## DEMISE

- 2026 ജൂണിൽ അന്തരിച്ച പ്രശസ്ത കവി

  **പി. നാരായണക്കുറുപ്പ്**

  - കേന്ദ്ര വാർത്താ വിതരണ പ്രക്ഷേപണ മന്ത്രാലയത്തിലും കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിലും സേവന മനുഷ്ഠിച്ചിട്ടുണ്ട്.
  - തപസ്യ കലാസാഹിത്യ വേദിയുടെ ചെയർമാനായിരുന്നു അദ്ദേഹം.
  - ആഗ്രയിലെ സംസ്കാര ഭാരതിയുടെ വൈസ് പ്രസിഡന്റ് എന്ന പദവിയും അദ്ദേഹം വഹിച്ചിരുന്നു.
  - കേരള സാഹിത്യ അക്കാദമി അവാർഡ്, ഓടക്കുഴൽ അവാർഡ് (കൃതി - നിശാഗന്ധി), കേരള പാണിനി, വള്ളത്തോൾ അവാർഡുകൾ നേടിയിട്ടുണ്ട്. 2022 ൽ പത്മശ്രീ നൽകി അദ്ദേഹത്തെ ആദരിച്ചു.

## Today's MCQ

1. 2026 - ൽ പുറത്തുവിട്ട ഗ്ലോബൽ സ്റ്റാർട്ടപ്പ് എക്കോസിസ്റ്റം റിപ്പോർട്ടിൽ ഒന്നാമതുള്ളത്

   (a) സിലിക്കൺ വാലി (b) ന്യൂയോർക്ക് സിറ്റി

   (c) ലണ്ടൻ (d) ബംഗളൂരു

2. ആഗോള ഭക്ഷ്യസുരക്ഷ ഉറപ്പാക്കാനും, കർഷകരുടെ ക്ഷേമം മുൻനിർത്തി കാർഷിക മേഖലയെ ആധുനികീകരിക്കാനും ലക്ഷ്യമിട്ട് 2026-ൽ നടത്തിയ പ്രഖ്യാപനം

   (a) ജയ്പൂർ പ്രഖ്യാപനം (b) ഇൻഡോർ പ്രഖ്യാനം

   (c) ഡൽഹി പ്രഖ്യാപനം (d) പാട്ന പ്രഖ്യാപനം


   **Ans : 1. (a), 2. (b)**

TALENT
PSC Academy
a Veranda Enterprise

# DAILY CURRENT AFFAIRS

## STUDY NOTES

JUNE
24



FOR MORE STUDY VIDEOS
/TalentAcademyOnline
SUBSCRIBE NOW

veranda.talentkerala.com
8590 57 5710
8590 57 5712

# DAILY CURRENT AFFAIRS STUDY NOTES 24 JUNE 2026

## Appointment

- 2026 ജൂണിൽ വാട്ട്സ്ആപ്പ് ഗ്ലോബൽ മേധാവിയായി നിയമിതനായത്

  **കുനാൽ ഷാ**

  - 2019 മുതൽ മെസേജിംഗ് പ്ലാറ്റ്ഫോമിനെ നയിച്ചിരുന്ന Will Cathcart പകരക്കാരനായി ഷാ വാട്ട്സ്ആപ്പിന്റെ അടുത്ത തലവനാകുമെന്ന് മെറ്റ പ്രഖ്യാപിച്ചു.
  - CRED സ്ഥാപകനാണ് കുനാൽ ഷാ
  - മെറ്റ ക്രെഡിൽ 900 മില്യൺ ഡോളർ (ഏകദേശം 8,550 കോടി) നിക്ഷേപിക്കും
- 2026 ജൂണിൽ ഇന്ത്യ അണ്ടർ 18 വോളിബോൾ ടീമിന്റെ മുഖ്യ പരിശീലകനായി നിയമിതനായത്

  **ടോം ജോസഫ്**

  - ചൈനയിൽ നടക്കുന്ന ഏഷ്യൻ അണ്ടർ 18 ചാംപ്യൻഷിപ്പിലാണ് ടീം കളിക്കുന്നത്
- 2026 ജൂണിൽ കൊളംബിയയുടെ പ്രസിഡന്റായി തിരഞ്ഞെടുക്കപ്പെട്ടത്

  **Abelardo De La Espriella**
- ഇന്ത്യയുടെ സോളിസിറ്റർ ജനറൽ

  **തുഷാർ മേത്ത**

  - തുഷാർ മേത്തയുടെ കാലാവധി സർക്കാർ മൂന്ന് വർഷം കൂടി നീട്ടി.
  - 2018 ഒക്ടോബർ മുതൽ അദ്ദേഹം ഈ പദവി വഹിക്കുന്നു, നിരവധി സുപ്രധാന കേസുകളിൽ കേന്ദ്ര സർക്കാരിനെ പ്രതിനിധീകരിച്ചിട്ടുണ്ട്.
  - രാജ്യത്തെ രണ്ടാമത്തെ ഉയർന്ന നിയമ ഓഫീസറാണ് സോളിസിറ്റർ ജനറൽ ഓഫ് ഇന്ത്യ (SGI).
  - അറ്റോർണി ജനറലിന് കീഴിലുള്ള സ്ഥാനമാണിത്

## Kerala

- കേരളത്തിലെ തദ്ദേശീയ മേഖലയിലെ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനായി കുടുംബശ്രീ മിഷൻ ആവിഷ്കരിച്ച പ്രത്യേക പദ്ധതി

  **ട്രൈബ്രാൻഡ്**

  - ഇതിലൂടെ തദ്ദേശീയരായ സംരംഭകർക്ക് അവരുടെ ഉൽപന്നങ്ങൾ വിപണിയിലെത്തിക്കാനും വരുമാനം വർദ്ധിപ്പിക്കാനുമുള്ള വിപണന സഹായവും, നൂതന സാങ്കേതിക വിദ്യകളും ലഭ്യമാക്കുന്നു.
  - പാലക്കാട് ജില്ലയിലെ ആദിവാസി വനിതകൾ പ്രകൃതിദത്ത നിറങ്ങൾ ഉപയോഗിച്ച് തയ്യാറാക്കിയ വസ്ത്രങ്ങൾ ട്രൈബ്രാൻഡിലൂടെ ഓണത്തിന് വിപണിയിൽ എത്തും
- കടലുണ്ടി റെയിൽ ദുരന്തത്തിന് 25 വർഷം
  - കേരളം കണ്ട ഏറ്റവും വലിയ തീവണ്ടി അപകടത്തിൽ ഒന്നാണ് 2001 ജൂൺ 22-ാം തീയതി കോഴിക്കോട് കടലുണ്ടിയിലുണ്ടായത്

## National

- അടുത്തിടെ നടന്ന ബ്രിക്സ് നാഷണൽ സെക്യൂരിറ്റി അഡ്വൈസർ മീറ്റിംഗിന്റെ വേദിയായത്

  **ന്യൂഡൽഹി**

  - ദേശീയ സുരക്ഷാ ഉപദേഷ്ടാവ് - **അജിത് ഡോവൽ**

- ❖ പശ്ചിമേഷ്യയിലെ നിലവിലുള്ള സ്ഥിതിഗതികൾ ഇരുപക്ഷവും അവലോകനം ചെയ്തു. ബ്രിക്സ് പ്ലാറ്റ്ഫോമിന് കീഴിലുള്ള സഹകരണത്തെക്കുറിച്ചും ഇന്ത്യ - ഇറാൻ ഉഭയകക്ഷി ബന്ധത്തെക്കുറിച്ചും ചർച്ച ചെയ്തു.

◆ ഇന്ത്യയിലെ ആദ്യത്തെ കൊമേഷ്യൽ സ്കെയിൽ കോൾ ടു അമോണിയം നൈട്രേറ്റ് പദ്ധതി സ്ഥാപിതമാകുന്നത്

**ഒഡീഷ**

- ❖ പദ്ധതിയുടെ തറക്കല്ലിടൽ കർമ്മം പ്രധാനമന്ത്രി ഒഡീഷയിൽ നിർവഹിച്ചു

## Defence

◆ ഖാൻ ക്വസ്റ്റ് 2026 ന്റെ വേദി

**മംഗോളിയ**

- ❖ ഇന്ത്യയും അഭ്യാസത്തിൽ പങ്കെടുക്കും.

## Sports

◆ ഉത്തേജക മരുന്ന് പരിശോധനയ്ക്ക് വിസമ്മതിച്ചതിന് നാല് വർഷത്തെ വിലക്ക് ലഭിച്ച ചെക്ക് റിപ്പബ്ലിക്ക് ടെന്നീസ് താരം

**മാർക്കെറ്റ വോൻഡ്രൗസോവ**

- ❖ 2023 ലെ വിംബിൾഡൺ വനിതാ സിംഗിൾസ് ചാമ്പ്യനാണ് മാർക്കെറ്റ വോൻഡ്രൗസോവ.

◆ ഫിഫ ലോകകപ്പിൽ ഏറ്റവും കൂടുതൽ മത്സരങ്ങൾ കളിച്ച ഗോൾകീപ്പർ

**മാനുവൽ ന്യൂയർ**

- ❖ ഫ്രാൻസിന്റെ ഹ്യൂഗോ ലോറിസിനെ മറികടന്നു.
- ❖ 2026 ൽ ഐവറി കോസ്റ്റിനെതിരെ ജർമ്മനിക്കുവേണ്ടി കളത്തിലിറങ്ങിയപ്പോൾ മാനുവൽ ന്യൂയർ ഫിഫ ലോകകപ്പ് ചരിത്രത്തിൽ ഏറ്റവും കൂടുതൽ മത്സരങ്ങൾ കളിച്ച ഗോൾകീപ്പറായി.

◆ ഫിഫ പുരുഷ ലോകകപ്പിൽ 1000 മത്സരങ്ങൾ പൂർത്തിയായി.

- ❖ 2026 ലോകകപ്പിലെ ടുണീഷ്യ vs ജപ്പാൻ മത്സരത്തോടെയാണ് 1000 മത്സരങ്ങൾ പൂർത്തിയായത്.
- ❖ ആദ്യ ഫിഫ ലോകകപ്പ് മത്സരം 1930 ലാണ് നടന്നത്

◆ ഫിഫ പുരുഷ ലോകകപ്പിൽ ഏറ്റവും കൂടുതൽ ഗോളുകൾ നേടിയ താരം

**ലയണൽ മെസ്സി**

- ❖ ഓസ്ട്രിയയ്ക്കെതിരായ മത്സരത്തിൽ ഇരട്ട ഗോളുകൾ നേടിയതോടെയാണ് മെസ്സി ഈ റെക്കോർഡിനുടമയായത്
- ❖ ജർമ്മൻ ഇതിഹാസം മിറോസ്ലാവ് ക്ലോസുമായുള്ള സമനില മറികടന്നു.

## Demise

◆ 2026 ജൂണിൽ അന്തരിച്ച പ്രശസ്ത സാമ്പത്തിക വിദഗ്ദ്ധൻ

**അലൻ ഗ്രീൻസ്പാൻ**

- ❖ യു.എസ്. ഫെഡറൽ റിസർവ് മുൻ ചെയർമാനായിരുന്നു അദ്ദേഹം

## Today's MCQ

1. ഇന്ത്യൻ അത്‌ലറ്റിക്സ് അവാർഡ് 2026 ൽ 2025 ലെ മികച്ച പുരുഷ അത്‌ലറ്റായി തിരഞ്ഞെടുക്കപ്പെട്ടത്
   (a) കിഷോർ ജന (b) നീരജ് ചോപ്ര
   (c) നവദീപ് സിംഗ് (d) രമൺദീപ് സിംഗ്
2. അടുത്തിടെ മലയാള ചലച്ചിത്ര താരസംഘടനയായ 'അമ്മ'യിലെ പ്രസിഡന്റ് സ്ഥാനം രാജിവെച്ചത്
   (a) ലക്ഷ്മിപ്രിയ (b) ഹൻസിബ
   (c) ശ്വേത മേനോൻ (d) കുക്കു പരമേശ്വരൻ

**Ans : 1. (b), 2. (c)**

TALENT
PSC Academy
a Veranda Enterprise

# DAILY CURRENT AFFAIRS

## STUDY NOTES

JUNE
25



FOR MORE STUDY VIDEOS
/TalentAcademyOnline
SUBSCRIBE NOW

veranda.talentkerala.com
8590 57 5710
8590 57 5712

# DAILY CURRENT AFFAIRS
# STUDY NOTES 25 JUNE 2026

## Appointments

- കേരളത്തിന്റെ പുതിയ ചീഫ് സെക്രട്ടറിയായി നിയമിതനാകുന്നത്

  **ബിശ്വനാഥ് സിൻഹ** (കേരളത്തിന്റെ 51-ാമത് ചീഫ് സെക്രട്ടറി)

  - എ. ജയതിലക് ഈ മാസം 30 ന് വിരമിക്കും
  - ബീഹാർ സ്വദേശിയായ ഇദ്ദേഹം നിലവിൽ ആഭ്യന്തര വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയായി സേവനമനുഷ്ഠിച്ചു വരികയായിരിന്നു.

- 2026 ജൂണിൽ പ്രവർത്തനം ആരംഭിച്ച ഇന്ത്യയിലെ ആദ്യത്തെ സ്വകാര്യ സ്വർണ ഖനി

  **ജോന്നാഗിരി**

  - ആന്ധ്രാ പ്രദേശിലെ കുർണൂൽ ജില്ലയിലാണ് ഇത് സ്ഥിതി ചെയ്യുന്നത്
  - ജിയോമൈസൂർ സർവീസസ് പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനിയുടെ കീഴിലാണ് ഈ ഖനി പ്രവർത്തിക്കുന്നത്

- 2026 ജൂണിൽ രാജ്യസഭാ കാലാവധി പൂർത്തിയായതിനെ തുടർന്ന് രാജി വെച്ച കേന്ദ്ര സഹമന്ത്രി

  **ജോർജ് കുര്യൻ**

  - കേന്ദ്ര ന്യൂനപക്ഷ കാര്യം, മൽസ്യ ബന്ധനം, മൃഗ സംരക്ഷണം ക്ഷീരോത്പാദനം തുടങ്ങിയ വകുപ്പുകളുടെ സഹമന്ത്രി ആയിരുന്നു

- 2026 ജൂണിൽ രാജിവെച്ച ബ്രിട്ടീഷ് പ്രധാനമന്ത്രി

  **കെയർ സ്റ്റാമർ** (ലേബർ പാർട്ടി)

  - 2024 ജൂലൈ അഞ്ചിനാണ് ബ്രിട്ടന്റെ പ്രധാനമന്ത്രിയായി സ്റ്റാമർ തിരഞ്ഞെടുക്കപ്പെട്ടത്.
  - ഇന്ത്യൻ വംശജനായ ഋഷി സുനക്കിന്റെ പിൻഗാമിയായി 2024 ജൂലായിലാണ് കെയർ സ്റ്റാമർ അധികാരത്തിലെത്തിയത്

## Sports

- 6 ഫിഫ ലോകകപ്പിൽ ഗോളടിക്കുന്ന ആദ്യ താരം

  **ക്രിസ്റ്റ്യാനോ റൊണാൾഡോ**

  - ഉസ്ബെക്കിസ്താനെതിരെ നടന്ന മത്സരത്തിൽ ഗോൾ നേടിയതോടെയാണ് റെക്കോർഡ് നേട്ടം.
  - ഈ മത്സരത്തിലൂടെ ലോകകപ്പിൽ ഗോൾ നേടുന്ന ഏറ്റവും പ്രായം കൂടിയ രണ്ടാമത്തെ താരം എന്ന റെക്കോർഡും റൊണാൾഡോ സ്വന്തമാക്കി
  - 6 ലോകകപ്പിൽ നിന്നായി 10 ഗോളുകളാണ് റൊണാൾഡോ നേടിയിട്ടുള്ളത്.

- ലയണൽ മെസ്സിയുടെ ഏറ്റവും ഉയരമുള്ള പ്രതിമ അനാച്ഛാദനം ചെയ്തത്

  **അർജന്റീന**

  - അർജന്റീനയിലെ മാനുവൽ സാവിയോയിലെ നാഷണൽ റൂട്ട് 22 വിലാണ് പ്രതിമ നിലവിൽ വന്നത്
  - 26 മീറ്റർ ഉയരമാണ് ഈ പ്രതിമക്കുള്ളത്
  - ആൽഡോ ബെറോസിയ എന്ന ആർട്ടിസ്റ്റാണ് പ്രതിമ നിർമിച്ചത്.

- 2026 ജൂണിൽ വിസ്ഡൺ മാസികയുടെ കവർ പേജിൽ ഇടം പിടിച്ച ഇന്ത്യൻ ക്രിക്കറ്റർ

**വൈഭവ് സൂര്യവംശി**

  - THE BOY WHO BROKE CRICKET എന്ന വിശേഷണത്തോട് കൂടിയാണ് ചിത്രം പ്രസിദ്ധീകരിച്ചത്
  - ഇന്ത്യൻ ടീമിൽ ഇടം നേടിയ ഏറ്റവും പ്രായം കുറഞ്ഞ താരം, ഇന്ത്യൻ പ്രീമിയർ ലീഗിൽ കളിച്ച ഏറ്റവും പ്രായം കുറഞ്ഞ താരം, IPL സെഞ്ച്വറി നേടുന്ന ഏറ്റവും പ്രായം കുറഞ്ഞ താരം എന്ന റെക്കോർഡും വൈഭവിന്റെ പേരിലാണുള്ളത്.
  - 2026 IPL സീസണിൽ ഓറഞ്ച് ക്യാപ്, എമർജിങ് പ്ലയെർ, കൂടുതൽ സിക്സ് അവാർഡുകളും കരസ്ഥമാക്കിയിരുന്നു.

## International

- 2026 ജൂണിൽ പുറത്തിറങ്ങിയ സ്റ്റേറ്റ് ഓഫ് വേൾഡ് ഫിഷറീസ് ആൻഡ് അക്വാകൾചർ (SOFIA) റിപ്പോർട്ട് പ്രകാരം ജല ജീവികളുടെ ഉത്പാദനത്തിൽ ഇന്ത്യയുടെ സ്ഥാനം

**2**

  - ഒന്നാം സ്ഥാനം - **ചൈന**
  - റിപ്പോർട്ട് പ്രസിദ്ധീകരിക്കുന്നത് - ഫുഡ് ആൻഡ് അഗ്രികൾച്ചറൽ ഓർഗനൈസേഷൻ

## Demise

- 2026 ജൂണിൽ അന്തരിച്ച ക്യൂബയുടെ മുൻ വൈസ് പ്രസിഡന്റ്

**റാമിറോ വാൽഡസ് മെനെൻഡസ്**

  - ഫിഡൽ കാസ്ട്രോ, റൗൾ കാസ്ട്രോ തുടങ്ങിയ നേതാക്കളുടെ അനുയായി ആയിരുന്നു
  - ക്യൂബയുടെ ആഭ്യന്തര മന്ത്രി, ഉപപ്രധാനമന്ത്രി പദവികളും വഹിച്ചിട്ടുണ്ട്.

## Today's MCQ

1. 2026 ജൂണിൽ വാട്ട്സ്ആപ്പ് ഗ്ലോബൽ മേധാവിയായി നിയമിതനായത്

   (a) അഭിജിത് ബോസ് (b) കുനാൽ ഷാ

   (c) അരവിന്ദ് കൃഷ്ണ (d) നീൽ മോഹൻ

2. 2026 ജൂണിൽ ഇന്ത്യ അണ്ടർ 18 വോളിബോൾ ടീമിന്റെ മുഖ്യ പരിശീലകനായി നിയമിതനായത്

   (a) ശുഭം സഗ്വാൾ (b) അഭിമന്യൂ സിംഗ്

   (c) ടോം ജോസഫ് (d) അമൃത് പാൽ സിംഗ്

**Ans : 1. (b), 2. (c)**

TALENT
PSC Academy
a Veranda Enterprise

# DAILY CURRENT AFFAIRS

## STUDY NOTES

JUNE
26



FOR MORE STUDY VIDEOS
/TalentAcademyOnline
SUBSCRIBE NOW

veranda.talentkerala.com
8590 57 5710
8590 57 5712

# DAILY CURRENT AFFAIRS STUDY NOTES 26 JUNE 2026

## Appointment

- 2026-ൽ ഉറുഗ്വേയിലെ പുതിയ ഇന്ത്യൻ അംബാസിഡറായി നിയമിതനായ മലയാളി

**ബിനോയ് ജോർജ്**

## Award

- ഭൗതികശാസ്ത്രത്തിനുള്ള വുൾഫ് പ്രൈസ് നേടുന്ന ആദ്യ ഇന്ത്യക്കാരൻ എന്ന ചരിത്രനേട്ടം സ്വന്തമാക്കിയത്

**പ്രൊഫ. ജൈനേന്ദ്ര കെ. ജെയിൻ**

## Kerala

- വിഴിഞ്ഞം തുറമുഖത്തെത്തിയ കപ്പലുകളുടെ എണ്ണം 1000 ആയി
  - എം.എസ്.സി ലൂസിയാന വിഴിഞ്ഞത്തെത്തിയതോടെയാണ് ഈ നേട്ടത്തിലെത്തിയത്
  - വിഴിഞ്ഞത്തെത്തിയ 500-മത് കപ്പൽ - **എം.എസ്.സി വെറോന**
  - വിഴിഞ്ഞത്തെത്തിയ ആദ്യ കപ്പൽ - **ഷെൻഹുവ 15**
  - വിഴിഞ്ഞത്തെത്തിയ ആദ്യ കണ്ടെയ്നർ ഷിപ്പ് - **സാൻ ഫെർണാണ്ടോ**
  - വിഴിഞ്ഞം തുറമുഖത്തിന്റെ മാനേജിങ് ഡയറക്ടർ - **ജെറോമിക് ജോർജ്**

## National

- ഇന്ത്യൻ പൗരന്മാർക്ക് നൽകുന്ന പാസ്പോർട്ട് പൗരത്വം തെളിയിക്കാനുള്ള രേഖയല്ല, യാത്രാരേഖ മാത്രമെന്ന് അടുത്തിടെ പ്രസ്താവന നടത്തിയത്

**വിദേശകാര്യ മന്ത്രാലയം**

  - പാസ്പോർട്ട് സേവാ ദിനമായ ജൂൺ 24 നായിരുന്നു വിദേശകാര്യമന്ത്രാലയം ഇതുമായി ബന്ധപ്പെട്ട് വ്യക്തത വരുത്തിയത്.
  - 1967ലെ പാസ്പോർട്ട് നിയമം പ്രാബല്യത്തിൽ വന്നതിന്റെ സ്മരണയ്ക്കായാണ് ജൂൺ 24 പാസ്പോർട്ട് സേവാ ദിവസ് ആയി ആചരിച്ചു വരുന്നത്

- ഹൈദരാബാദിലെ ബാപ്പു ഘട്ടിനടുത്തുള്ള ഗാന്ധി സരോവർ പദ്ധതിക്ക് പ്രതിരോധ മന്ത്രാലയം പ്രവർത്തന അനുമതി നൽകി
  - ഹൈദരാബാദിലെ ബാപ്പുഘട്ടിൽ മൂസി നദിയുടെ പുനരുജ്ജീവനത്തിന്റെ ഭാഗമായി തെലങ്കാന സർക്കാർ നടപ്പിലാക്കുന്ന വലിയ സാംസ്കാരിക - പരിസ്ഥിതി പദ്ധതിയാണ് ഗാന്ധി സരോവർ പദ്ധതി
  - മഹാത്മാഗാന്ധിയുടെ ചിതാഭസ്മം ഒഴുക്കിയ ബാപ്പുഘട്ടിനെ ആഗോള നിലവാരത്തിലുള്ള സാംസ്കാരിക, ആത്മീയ, വിനോദസഞ്ചാര കേന്ദ്രമാക്കി മാറ്റുക എന്നതും പദ്ധതിയുടെ ഭാഗമാണ്

## International

- 2026 ജൂണിൽ ഇരട്ട ഭൂകമ്പം ഉണ്ടായ രാജ്യം

**വെനസ്വേല**

  - 7.1, 7.5 തീവ്രത രേഖപ്പെടുത്തിയ രണ്ട് ഭൂകമ്പങ്ങളാണ് ഉണ്ടായത്
  - ഭൂകമ്പത്തെ തുടർന്ന് അടിയന്തരാവസ്ഥ പ്രഖ്യാപിച്ചു

## Space

- അടുത്തിടെ ബൾജ് എന്നറിയപ്പെടുന്ന ക്ഷീരപഥത്തിന്റെ ഹൃദയഭാഗം പകർത്തിയ ദൂരദർശിനി

**യൂക്ലിഡ്**

  - യൂറോപ്യൻ ബഹിരാകാശ ഏജൻസിയുടെ (ഇ.എസ്.എ.) ദൂരദർശിനിയാണിത്
  - മനുഷ്യരാശി ഇതുവരെ കണ്ടതിൽവെച്ച് ഗാലക്സിയുടെ ഏറ്റവും വിശദവും വിപുലവുമായ നക്ഷത്രസാന്ദ്ര മേഖലയാണ് പകർത്തിയത്
  - ഗാലക്സിയുടെ ഘടന. നക്ഷത്രങ്ങളുടെ രൂപവത്കരണം. പുതിയ ഗ്രഹങ്ങളുടെ കണ്ടെത്തൽ എന്നിവ സംബന്ധിച്ച പഠനങ്ങൾക്ക് ചിത്രം വഴിത്തിരിവാകും.
  - പ്രപഞ്ചത്തിലെ അദൃശ്യദ്രവ്യമായ ഡാർക്ക് മാറ്ററിന്റെയും ഡാർക്ക് എനർജിയുടെയും സ്വഭാവം മനസ്സിലാക്കാനുള്ള യൂക്ലിഡ് ദൗത്യം 2023 ജൂലൈയിലാണ് വിക്ഷേപിച്ചത്

## Sports

- അന്താരാഷ്ട്ര ടെസ്റ്റ് ക്രിക്കറ്റിൽ 14000 റൺസ് മറികടന്ന രണ്ടാമത്തെ താരം

**ജോ റൂട്ട്** (ഇംഗ്ലണ്ട്)

  - ആദ്യം ഈ നേട്ടം സ്വന്തമാക്കിയത് - **സച്ചിൻ ടെണ്ടുൽക്കർ**

## Demise

- 2026 ജൂണിൽ അന്തരിച്ച ബെൽജിയൻ ഭൗതിക ശാസ്ത്രജ്ഞൻ

**Francois Englert**

  - 2013 ഭൗതീക ശാസ്ത്ര നോബൽ ലഭിച്ചു.

- അടുത്തിടെ ഇസ്രായേൽ ആക്രമണത്തിൽ കൊല്ലപ്പെട്ട ലെബനീസ് പരിസ്ഥിതി പ്രവർത്തക

**Mona Khalil**

  - കടലാമ സംരക്ഷണത്തിന് നേതൃത്വം നൽകിയ വ്യക്തി കൂടിയാണ് ഇവർ

## Today's MCQ

1. കേരളത്തിന്റെ പുതിയ ചീഫ് സെക്രട്ടറിയായി നിയമിതനാകുന്നത്

   (a) ബിശ്വനാഥ് സിൻഹ (b) രാജു നാരായണ സ്വാമി

   (c) ടിങ്കു ബിസ്വ്യാൾ (d) സഞ്ജീവ് കൗശിക്

2. 2026 ജൂണിൽ പ്രവർത്തനം ആരംഭിച്ച ഇന്ത്യയിലെ ആദ്യത്തെ സ്വകാര്യ സ്വർണ ഖനി

   (a) അഡോണി (b) ജോന്നാഗിരി

   (c) മന്ത്രാലയ (d) അലൂർ


**Ans : 1. (a), 2. (b)**

TALENT
PSC Academy
a Veranda Enterprise

# DAILY CURRENT AFFAIRS

## STUDY NOTES

JUNE
27




FOR MORE STUDY VIDEOS
/TalentAcademyOnline
SUBSCRIBE NOW

veranda.talentkerala.com
8590 57 5710
8590 57 5712

# DAILY CURRENT AFFAIRS STUDY NOTES 27 JUNE 2026

## Book and Author

- The Second Orbit എന്ന ബുക്ക് എഴുതിയത്

  **ശുഭാൻഷു ശുക്ല**

  - ശുഭാൻഷു ശുക്ലയുടെ ആദ്യ ഓർമ്മക്കുറിപ്പാണിത്
  - 2025 ജൂണിൽ ആക്സിയം മിഷൻ 4 ന്റെ ഭാഗമായി അന്താരാഷ്ട്ര ബഹിരാകാശ നിലയത്തിലേക്കുള്ള അദ്ദേഹത്തിന്റെ ബഹിരാകാശ യാത്രയുടെ ഒന്നാം വാർഷികത്തോടനുബന്ധിച്ചായിരുന്നു ബുക്കിന്റെ പ്രകാശനം.
- ഇറ്റാലിയൻ പ്രധാനമന്ത്രി ജോർജിയ മെലോനിയുടെ പുതിയ പുസ്തകം

  **Giorgia's Vision**

  - ജോർജിയ മെലോനിയും പത്രപ്രവർത്തകൻ അലസ്സാൻഡ്രോ സല്ലസ്റ്റിയും തമ്മിലുള്ള തുറന്ന അഭിമുഖമാണ് പുസ്തകത്തിന്റെ ഉള്ളടക്കം.
  - 2023 - ലെ തന്റെ ഇന്ത്യാ സന്ദർശനത്തിലെ ഒരു കഥ ഈ പുസ്തകത്തിൽ പങ്കുവെച്ചു.
  - 2023 - ൽ മെലോനി രണ്ടുതവണ ഇന്ത്യ സന്ദർശിച്ചു, ആദ്യം മാർച്ചിൽ നടന്ന 'റൈസിന ഡയലോഗിന്റെ' എട്ടാം പതിപ്പിനും പിന്നീട് സെപ്റ്റംബറിൽ നടന്ന G20 ഉച്ചകോടിക്കും.
  - ഇറ്റലിയുടെ ആദ്യ വനിതാ പ്രധാനമന്ത്രിയാണ് ജോർജിയ മെലോനി

## Appointment

- 2026 ജൂണിൽ ഇന്റലിജൻസ് ബ്യൂറോ മേധാവിയായി നിയമിതനായത്

  **മഹേഷ് ദീക്ഷിത്**

  - 2022 മുതൽ ഈ സ്ഥാനം വഹിച്ചിരുന്ന തപൻ കുമാർ ദേകയുടെ പിൻഗാമിയായി അദ്ദേഹം സ്ഥാനമേറ്റു.
- ഗാസയിൽ തുടരുന്ന വംശഹത്യയുടെ ഭാഗമായി ഇസ്രയേൽ പലസ്തീൻ കുട്ടികളെ ലക്ഷ്യമിടുന്നെന്ന് റിപ്പോർട്ട് നൽകിയ ഐക്യരാഷ്ട്രസഭയുടെ അന്വേഷണക്കമ്മീഷന്റെ അധ്യക്ഷൻ

  **ശ്രീനിവാസൻ മുരളീധർ**

  - ഇസ്രയേൽ സുരക്ഷാസേനകൾ പലസ്തീൻ കുട്ടികളെ മനഃപൂർവം കൊലപ്പെടുത്തുകയും ആക്രമിക്കുകയും ചെയ്തതിന് തെളിവുകൾ ലഭിച്ചതായി യു.എന്നിന്റെ സ്വതന്ത്ര അന്താരാഷ്ട്ര കമ്മിഷൻ സമർപ്പിച്ച റിപ്പോർട്ടിൽ പറയുന്നു.
  - ഗാസയിലെ വംശഹത്യയുടെ 'പ്രധാന ഘടക'മെന്നാണ് കുട്ടികൾക്കുനേരേയുള്ള ഇസ്രയേൽ ആക്രമണങ്ങളെ വിശേഷിപ്പിക്കുന്നത്.

## Kerala

- മലയാള തനതു നാടകവേദിയുടെയും കവിതയിലെ ചൊൽക്കാഴ്ചയുടെയും അമരക്കാരനായ കാവാലം നാരായണപ്പണിക്കർ വിടപറഞ്ഞിട്ട് 2026 - ൽ ഒരു പതിറ്റാണ്ട് പൂർത്തിയാകുന്നു
  - ജനനം - **1928 ഏപ്രിൽ 28** (ആലപ്പുഴ ജില്ലയിലെ കാവാലം ഗ്രാമം)
  - അന്തരിച്ചത് - **2016 ജൂൺ 26**
  - പ്രധാന രചനകൾ - **അവനവൻ കടമ്പ, ദൈവത്താർ, ഒറ്റയാൻ, സാക്ഷി, കരിംകുട്ടി, നാടകചക്രം**
  - പ്രധാന പുരസ്കാരങ്ങൾ - **പത്മഭൂഷൺ (2007), സംഗീത നാടക അക്കാദമി ഫെലോഷിപ്പ് (2002), സംഗീത നാടക അക്കാദമി അവാർഡ് (1983), വള്ളത്തോൾ അവാർഡ് (2009), കേരള സാഹിത്യ അക്കാദമി അവാർഡ് (നാടകം - നാടകചക്രം) (1975), കേരള സംഗീത നാടക അക്കാദമി ഫെലോഷിപ്പ് (2000)**

## National

- ഡീസലിൽ ഐസോബ്യൂട്ടനോൾ ചേർക്കുന്ന ബയോഡീസൽ അവതരിപ്പിക്കാൻ കേന്ദ്ര സർക്കാർ പദ്ധതികൾ ആവിഷ്കരിക്കുന്നു.
    - ഇരുപത് ശതമാനം എഥനോൾ ചേർന്ന പെട്രോൾ രാജ്യവ്യാപകമായി ലഭ്യമാക്കിയതിനു പിന്നാലെയാണിത്
    - രാജ്യത്തെ വാണിജ്യ വാഹന വ്യവസായത്തിൽ വലിയമാറ്റം കൊണ്ടുവരും
    - പദ്ധതി നടപ്പാക്കുന്നതിനു മുന്നോടിയായി ടാറ്റാ മോട്ടോഴ്സ് രണ്ടുശതമാനം ഐസോബ്യൂട്ടനോൾ ചേർന്ന ഡീസൽ ഉപയോഗിച്ചുള്ള വാഹനത്തിന്റെ പരീക്ഷണ ഓട്ടം തുടങ്ങാനിരിക്കുകയാണ്

## International

- G7 ഉച്ചകോടിയിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി പങ്കെടുത്തു.
    - തുടർച്ചയായ എട്ടാം തവണയാണ് ഇന്ത്യക്ക് ലോകത്തെ ഏഴ് പ്രധാന വികസിതരാഷ്ട്രങ്ങളുടെ കൂട്ടായ്മയായ G7 ഉച്ചകോടിയിലേക്ക് ക്ഷണം കിട്ടുന്നത്
    - യു.എസ്., ബ്രിട്ടൻ, കാനഡ, ഫ്രാൻസ്, ജർമനി, ഇറ്റലി, ജപ്പാൻ എന്നിവയാണ് G7 ലെ അംഗ രാജ്യങ്ങൾ.
    - 2026 G7 ഉച്ചകോടി വേദി - **ഫ്രാൻസ്**
    - 2027 - **യു.എസ്.എ.**
- ഓർഗനൈസേഷൻ ഓഫ് അമേരിക്കൻ സ്റ്റേറ്റ്സിന്റെ 56-ാമത് ജനറൽ അസംബ്ലിക്ക് വേദിയായത്

  **പനാമ**
    - ജനറൽ അസംബ്ലിയിൽ ഇന്ത്യ പങ്കെടുത്തു.

## Defence

- നേത്ര എയർബോൺ ഏർലി വാണിംഗ് ആൻഡ് കൺട്രോൾ സംവിധാനത്തിന് അന്തിമ പ്രവർത്തന അനുമതി ലഭിച്ചു.
    - 2019 - ലെ ബാലകോട്ട് ആക്രമണങ്ങളിലും കഴിഞ്ഞ വർഷം ഓപ്പറേഷൻ സിന്ദൂറിലും ഇന്ത്യൻ വ്യോമസേനയുടെ ശക്തിയിൽ നിർണായക പങ്ക് വഹിച്ച തദ്ദേശീയ എയർബോൺ ഏർലി വാണിംഗ് ആൻഡ് കൺട്രോൾ സംവിധാനമാണ് നേത്ര.
    - ബംഗളൂരു ആസ്ഥാനമായുള്ള സെന്റർ ഫോർ എയർബോൺ സിസ്റ്റംസാണ് തദ്ദേശീയമായി ഈ സംവിധാനം വികസിപ്പിച്ചെടുത്തത്

## Sports

- ഫിഫ നിയമങ്ങൾ ലംഘിച്ചതിന് ഓൾ നേപ്പാൾ ഫുട്ബോൾ അസോസിയേഷനെ (ANFA) ഫിഫ അനിശ്ചിതക്കാലത്തേക്ക് സസ്പെൻഡ് ചെയ്തു.
    - ഭരണത്തിൽ മൂന്നാം കക്ഷി ഇടപെടൽ ഉൾപ്പെടുന്ന ഫിഫ നിയമങ്ങൾ ലംഘിച്ചതിനാണ് സസ്പെൻഡ് ചെയ്തത്.
    - ഇനിയൊരു അറിയിപ്പ് ഉണ്ടാകുന്നതുവരെ നേപ്പാളിലെ ദേശീയ ടീമുകളെയും ക്ലബ്ബുകളെയും എല്ലാ ഫിഫ, എ.എഫ്.സി. മത്സരങ്ങളിൽ നിന്നും വിലക്കിയിരിക്കുന്നു.

## Demise

- 2026 ജൂണിൽ അന്തരിച്ച ന്യൂസിലൻഡ് ക്രിക്കറ്റ് താരം

  **ബോബ് ബ്ലെയർ**

## Today’s MCQ

1. 2026-ൽ ഉറുഗ്വേയിലെ പുതിയ ഇന്ത്യൻ അംബാസിഡറായി നിയമിതനായ മലയാളി ആരാണ്?

    a) ജെറോമിക് ജോർജ്  b) ബിനോയ് ജോർജ്

    c) തോമസ് ജോർജ്  d) വിനയ് ജോർജ്

2. വിഴിഞ്ഞം തുറമുഖത്തെത്തിയ 1000-ാമത്തെ കപ്പൽ ഏതാണ്?

    a) എം.എസ്.സി വെറോന  b) ഷെൻഹുവ 15

    c) സാൻ ഫെർണാണ്ടോ  d) എം.എസ്.സി ലൂസിയാന

**Ans : 1. (b), 2. (d)**

TALENT
PSC Academy
a Veranda Enterprise

# DAILY CURRENT AFFAIRS

## STUDY NOTES

JUNE
28



FOR MORE STUDY VIDEOS
/TalentAcademyOnline
SUBSCRIBE NOW

veranda.talentkerala.com

8590 57 5710
8590 57 5712

# DAILY CURRENT AFFAIRS STUDY NOTES 28 JUNE 2026

## Appoinment

- 2026-ൽ വി.എസ്.എസ്.സി ഡയറക്ടറായി നിയമിതനായത്

  **ഡോ. യു.പി. രാജീവ്**

  - വലിയമല ലിക്വിഡ് പ്രൊപ്പൽഷൻ സിസ്റ്റം സെന്ററിൽ എൻ.ജയനാണ് ഡയറക്ടർ

## Kerala

- കേരളത്തിലെ പോലീസ് സ്റ്റേഷനുകളിലെത്തുന്ന സ്ത്രീകൾക്കും കുട്ടികൾക്കും മാനസിക പിന്തുണയും കൗൺസിലിംഗും ഉറപ്പാക്കുന്നതിനായി കുടുംബശ്രീ മിഷന്റെ നേതൃത്വത്തിൽ ആരംഭിച്ച പദ്ധതി

  **സ്നേഹിത പോലീസ് എക്സ്റ്റെൻഷൻ സെന്റർ**

  - പദ്ധതി ഒരു വർഷം പൂർത്തിയാകുന്നു
  - വിവിധ കേസുകളിൽപ്പെട്ട് പോലീസ് സ്റ്റേഷനുകളിലും ഡിവൈ.എസ്.പി/എസ്.പി ഓഫീസുകളിലും എത്തുന്ന വനിതകളുടെയും കുട്ടികളുടെയും പ്രശ്നങ്ങൾ കേട്ട് അവർക്ക് മാനസിക പിന്തുണയും ആവശ്യമായ സഹായവും നൽകുക.
  - ഏറ്റവും കൂടുതൽ കേസുകൾ റിപ്പോർട്ട് ചെയ്ത ജില്ല - **തൃശൂർ**

## Award

- 2026 - ൽ സ്പോർട്സ് ജേണലിസ്റ്റ് ഫെഡറേഷൻ ഓഫ് ഇന്ത്യയുടെ (എസ്.ജെ.എഫ്.ഐ) സ്വർണ്ണ മെഡൽ ലഭിച്ച വ്യക്തി

  **വിശ്വനാഥൻ ആനന്ദ്** ($6^{th}$)

  - കായികരംഗത്തെ സമഗ്ര സംഭാവനകൾ മുൻ നിർത്തിയാണ് പുരസ്കാരം
  - ഇന്ത്യയിലെ ആദ്യത്തെ ചെസ്സ് ഗ്രാൻഡ്മാസ്റ്ററും അഞ്ച് തവണ ലോക ചാമ്പ്യനുമായ വ്യക്തിയാണ് വിശ്വനാഥൻ ആനന്ദ്
  - പ്രഥമ ഖേൽരത്ന പുരസ്കാരം ഇദ്ദേഹത്തിന് ലഭിച്ചു
  - ഇന്റർനാഷണൽ ചെസ് ഫെഡറേഷന്റെ ഡെപ്യൂട്ടി പ്രസിഡന്റ് കൂടിയാണ് ഇദ്ദേഹം
  - 2019 ൽ നൽകി തുടങ്ങിയ പുരസ്കാരമാണിത്

## National

- ലോഹഗഡ് കോട്ട സ്ഥിതി ചെയ്യുന്ന സംസ്ഥാനം

  **മഹാരാഷ്ട്ര**

  - ശത്രുക്കളെ ദൂരെനിന്നുതന്നെ നിരീക്ഷിക്കാനും പ്രതിരോധിക്കാനും വേണ്ടി നിർമ്മിച്ച 'വിഞ്ചു കാട്ട' എന്ന നീളമേറിയ ഭാഗം ഈ കോട്ടയുടെ സവിശേഷതയാണ്.
  - 'തേളിന്റെ വാല്' എന്നാണ് ഇതിന്റെ അർത്ഥം
  - അടുത്തിടെ ഒരു കൊലപാതക കേസുമായി ബന്ധപ്പെട്ട് നിരവധി വാർത്തകളിൽ ഈ കോട്ടയുടെ പേര് വന്നിരുന്നു

- വിദേശത്ത് ലൈസൻസ് ലഭിക്കുന്ന ആദ്യത്തെ ഇന്ത്യൻ ക്രോസ്ബോർഡർ പേയ്മെന്റ് പ്ലാറ്റ്ഫോം

  **Skydo**

  - സ്കൈഡോ അടുത്തിടെ കാനഡയിൽ ഒരു അന്താരാഷ്ട്ര പേയ്മെന്റ് ലൈസൻസ് നേടി

- ഇന്ത്യ തദ്ദേശീയമായി വികസിപ്പിച്ച ആദ്യത്തെ ഹൈഡ്രജൻ ട്രെയിൻ

  **നമോ ഗ്രീൻ റെയിൽ**

  - 2026 ജൂണിൽ ഹരിയാനയിലെ ജിന്ദ് - സോനിപത് റൂട്ടിൽ പരീക്ഷണ ഓട്ടം നടന്നു
  - കൈവരിച്ച വേഗത - **120 km/h**
  - ഒറ്റ ചാർജിൽ 1000 കിലോമീറ്റർ വരെ സഞ്ചരിക്കാൻ കഴിയും
  - ലോകത്താദ്യമായി ഹൈഡ്രജൻ ട്രെയിൻ സർവീസ് ആരംഭിച്ച രാജ്യം - **ജർമ്മനി**

- 2029 ഓടെ ഇന്ത്യയിലെ ലഹരി ഭീഷണിയെ പൂർണ്ണമായും പിടിച്ചുകെട്ടുക (ലഹരി മുക്തമാക്കുക) എന്ന ലക്ഷ്യത്തോടെയുള്ള വിഷൻ ഡോക്യുമെന്റ് കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ അവതരിപ്പിച്ചു
  - അന്താരാഷ്ട്ര ലഹരി വിരുദ്ധ ദിനത്തോട് (ജൂൺ 26) അനുബന്ധിച്ചാണ് അവതരിപ്പിച്ചത്
  - മയക്കുമരുന്ന് കടത്ത് കണ്ടെത്തുക, നിയന്ത്രിക്കുക, നശിപ്പിക്കുക എന്നിവയാണ് ഇതിനായുള്ള പ്രധാന ലക്ഷ്യങ്ങൾ

- 2026 ജൂണിൽ ഇന്ത്യാ ഗവൺമെന്റിന്റെ നവരത്ന പദവി ലഭിച്ച പൊതുമേഖലാ സ്ഥാപനം

  **ചെന്നൈ പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡ് (CPCL)**

  - ഈ പദവി ലഭിക്കുന്ന 28-ാമത് പൊതുമേഖലാ സ്ഥാപനം

- എബോള വൈറസ് പടരുന്ന സാഹചര്യത്തിൽ ഇന്ത്യയിലെത്തുന്ന അന്താരാഷ്ട്ര യാത്രക്കാരെ നിരീക്ഷിക്കുന്നതിനായി കേന്ദ്ര സർക്കാർ ആരംഭിച്ച ഓൺലൈൻ പോർട്ടൽ

  **AIR SUVIDHA 2.0**

## International

- സീഷെൽസിന്റെ ഗോൾഡൻ ജൂബിലി ആഘോഷങ്ങളിൽ മുഖ്യാതിഥിയായി പങ്കെടുക്കുന്നത്

  **നരേന്ദ്രമോദി**

  - 1976 ലാണ് സീഷെൽസ് സ്വതന്ത്ര രാജ്യമായി മാറിയത്

- IBCA യിൽ അംഗമായ 27-ാമത് രാജ്യം

  **ബംഗ്ലാദേശ്**

  - 26-ാമത് അംഗം - **സൗദി അറേബ്യ**
  - IBCA ആസ്ഥാനം - **ന്യൂഡൽഹി**
  - 2023-ൽ പ്രഖ്യാപിക്കപ്പെട്ട സംഘടനയാണിത്
  - ഔദ്യോഗികമായി നിലവിൽ വന്നത് - **2025**

- 2026 ജൂണിലെ ‘TOP500’ റാങ്കിംഗ് പ്രകാരം, ലോകത്തിലെ ഏറ്റവും വേഗതയേറിയ സൂപ്പർ കമ്പ്യൂട്ടർ

  **ലൈൻഷൈൻ** (LineShine)

  - ചൈനീസ് സൂപ്പർകമ്പ്യൂട്ടറാണിത്
  - അമേരിക്കയുടെ **‘എൽ ക്യാപ്പിറ്റൻ’** (El Capitan) രണ്ടാമത്
  - മൂന്നാമത് - **ഫ്രോണ്ടിയർ** (അമേരിക്ക)
  - ലിസ്റ്റിൽ ഉള്ളതിൽ കൂടുതൽ സൂപ്പർ കമ്പ്യൂട്ടറുകളും **അമേരിക്ക**യിൽ നിന്നുള്ളതാണ്
  - രണ്ടാമത് - **ജപ്പാൻ**
  - മൂന്നാമത് - **ജർമ്മനി**
  - ഇന്ത്യ **16-ാം** സ്ഥാനത്താണ്

TALENT PSC Academy a Veranda Enterprise

- ഇരട്ട ഭൂകമ്പത്തിൽ കനത്ത നാശനഷ്ടം നേരിട്ട വെനസ്വേലയ്ക്ക് സഹായം എത്തിക്കാൻ ഇന്ത്യൻ സർക്കാർ ആരംഭിച്ച ദുരന്തനിവാരണ ദൗത്യം

**ഓപ്പറേഷൻ അമിസ്റ്റാഡ്**

  - സ്പാനിഷ് ഭാഷയിൽ **'സൗഹൃദം'** എന്നാണ് അമിസ്റ്റാഡ് എന്ന വാക്കിന്റെ അർത്ഥം
  - 2025 - ൽ മ്യാൻമറിൽ ഉണ്ടായ ശക്തമായ ഭൂകമ്പത്തിന് പിന്നാലെ ഇന്ത്യ **ഓപ്പറേഷൻ ബ്രഹ്മ** ആരംഭിച്ചു.
  - ഇറാൻ - ഇസ്രായേൽ സംഘർഷത്തെ തുടർന്ന് ഇറാനിൽ കുടുങ്ങിയ ഇന്ത്യൻ പൗരന്മാരെ സുരക്ഷിതമായി നാട്ടിലെത്തിക്കാൻ **ഓപ്പറേഷൻ സിന്ധു** ആരംഭിച്ചു
  - ദിത്വ ചുഴലിക്കാറ്റ് നാശം വിതച്ച ശ്രീലങ്കയിൽ **ഓപ്പറേഷൻ സാഗർ ബന്ധു** നടപ്പിലാക്കി

- 2026 ലെ NATO ഉച്ചക്കോടിക്ക് ആതിഥേയത്വം വഹിക്കുന്ന നഗരം

**അങ്കാറ** (തുർക്കി)

  - 2025 ഉച്ചകോടി - **ഹേഗ്** ( നെതർലാൻഡ് )
  - NATO - **North Atlantic Treaty Organization**
  - സ്ഥാപിതമായ വർഷം - **1949**
  - ആസ്ഥാനം - **ബ്രസ്സൽസ്, ബെൽജിയം**
  - അംഗരാജ്യങ്ങൾ - **32**

**Demise**

- 2026 ജൂണിൽ അന്തരിച്ച തമിഴ് ചലച്ചിത്ര നടൻ, സംവിധായകൻ

**കെ. ഭാഗ്യരാജ്**

  - കൃഷ്ണസ്വാമി ഭാഗ്യരാജ് എന്നാണ് മുഴുവൻ പേര്

## Today's MCQ

1. The Second Orbit എന്ന ബുക്ക് എഴുതിയത്

   (a) സിരിഷ ബണ്ഡ്ല (b) ശുഭാൻഷു ശുക്ല

   (c) ഗോപിചന്ദ് തോട്ടകുര (d) ആദിത്യ പാണ്ഡ്യ

2. ഓർഗനൈസേഷൻ ഓഫ് അമേരിക്കൻ സ്റ്റേറ്റ്സിന്റെ 56-ാമത് ജനറൽ അസംബ്ലിക്ക് വേദിയായത്

   (a) പനാമ (b) ബാർബഡോസ്

   (c) കാനഡ (d) ഡൊമനിക്ക

**Ans : 1. (b), 2. (a)**

TALENT PSC Academy
a Veranda Enterprise

# DAILY CURRENT AFFAIRS

## STUDY NOTES

JUNE 2K26
29-30




FOR MORE STUDY VIDEOS
/TalentAcademyOnline
SUBSCRIBE NOW

veranda.talentkerala.com
8590 57 5710
8590 57 5712

# DAILY CURRENT AFFAIRS STUDY NOTES 29, 30 JUNE 2026

## Appoinment

- 2026 ജൂണിൽ ഐ.എസ്.ആർ.ഒ ഇനേർഷ്യൽ സിസ്റ്റംസ് യൂണിറ്റ് (ഐ.ഐ.എസ്.യു) ഡയറക്റ്ററായി നിയമിതനായത്

**ജോജി. ജെ. ചാമൻ**

  - നിലവിൽ ഐ.ഐ.എ.എസ്.യു ഡെപ്യൂട്ടി ഡയറക്റ്ററായി സേവനമനുഷ്ഠിച്ചു വരികയായിരുന്നു.
  - വിക്രം സാരാഭായ് മെറിറ്റ് അവാർഡ്, ടൈം എക്സലന്റ് അവാർഡ് എന്നിവ നേടിയിട്ടുണ്ട്

## Book & Author

- മൂന്ന് നോവെല്ലകളുടെ സമാഹാരമായ 'സുഖം' എന്ന പുസ്തകത്തിന്റെ രചയിതാവ്

**പി. വി. ഷാജികുമാർ**

  - ചായ, സുഖം, ഹൊപുൻ എന്നീ നോവെല്ലകളാണ് പുസ്തകത്തിലുള്ളത്.
  - മരണവംശം, ജാനകി ഉണ്ടാക്കിയ കഥകൾ എന്നിവ പി. വി. ഷാജികുമാറിന്റെ ശ്രദ്ധേയമായ രചനകളാണ്

## Kerala

- രാജ്യത്തു ആദ്യമായി അപൂർവ രോഗങ്ങളുടെ രജിസ്റ്റർ തയാറാക്കുന്ന സംസ്ഥാനം

**കേരളം**

  - ജൂലൈ 1 ന് നിലവിൽ വരുന്ന കെയർ (കേരളം എഗൈൻസ്റ്റ് റെയർ ഡിസീസ്) എന്ന പോർട്ടലിൽ രോഗികളുടെ വിവരങ്ങൾ രജിസ്റ്റർ ചെയ്യുന്നതോടെ രാജ്യത്ത് ആദ്യമായി ഇത്തരത്തിലൊരു സംവിധാനം നിലവിൽ വരുന്ന ആദ്യ സംസ്ഥാനമായി കേരളം മാറും.

## International

- അടുത്തിടെ മായൻ നാഗരികതയിൽ പെടുന്ന നഗരം കണ്ടെത്തിയത്

**കലക്മൂൽ ബയോസ്ഫിയർ റിസർവ്** (മെക്സിക്കോ)

  - 'മിനാൻബെ' എന്നാണ് നഗരത്തിനു നൽകിയിരിക്കുന്ന പേര്.
  - 'റോഡ് ഇല്ല' എന്നാണ് ഈ പേരിന്റെ അർഥം
  - മെക്സിക്കൻ സ്ലോവേനിയൻ സംയുകത ഗവേഷക സംഘമാണ് ഈ നഗരം കണ്ടെത്തിയത്

## Science & Technology

- 2026 ജൂണിൽ ഐ.എസ്.ആർ.ഒ.യുടെ തദ്ദേശ നിർമിത സെമി ക്രയോജനിക് എൻജിന്റെ പരീക്ഷണം നടന്നത്

**മഹേന്ദ്രഗിരി**

  - മഹേന്ദ്രഗിരിയിലുള്ള പ്രൊപ്പൽഷൻ കോംപ്ലക്സിൽ നടത്തിയ പരീക്ഷണത്തിൽ എൻജിൻ നിർദിഷ്ട തള്ളൽ ബലത്തിന്റെ 88 ശതമാനം കൈവരിച്ചതായി ഐ.എസ്.ആർ.ഒ അറിയിച്ചു.
  - ഐ.എസ്.ആർ.ഒ. ചെയർമാൻ - **ഡോ. വി. നാരായണൻ**

## Sports

- ഫുട്ബാൾ ലോകകപ്പിലെ വേഗതയേറിയ രണ്ടാമത്തെ ഹാട്രിക് നേടിയത്

  **ഉസ്മാൻ ഡെംബലെ**

  - നോർവേക്കെതിരെ നടന്ന മത്സരത്തിൽ കളി തുടങ്ങി 32 മിനിറ്റിനുള്ളിൽ ഹാട്രിക്ക് നേടിയാണ് റെക്കോഡ് സ്വന്തമാക്കിയത്
  - 1954 ൽ ചെക്കോസ്ലോവാക്യക്കെതിരെ 24 മിനിറ്റിനുള്ളിൽ ഹാട്രിക് നേടിയ ഓസ്ട്രിയൻ താരം എറിച് പ്രോബ്സ്റ്റിന്റെ പേരിലാണ് വേഗമേറിയ ഹാട്രിക്കിനുള്ള റെക്കോർഡ്
  - 2025 ബാലൻ ഡി ഓർ ജേതാവ് - **ഉസ്മാൻ ഡെംബലെ**

- 2026 ഫിഡെ അണ്ടർ 12 ഗേൾസ് വേൾഡ് കപ്പിൽ കിരീടം നേടിയത്

  **ദിവി ബിജേഷ്**

  - വിജയത്തോടെ നവംബറിൽ നടക്കുന്ന 8 പേർ മത്സരിക്കുന്ന ഫിഡെ കേഡറ്റ് ചാമ്പ്യൻഷിപ്പിന് യോഗ്യത നേടുന്ന ആദ്യ ഇന്ത്യകാരിയായുമായി
  - വേദി - **ബാതുമി** (ജോർജിയ)
  - ദിവി ബിജേഷിന്റെ മൂന്നാം ലോക കിരീടമാണിത്

- 22 വർഷം പഴക്കമുള്ള വനിതാ ലോങ്ങ് ജമ്പ് ദേശീയ റെക്കോർഡ് തകർത്ത മലയാളി അത്‌ലറ്റ്

  **ആൻസി സോജൻ**

  - 2004 ഏതൻസ് ഒളിംപിക്സിൽ അഞ്ചു ബോബി ജോർജ് കുറിച്ച 6.83 മീറ്റർ ദൂരമാണ് 6.88 മീറ്റർ ചാടി ആൻസി സോജൻ തിരുത്തിയത്
  - ഒഡീഷയിൽ നടക്കുന്ന ദേശിയ ഇന്റർ സ്റ്റേറ്റ് അത്‌ലറ്റിക്സ് മീറ്റിൽ ആയിരിന്നു റെക്കോർഡ് നേട്ടം

- 2026 ജൂണിൽ അന്താരാഷ്ട്ര ക്രിക്കറ്റിൽ നിന്ന് വിരമിച്ച ക്രിക്കറ്റ് താരം

  **ബെൻ സ്റ്റോക്സ്**

  - ഇംഗ്ലണ്ടിനായി 122 ടെസ്റ്റുകൾ , 114 ഏകദിനങ്ങൾ , 43 T20 മത്സരങ്ങൾ കളിച്ചിട്ടുണ്ട്.

- അന്താരാഷ്ട്ര വനിതാ ക്രിക്കറ്റിൽ ഏറ്റവും കൂടുതൽ വിക്കറ്റ് നേടുന്ന താരമായി മാറിയത്

  **ദീപ്തി ശർമ്മ**

  - 356 വിക്കറ്റുകൾ നേടിയാണ് റെക്കോർഡ് സ്വന്തമാക്കിയത്
  - ജുലൻ ഗോസാമിയുടെ പേരിലുള്ള റെക്കോർഡാണ് തിരുത്തപ്പെട്ടത്

- ഫിഫ ലോകകപ്പിൽ തുടർച്ചയായ 7 മത്സരങ്ങളിൽ ഗോൾ നേടുന്ന ആദ്യ താരം

  **ലയണൽ മെസ്സി**

- ലോകകപ്പ് നോക്കൗട്ടിൽ പ്രവേശിക്കുന്ന ഏറ്റവും ജനസംഖ്യ കുറഞ്ഞ രാജ്യം

  **കേപ് വെർദെ**

  - ആഫ്രിക്കൻ ഭൂഖണ്ഡത്തിന്റെ പടിഞ്ഞാറൻ തീരത്തു സ്ഥിതി ചെയ്യുന്ന ദ്വീപാണ് കേപ് വെർദെ

## Today's MCQ

1. 2026 - ൽ വി.എസ്.എസ്.സി (VSSC) ഡയറക്ടറായി നിയമിതനായത് ആര്?

   a) എൻ. ജയൻ  b) ഡോ. യു.പി. രാജീവ്

   c) എസ്. ഉണ്ണികൃഷ്ണൻ  d) വി. നാരായണൻ

2. കേരളത്തിലെ പോലീസ് സ്റ്റേഷനുകളിലെത്തുന്ന സ്ത്രീകൾക്കും കുട്ടികൾക്കും മാനസിക പിന്തുണ നൽകുന്നതിനായി ആരംഭിച്ച പദ്ധതി ഏത്?

   a) തണൽ പോലീസ് എക്സ്റ്റെൻഷൻ സെന്റർ

   b) സ്നേഹിത പോലീസ് എക്സ്റ്റെൻഷൻ സെന്റർ

   c) സഹയാത്രി പോലീസ് എക്സ്റ്റെൻഷൻ സെന്റർ

   d) വനിതാമിത്രം പോലീസ് എക്സ്റ്റെൻഷൻ സെന്റർ

   **Ans : 1. (b), 2. (b)**